# കാർമ്മൽ

പ്രിൽ 1957

ത്രൈമാസികം

കേരളത്തിലെ

കർമ്മലീത്താമിഷ്യന്റെ

നാം ശതാബ്ദ

ബിലി

657-1957



# കാർമൽ

വർഷം 10 പു. 10 | ഏപ്രിൽ 1957 | ലക്കം 2

# പ. പിതാവിൻെറ ലേഖനം

## കേരളത്തിലെ കർമ്മലീത്താമിഷ്യൻെറ മൂന്നാംശതാബ്ദജൂബിലി പ്രമാണിച്ച് കർമ്മലീത്താ നിഷ്പാദുക ഒന്നാം സഭക്കാരുടെ ജനറൽ വാത്സല്യപുത്രൻ പ. ജപമാലയുടെ അനസ്താസിയൂസിനു് പന്ത്രണ്ടാം പീയൂസ് പാപ്പാ സ്വസ്തിയും ശ്ലൈഹികാശിർവാദവും

വത്സലമകനെ,

നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ അലക്സാണ്ഡർ സപ്തമൻെറ ശ്ലൈഹികലേഖനം (Cfr Bullarium Carmelitanum vol iii, pp 575-578) മൂലം, നിങ്ങളുടെ സഭാംഗങ്ങളെ മലബാറിലേക്ക്, അവിശ്വാസികളെ സുവിശേഷം അറിയിച്ച് ജ്ഞാനസ്നാനപ്പെടുത്തുന്നതിനും, തിരുസ്സഭയിൽനിന്ന നിർഭാഗ്യകരമായ വിധത്തിൽ ഭിന്നിച്ചുപോയവരെ ദൈവകൃപയാൽ തിരിച്ചുകൊണ്ടുവരുന്നതിനും ആയി നിയോഗിച്ചയച്ചതിൻെറ മൂന്നാം ശതാബ്ദജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, ദൈവമഹത്വത്തിനും കത്തോലിക്കാസഭയുടെ വളർച്ചക്കും ഉപകരിക്കുന്ന, അവരുടെ പ്രശസ്തനേട്ടങ്ങളെ പുരസ്ക്കരിച്ച് നിങ്ങളെ അഭിനന്ദിക്കുന്നതിൽ നമുക്ക് അതീവസന്തോഷമുണ്ടു്.

ആദ്യം മലബാറിലേക്കയക്കപ്പെട്ട കർമ്മലീത്താ മിഷണറിമാരുടെ പ്രവൎത്തനങ്ങൾ എത്രമാത്രം ഫലസമ്പുഷ്ടമായിരുന്നെന്ന് അനുസ്മരിക്കുന്നതു് നമുക്ക് അത്യന്തം ഹൃദയാനന്ദകരമാണ്. എന്തെന്നാൽ അവർ സുവിശേഷം പ്രചരിപ്പിക്കുന്നതിലും ക്രിസ്തീയ സംസ്ക്കാരം അഭിവൃദ്ധിപ്പെടുത്തുന്നതിലും ദത്തശ്രദ്ധരായിരുന്നതിനിടയിൽ ജനതാമദ്ധ്യത്തിൽ സമാധാനവും യോജിപ്പും വളൎത്തുന്നതിനും രാജ്യസ്നേഹവും ക്രമപാലനവും പുലൎത്തുന്നതിനും, ദരിദ്രരേയും അനാഥരേയും ആശ്വസിപ്പിക്കുന്നതിനും, രോഗികളെ ശുശ്രൂഷിക്കുന്നതിനും, അവൎക്ക് ഐഹികവും പാരത്രികവുമായ സുഖം പ്രദാനം ചെയ്യുന്നതിനും അത്യന്തം ഉത്സുകരായിരുന്നു. അതുപോലെതന്നെ അവർ, ആളും അൎത്ഥവും ചെലവുചെയ്തു വിദ്യാലയങ്ങളും കാലാനുസൃതമായ മററു പ്രസ്ഥാനങ്ങളും ഏർപ്പെടുത്തി കേരളത്തിലെ ക്രിസ്തീയ സമൂഹങ്ങൾക്കു വികാസനവും യഥാൎത്ഥ ചൈതന്യവും കൈവരുത്തുകയും ചെയ്തിട്ടുണ്ടു്. അക്കൂട്ടത്തിൽ, ഏതദ്ദേശീയ വൈദികർക്കായി

---

**കവർ ചിത്രം**

മോൺ. ജോസഫ് സെബസ്ത്യാനി ഒ.സി.ഡി.
കേരള കർമ്മലീത്താ മിഷ്യൻെറ സ്ഥാപകൻ

---

പലസ്ഥലങ്ങളിലും സെമ്മിനാരികൾ തുറക്കുന്ന കാര്യത്തിൽ ആരംഭംമുതൽക്കേ കർമ്മെലിത്താ മിഷ്യനറിമാർ ശ്രദ്ധിച്ചിരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്; ഇന്നത്തെ ആലുവാ സെമ്മിനാരി ആ പ്രവർത്തനങ്ങളുടെ എല്ലാം ഏകീകരണമാണ്.

നിങ്ങൾ തുടങ്ങിയിരിക്കുന്ന വിശുദ്ധമായ ഈ ജോലി സന്തോഷപൂർവ്വം തുടരുക. നിങ്ങളുടെ പിതാക്കന്മാരുടെ മാതൃക ആ ജനങ്ങളുടെ ഇടയിൽ ക്രിസ്തീയ വിശ്വാസം പരത്തുന്നതിനുള്ള നിങ്ങളുടെ പ്രവൎത്തനങ്ങളിൽ നിങ്ങൾക്കു് മാൎഗ്ഗദർശകമായിരിക്കട്ടെ. എന്നാൽ "നല്ലതും പൂർണ്ണവുമായ ഏതു ദാനവും മുകളിൽനിന്നു് പ്രകാശങ്ങളുടെ പിതാവിൻ നിന്നു്—ഇറങ്ങി വരുന്നു" (Jac. 1, 17) തുകൊണ്ടു് നിങ്ങൾ സ്വന്തം നാട്ടിൽ താമസിക്കുന്നവരാണെങ്കിലും അന്യദേശത്തു മിഷ്യൻ പ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണെങ്കിലും നിങ്ങളുടെ സഭയുടെ നിയമങ്ങൾ അനുശാസിക്കുന്നപ്രകാരം പ്രാൎത്ഥനയിലും ദൈവീകകാര്യങ്ങളുടെ ധ്യാനത്തിലും വ്യാപൃതരായി ജീവിക്കുന്നതിനു് അത്യധികമായി പരിശ്രമിക്കുവിൻ. നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പത്താം പീയൂസ് നിങ്ങളെ ഉപദേശിച്ചുകൊണ്ടു് അരുളിച്ചെയ്ത വചനങ്ങൾ പ്രത്യേകമായവിധം അനുസ്മരിക്കുവിൻ! "Ex quo nostrae" എന്ന തിരുവെഴുത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:—"വാത്സല്യമക്കളെ, നിങ്ങളുടെ പിതാക്കന്മാരിൽനിന്നു് നിങ്ങൾ സ്വീകരിച്ചിട്ടുള്ള പ്രാർത്ഥനയും, പ്രവൎത്തനവും എന്നു രണ്ടു കാര്യങ്ങൾ പരിരക്ഷിക്കുക മാത്രമല്ല, അവ വളർന്നു ഫലപ്രദമാകത്തക്കവിധത്തിൽ പ്രാവൎത്തികമാക്കുന്നതിനും പരിശ്രമിക്കുക. അമ്മ ത്രേസ്യാ പുണ്യവതി പ്രതീക്ഷിച്ച വിധത്തിൽ ദൈവഐക്യവും പരസ്നേഹപ്രവൎത്തനങ്ങളും സ്വജീവിതത്തിൽ പ്രശസ്തമായ വിധത്തിൽ ഒന്നിപ്പിച്ചിട്ടുള്ള ദൈവശുശ്രൂഷികളെ മുൻകാലങ്ങളെ അപേക്ഷിച്ചു് ഇന്നു കൂടുതൽ തിരുസഭക്കു് ആവശ്യമുണ്ടു്." (Epist, 'Ex quo nostrae', A. A. S. Vol, VI, a. 1914, p. 142). അതിനാൽ പ്രേഷിതജോലിക്കായി അന്യദേശങ്ങളിലേക്കു യാത്ര ചെയ്യുന്നതിനു സാധിക്കാത്തവർ അവരുടെ കഴിവുപോലെ ദൈവത്തിങ്കൽ പ്രാൎത്ഥനകൾ അർപ്പിച്ചുകൊണ്ടും ജീവിതക്ലേശങ്ങൾ നന്മനസ്സോടെ സ്വീകരിച്ചു് സമർപ്പിച്ചുകൊണ്ടും പ്രേഷിത ജോലിയിൽ അത്യധികമായ ഉൽസാഹം പ്രകടിപ്പിക്കുവിൻ.

പ്രിയമകനെ, ഈ കാര്യം നിങ്ങളെ വീണ്ടും വീണ്ടും ഉത്ബോധിപ്പിച്ചുകൊണ്ടു് താങ്കൾക്കും താങ്കളുടെ സംരക്ഷണത്തിനേൽപ്പിക്കപ്പെട്ടിരിക്കുന്ന സഭാംഗങ്ങൾക്കും വിശിഷ്യാ, മലബാർ ദേശത്തു് കത്തോലിക്കാവിശ്വാസപ്രചാരണാർത്ഥം പ്രവൎത്തിക്കുന്നവക്കും നമ്മുടെ പൈതൃകസ്നേഹത്തിൻെറ അടയാളമായിട്ടും സ്വർഗ്ഗീയ ദാനങ്ങളുടെ അച്ചാരമായിട്ടും നമ്മുടെ ശ്ലൈഹികമായ ആശീർവാദം സ്നേഹപൂർവം നാം നൽകുന്നു.

റോമ്മായിൽ വി. പത്രോസിൻെറ ദൈവാലയത്തിൽനിന്നും 1956 ഒക്ടോബർ 3-ാംതീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനം നമ്മുടെ ശ്രേഷ്ഠാചാര്യത്വത്തിൻെറ 18-ാംവർഷം നൽകപ്പെട്ടതു്.

പന്ത്രണ്ടാംപീയൂസു് പാപ്പാ

—

## കർമ്മെലീത്താ നിഷ്പാദുക ഒന്നാം സഭയുടെ സ്ഥിതിവിവരപ്പട്ടിക

(31-12-1955)

| | | | |
|---|---|---|---|
| പൂർണ്ണപ്രവിശ്യകൾ | 24 | സന്യാസികൾ | 3501 |
| അർദ്ധപ്രവിശ്യകൾ | 4 | നവസന്യാസികൾ | 263 |
| ആശ്രമങ്ങൾ | 331 | യോഗാൎത്ഥികൾ | 1808 |
| ഇടവകപ്പള്ളികൾ | | | 94 |


S. PIO XII

# കർമ്മെലീത്താ സഭക്കാർ കത്തോലിക്കാ കേരളത്തിൻെറ ജീവനാഡി

(ഫാദർ ലേത്തുസ് സി. ഡി.)

ഈ ശീർഷകം ചിലരെ നെററി ചുളിപ്പിച്ചേക്കാം. മററു ചിലർക്കിതതിശയോക്തിയായി തോന്നിയേക്കാം. എന്നാൽ നിഷ്പക്ഷബുദ്ധികളായ ചരിത്രപഠിതാക്കൾ നിശിരകമ്പം സമ്മതിക്കുതന്നെ ചെയ്യുന്ന ഒരു ചരിത്രസത്യമാണ്, കത്തോലിക്കാകേരളത്തിൻെറ തലതൊട്ടപ്പന്മാരും രക്ഷാകർത്താക്കന്മാരുമാണു കർമ്മെലീത്തർ എന്നതു്. മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ കേരളീയപിതാക്കന്മാർ കെട്ടിഞാന്നു; അവരുടെ വിശ്വാസജീവൻെറ നാഡിയിടിപ്പ് ഏതാണ്ടു നിലച്ചുപോമെന്നു മട്ടിലായി. മെനേസീസും പറങ്കി ജസ്യൂത്തരും കൂടി പങ്കുപറ്റാത്ത നസ്രാണികളുടെ വിശ്വാസത്തങ്കത്തിനു ലത്തീൻപൊന്നു പൂശുവാൻ ചെയ്ത ദാരുണശ്രമം കൂനൻകുരിശുസത്യത്തിനു വഴിതുറന്നു. ബാബേൽ പാത്രിയർക്കീസിനെ ശപിക്കുവാനും കൽദായമെത്രാന്മാരെ വേരോടെ പിഴുതുമാററി കേരളത്തിൽ പറങ്കിമെത്രാന്മാരെ നട്ടുനനക്കാനും ജസ്യൂത്തു് ഭഗീരഥന്മാർ ഉററുശ്രമിച്ചു. ഈ ദുസ്സന്ധിയിൽ, അങ്കമാലി അതിരൂപത നിത്തലാക്കിയ പറങ്കിമർദ്ദനത്തിൻെറ ദുർഘടഘട്ടത്തിൽ, ലത്തീൻ റീത്തിൽനിന്നു വ്യത്യസ്തമായതെല്ലാം അകത്തോലിക്കമാണെന്നു പ്രതാപശാലികളായ പറങ്കികൾ ശഠിച്ച ഇരുൾനിറഞ്ഞ ആ പൂർവ്വ നൂററാണ്ടിൽ, കേരളത്തെ—മർത്തോമ്മാ ക്രിസ്ത്യാനികളെ—രക്ഷിച്ചതു് കർമ്മശൂരന്മാരും ദൈവഭക്തരും ആയ ഇററാലിയൻ കർമ്മെലീത്തരായിരുന്നു എന്ന യാഥാർത്ഥ്യത്തെ ആർക്കു മറയ്ക്കുവാൻ സാധിക്കും? ആ ചരിത്രസത്യത്തെ എങ്ങിനെ മറക്കുവാൻ കഴിയും? 1657 ഫെബ്രുവരി 22-ാംനു- കേരളസഭാചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു മഹാമഹമാണു്. അന്നാണു് പ്രസ്തുത കർമ്മെലീത്തർ ഒന്നാമതു് ഭാർഗ്ഗവക്ഷേത്രത്തിൽ കാലുകുത്തിയതു്. അന്നു മുതൽ 1957 ഫെബ്രുവരി 22 വരെയുള്ള നീണ്ട മുന്നൂറുസംവൽസരത്തെ കേരളസഭാചരിത്രം അവധാനപൂർവ്വം പഠിക്കുക. അപ്പോൾ കാണാം കർമ്മെലിത്താസഭക്കാർ കത്തോലിക്കാകേരളത്തിൻെറ ജീവനാഡി ആയിവർത്തിച്ചിട്ടുണ്ടോ എന്നു് ഇന്നും, വർത്തിച്ചുവരുന്നുണ്ടോ എന്നു്.

ഏഴാം അലക്സാണ്ടർ മാർപ്പാപ്പായുടെ നിർദ്ദേശാനുസരണം 1657-ൽ നമ്മുടെ കൊച്ചീ തുറമുഖത്തു അഞ്ചുപേരടങ്ങിയ ഒരു ചെറുസംഘം കർമ്മെലീത്തർ വന്നിറങ്ങി. കേരളസഭാചരിത്രം വിളിച്ചറിയിക്കുന്നു അതു് അതിപ്രധാനമായ ഒരു സംഭവമായിരുന്നു എന്നു്; കാരണം ഈ പഞ്ചകർമ്മെലീത്തരുടെ, വിശിഷ്യ അവരുടെ നേതാവായ മറിയത്തിൻെറ യൌസേപ്പ് എന്ന യതീശൻെറ (മോൺ ജോസഫ് സെബസ്ത്യാനി) പരിശ്രമഫലമല്ലായിരുന്നെങ്കിൽ കേരളനസ്രാണികൾ (മർത്തോമ്മാക്രിസ്ത്യാനികൾ) ഒന്നടങ്കം "ശീശ്മ"ച്ചുഴിയിൽത്താണുനശിച്ചുപോയേനെ. ചരിത്രം സാക്ഷിനിൽക്കുന്നു അന്നു ശീശ്മയാൽ അധഃപ്പതിച്ചുപോയ 116 കേരളീയ ദേവാലയങ്ങളിൽ 84 ഇടവകക്കാരെയും വീണ്ടെടുത്തതു് ജോസഫ് സെബസ്ത്യാനി ആയിരുന്നെന്നു. അതേ, 1653 ജനുവരി 3-ാംനു- ഉച്ചകഴിഞ്ഞു മൂന്നുമണിക്കു മട്ടാഞ്ചേരിയിൽ നടന്ന ഭീകരസംഭവത്തിൻെറ ദുരന്തഫലങ്ങൾ കേരളസഭയെഗ്രസിച്ചുകളയാതെ കാത്തുരക്ഷിച്ചതു ഈ കർമ്മലീത്തരായിരുന്നു. വെറും ആറുസംവൽസരക്കാലം മാത്രമാണു സെബസ്ത്യാനിയും കൂട്ടരും കേരളത്തിൽ പ്രവർത്തനം അനുഷ്ഠിച്ചതു്. 1663-ൽ ഡച്ചുകാർ ഇററാല്യൻ കർമ്മെലീത്തരെ കേരളത്തിൽനിന്നു ബഹിഷ്ക്കരിച്ചു. കർമ്മെലീത്തർക്കു അന്നും സാധിച്ചില്ല പമ്പാനദിക്കു തെക്കുവശത്തേക്കു കടക്കുവാൻ. സെബസ്ത്യാനിയും കൂട്ടരും വേലചെയ്ത പമ്പാനദിക്കു വടക്കുള്ള ക്രൈസ്തവസഭയേയും അവർക്കു പ്രവേശനം സിദ്ധിക്കാഞ്ഞ പമ്പക്കു തെക്കുള്ള ക്രൈസ്തവസഭയേയും സൂ

വഞ്ചന എന്ന തത്വവും കർമ്മലീത്തരുടെ നേരെ ചില കേന്ദ്രങ്ങളിൽ അല്പസ്വല്പം അതൃപ്തി ജനിപ്പിക്കുന്നതിനിടയായിട്ടുണ്ടു്" എന്നു്. അൽപ്പസ്വല്പമായ അതൃപ്തിക്കു വിധേയമാകാത്ത ഒരു സന്യാസസഭ പരാജയത്തിൻെറ വേദിയിലേ നിലകൊള്ളുകയുള്ളു എന്ന പരമാർത്ഥം നാം വിസ്മരിക്കരുതു്. "ഈ കർമ്മലീത്തർ കേരളത്തിൽ എന്താണു ചെയ്യുന്നതു്" എന്നു ചന്ദ്രഹാസമിളക്കുന്ന ചിലരെ ഈ ലേഖകനും പരിചയമുണ്ടു്. അവരോടു നിഷ്പക്ഷബുദ്ധികൾക്കു നിസങ്കോചം ചോദിക്കുവാൻ സാധിക്കുന്നതു് 'ഈ കർമ്മലീത്തർ കേരളത്തിനു എന്തു തന്നെ ചെയ്തിട്ടില്ല' എന്നല്ലയോ? കേരളത്തിലെ ഹൈന്ദവജനനേതാക്കന്മാർക്കും പണ്ഡിതന്മാർക്കും അണിരത്നമായി പരിലസിക്കുന്ന ജസ്റ്റിസ് എം. എസ്സ്. മേനോൻ കർമ്മലീത്തരുടെ സേവനത്തെ പ്രകീർത്തിക്കുന്നതു കേട്ടാലും: 'കർമ്മലീത്താ മിഷ്യനറിമാർ കേരളത്തിൽ വന്നകാലത്തു് ഇവിടത്തെ ക്രൈസ്തവസമുദായത്തിൻെറ സ്ഥിതി ഗൗരവാവഹമായ ഒരു ഘട്ടത്തിൽ എത്തിയിരുന്നു. മെനേസീസിൻെറ ബലിഷ്ഠകരം അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു. ഉദയംപേരൂർ സൂനഹദോസു് അതിശീഘ്രം വിസ്മൃതിയിൽ മറയുകയായിരുന്നു. കൂനൻകുരിശു സത്യംമൂലമുളവായ പിളർപ്പ് ദിനംപ്രതി വർദ്ധമാനമായിരുന്നു. ഈ സാഹചര്യങ്ങളിലാണു് സമാധാനവും ക്രമീകരണവും പുനഃസ്ഥാപിക്കുന്നതിനായി കർമ്മലീത്താ മിഷ്യനറിമാരെ ജോസഫ് ഓഫ് സെൻറ്മേരി എന്ന ആളിൻെറ നേതൃത്വത്തിൽ മാർപാപ്പാ മലയാളത്തേക്കയച്ചതു്. ഈ രാജ്യത്തെ കർമ്മലീത്തരുടെ അനന്തരചരിത്രം യഥാർത്ഥത്തിൽ കേരളീയ കത്തോലിക്കാസഭയുടെ പുനരുത്ഥാനത്തിൻേറയും, പുനരുജ്ജ്വലനത്തിൻേറയും ചരിത്രംതന്നെ. അവരുടെ വിജയത്തിൻെറ അടയാളമായി ഏതെങ്കിലും ഒരു സംഗതി ചൂണ്ടിക്കാണിക്കാൻ എന്നോടാവശ്യപ്പെട്ടാൽ, തെക്കൻകർണ്ണാടകം, ബ്രി. മലബാർ, തിരു—കൊച്ചി എന്നീ സംസ്ഥാനങ്ങളിൽ അവരുടെ പ്രവർത്തനങ്ങൾ വർദ്ധമാനമായിരിക്കുന്നെന്നോ അവർക്കു് ഇത്ര ആശ്രമങ്ങളുണ്ടെന്നോ, ഇത്ര കലാലയങ്ങൾ ഉണ്ടെന്നോ, ഇത്ര പത്രമാസികകൾ നടത്തുന്നുവെന്നോ ഉള്ള അവരുടെ പ്രവർത്തനരംഗങ്ങളെ ഞാൻ തിരഞ്ഞെടുക്കുകയില്ല. മലയാളത്തിലെ റോസുകളുടെയും വയലറ്റുകളുടെയും വർണ്ണവിധാനത്തിൽ തെളിഞ്ഞുകാണുന്ന തവിട്ടു വർണ്ണത്തിലുള്ള അങ്കികൾ അണിഞ്ഞവരും പരോപകാരികളും പൗരാഗമനോന്മുഖരും ആയ ഈ അതുല്യസമൂഹത്തിൽ എത്ര ശതം വൈദികരും ഭ്രാതാക്കളും ഉണ്ടെന്നുള്ള വസ്തുതയും ഞാൻ ഊന്നിപ്പറയുകയില്ല. ഈവിധ സംഗതികളെ ഞാൻ തിരഞ്ഞെടുക്കാത്തതു് അവ അപ്രധാനങ്ങളായിട്ടല്ല; പ്രത്യുത ജീവിതത്തിൻെറ ചില പ്രാധാന്യമേറിയ വശങ്ങളിലുള്ള വിജയം വളരെ വിരളമായി മാത്രമേ സംഖ്യകളാൽ പ്രകാശിതമാകുന്നുള്ളു എന്നതിലാണു്. പരേതനായ മൊൺസിഞ്ഞോർ സലേസ്കി കഴിഞ്ഞ ശതാബ്ദത്തിൻെറ അന്ത്യദശാബ്ദത്തിൽ മലയാളം സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ ഗാഢാകർഷിച്ച ഒരു വസ്തുതയാണു് ഞാൻ എടുത്തുപറയുന്നതു്. 'കത്തോലിക്കരെ തിരിച്ചറിയുവാനുള്ള അടയാളമായി കരുതപ്പെടത്തക്ക പ്രാധാന്യത്തോടുകൂടി കർമ്മലോത്തരീയം എല്ലാ കത്തോലിക്കരും ധരിച്ചിരിക്കുന്നതായി ഞാൻ കണ്ടു?' എന്നദ്ദേഹം എഴുതിയിരിക്കുന്നു. ഈ അടയാളത്തിൽ കർമ്മലീത്താസഭ വിജയം കൈവരിച്ചിരിക്കുന്നു. ഈ വിജയത്തിൻെറ സാർവത്രികതത്തിലത്രേ നിങ്ങളുടെ (കർമ്മലീത്തരുടെ) വിജയവും ഏററം വലിയ പ്രതിഫലവും അടങ്ങിയിരിക്കുന്നതു്."

ഇനി, കേരളത്തിലെ വിദ്യാഭ്യാസരംഗത്തേക്കു ഒന്നു കണ്ണുതിരിക്കുക. കേരളത്തിൻെറ വടക്കേ അററം മുതൽ തെക്കേഅററംവരെ കർമ്മലീത്തരുടെ വക നിരവധി വിദ്യാലയങ്ങളും, കോഴിക്കോട്ടും എറണാകുളത്തും ഈരണ്ടു്, തൃശൂർ, ഇരിഞ്ഞാലക്കുട, തേവര, കോട്ടയം, മാന്നാനം എന്നീ സ്ഥലങ്ങളിൽ ഓരോന്നു്, ഇങ്ങനെ ഒൻപതു കാളേജുകൾതന്നെയും തലയുയർത്തി നിൽക്കുന്നതു നമുക്കു കാണാമല്ലോ. നാനാജാതിമതസ്ഥരായ ലക്ഷോപലക്ഷം കേരളീയ യുവതീയുവാക്കന്മാർക്കും ബാലികാബാലന്മാർക്കും അവർ അനുസ്യൂതം വിജ്ഞാനം വിളമ്പിക്കൊടുത്തുകൊണ്ടിരിക്കുന്നു. കർമ്മലീത്തരുടെ വിദ്യാസേവനം ഗവർമ്മെൻറുകളുടെതന്നെ മുക്തകണ്ഠമായ പ്രശംസക്കു പാത്രഭവിച്ചിട്ടുള്ളതത്രെ. തിരു—കൊച്ചിയിലെ രാജപ്രമുഖനായിരുന്ന ശ്രീ ചിത്തിരതിരുനാൾ രാമവർമ്മതന്നെ കർമ്മലീത്തരുടെ വിദ്യാഭ്യാസപ്രവർത്തനത്തെ പ്രകീർത്തിച്ചിരിക്കുന്നതു ഇത്തരു

ണത്തിൽ സ്മരണയിലെത്തുന്നു. 'കർമ്മലീത്താ സന്യാസസഭ ഇന്ത്യയിലെ മററു മിഷ്യനറി സമൂഹങ്ങളോടൊപ്പം ദക്ഷിണേന്ത്യയിൽ ഉന്നത വിദ്യാഭ്യാസ പ്രചരണത്തിന് മഹത്തായ ഒരു സംഭാവന ചെയ്തിട്ടുണ്ട്. ചിരകാലമായി സാക്ഷരതത്തിൽ ഇന്ത്യയിൽ ഏററവും ഉച്ചകോടിയിൽ സ്ഥിതിചെയ്യുന്ന കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ കർമ്മലീത്തരുടെതുപോലുള്ള മിഷ്യൻ സമൂഹങ്ങൾ പണ്ടേമുതല്ക്കേ ചെയ്തിട്ടുള്ള സേവനങ്ങൾ വളരെ ഫലപ്രദമായിട്ടുണ്ട്."

വൈദികവിദ്യാഭ്യാസരംഗങ്ങളിൽ നിന്നുകൊണ്ടു കർമ്മലീത്തർ കേരളീയ സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾക്ക് ആചന്ദ്രതാരം കേരളസഭ കർമ്മലസഭയുടെ നേർക്ക് കൃതജ്ഞതാനിർഭരമായ കൂപ്പുകൈകളുയർത്തേണ്ടതുണ്ട്. കർമ്മലീത്തർ കേരളത്തിൽ കാൽകുത്തിയ നാൾമുതൽക്ക് അവരുടെ സന്തത ശ്രദ്ധ വൈദികവിദ്യാഭ്യാസവിഷയത്തിൽ പതിഞ്ഞിരുന്നു എന്നതിന് 1682-ൽ അവരാരംഭിച്ച വരാപ്പുഴ സെമിനാരിതന്നെ മൂർദ്ധാഭിഷിക്തദൃഷ്ടാന്തമാണ്. അഖിലലോകവ്യാപകമായ കർമ്മലീത്തസഭയുടെ (ഒ. സി. ഡി ) ഏററം വലിയ വിദ്യാഭ്യാസപ്രവർത്തന കേന്ദ്രമാണ് മലയാളരാജ്യത്തിനു മംഗല്യമായി അവർ ചാർത്തിയിരിക്കുന്ന സുന്ദരമായ മംഗലപ്പുഴ സെമിനാരികൾ. അനേകശതം വൈദികവിദ്യാർത്ഥികൾക്ക് പരിശീലനമരുളിക്കൊണ്ട് കേരളത്തിൽ വിജ്ഞാനംവിതറി വിലസുകയാണു ആ മഹാസൗധം. വരാപ്പുഴ, പുത്തൻപള്ളി, വാഴക്കുളം, മാന്നാനം തുടങ്ങി കേരളത്തിൻെറ പല ഭാഗങ്ങളിലും സെമിനാരികൾ നടത്തി കേരളത്തിനു വൈദികരെ പ്രദാനംചെയ്തിരുന്ന സ്തുത്യർഹമായ ഒരു പാരമ്പര്യം കർമ്മലീത്തക്കുണ്ടായിരുന്നതായി കാണാം, ചരിത്രത്തിലേക്കു എത്തിനോക്കിയാൽ. കേരളീയ വൈദികരിൽ നൂറിനു തൊണ്ണൂറും കർമ്മലീത്തരുടെ ശിഷ്യഗണത്തിൽപ്പെടുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടാകുമോ? നൂററാണ്ടുകളായി കേരളത്തിൻെറ വിശ്വാസത്തെ അചഞ്ചലം സംരക്ഷിച്ചതും, കേരളീയ രൂപതകളെ വളർത്തിയതും, കത്തോലിക്കാ ചൈതന്യത്തെ കേരളത്തിൽ പ്രോജ്വലിപ്പിച്ചതും എല്ലാം കർമ്മലീത്തരും അവരുടെ ശിക്ഷണത്തിൽ വളർന്നുവന്ന വൈദികസഹസ്രങ്ങളുമാണു എന്നു പറയുന്നതിനു ശങ്കിക്കേണ്ട ആവശ്യമില്ല. 'മലയാളം മരിയനാടായി'ത്തീർന്നതു് കർമ്മലനാഥയുടെ ഈ മക്കളുടെ ശ്രമഫലമായിട്ടല്ലയോ? 'പറങ്കിവാഴ്ചയ്ക്കുശേഷം കർമ്മലീത്താക്കാരെപ്പോലെ വൈദികകേരളത്തിനുവേണ്ടി അത്രയധികം പ്രയത്നിച്ചിട്ടുള്ളവരാരുമില്ല' എന്നുള്ള പേപ്പൽ പ്രതിനിധി സലേസ്കിയുടെ വാചകം സ്മർത്തവ്യമാണ്.

പ്രാർത്ഥനയും പരസേവനവും ജീവിതവൃത്തിയായി സ്വീകരിച്ചുകൊണ്ടു് ലത്തീൻസുറിയാനി റീത്തുകളിലും വിവിധ പ്രോവിൻസുകളിലുംപെട്ട 400-ൽ പരം കർമ്മലീത്താവൈദികരും അനേകായിരം കർമ്മലീത്താ സന്യാസിനിമാരും കേരളത്തിൻെറ നാനാമുഖങ്ങളായ ഉന്നമനത്തിനായിഇന്നും പരിശ്രമിച്ചുപോരുന്നു. കേരളത്തിൻെറ കത്തോലിക്ക ജീവൻ പരിരക്ഷിക്കുമാറു എത്രലക്ഷം പ്രഭാഷണങ്ങളും ധ്യാനപ്രസംഗങ്ങളുമാണു അവർ കേരളക്കരയിൽ നടത്തിയിട്ടുള്ളതു്? മിഷ്യൻകേന്ദ്രങ്ങളും കലാലയങ്ങളും സെമിനാരികളും നടത്തിക്കൊണ്ടു മാത്രമല്ല, അവർ ജനസേവനമനുഷ്ഠിക്കുന്നതു്. മദ്രാസ് ഗവർണർ ശ്രീ എ. ജെ. ജോണിൻെറ ഒരു പ്രസ്താവന ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "കേരളത്തിൽ കത്തോലിക്കാദർശങ്ങൾക്കുണ്ടായിട്ടുള്ള പ്രചാരത്തിൽ കർമ്മലീത്താസഭ എത്രയും അഭിമാനകരമായ ഒരു പങ്കു വഹിച്ചിട്ടുണ്ടെന്നുള്ളതു് നിസ്സംശയം പറയാവുന്ന ഒരു വസ്തുതയാണ്". ഭാരതത്തിൽ ഒന്നാമതു് ഒരു കത്തോലിക്കാ ദിനപത്രം ആരംഭിച്ചതു് കർമ്മലീത്തരാണ്. മാത്രമല്ല, കത്തോലിക്കാതിരുസഭയിൽത്തന്നെ സന്യാസിമാർ നടത്തുന്നതായി ഒരു ദിനപ്പത്രം മാത്രമേ ഇന്നു ഭൂമുഖത്തുള്ളു; അതു് കേരളീയ കർമ്മലീത്തരുടെ 'ദീപിക' ആണെന്നുള്ളതു ഒരുപക്ഷേ പലക്കും ഒരു പുതിയ അറിവായിരിക്കാം. മലയാള പത്രലോകത്തു കാരണവസ്ഥാനമലങ്കരിക്കുന്ന 'സത്യനാദകാഹളം'—കാഹളം കളഞ്ഞ ഇന്നത്തെ 'സത്യനാദം'—കർമ്മലീത്തർ സമാരംഭിച്ചിട്ടുള്ളതാണ്. ദീപിക, സന്ദേശം, കാർമ്മൽ, തിരുഹൃദയദൂതൻ, കർമ്മലകുസുമം, കുടുംബദീപം, ചെറുപുഷ്പം ഇങ്ങനെ എത്രയെത്ര മാസികകളാണു കർമ്മലീത്തർ ഇപ്പോൾ കേരളീയക്കു

# സ്നേഹം ധൈര്യം വരിക്കും

റവ. ഫാദർ തോമസ് മൂത്തേടൻ എം. എ; ഡി. ഡി.

അലക്സാണ്ടർ ചക്രവർത്തിയുടെ നിര്യാണത്തിനുശേഷം ഓരോ രാജ്യത്തും താവളമുറപ്പിച്ചിരുന്ന ഗ്രീക്കു സേനാനായകന്മാർ അതാതു സ്ഥലത്തെ രാജാക്കന്മാരായി സ്വയം പ്രഖ്യാപിക്കുകയാണുണ്ടായതെന്നു ചരിത്രം ഉദ്ഘോഷിക്കുന്നു. അങ്ങനെ അന്തിയോക്കസ്സ് പലസ്തീനായിലെ രാജാവായി. എന്നാൽ യഹൂദജനതയുടെ മേൽ ഭരണാധികാരം ലഭിച്ചതുകൊണ്ടു് അദ്ദേഹം സംതൃപ്തനായില്ല; അവരുടെ മതോപദേഷ്ടാവുകൂടി ആയി വാഴുവാൻ അദ്ദേഹം വ്യാമോഹിച്ചു. യഹോവയിൽനിന്നു യഹൂദജനങ്ങളെ അകററുവാൻ അദ്ദേഹം മാർഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി പന്നിമാംസം നിരോധിതമായിട്ടുള്ള യഹൂദന്മാർ അന്തിയോക്കസ്സിൻെറ സന്നിധിയിൽ പന്നിമാംസം തിന്നണമെന്നു് അദ്ദേഹം ആജ്ഞാപിച്ചു.

ഇങ്ങനെ അന്തിയോക്കസ്സിൻെറ പക്കലേയ്ക്കു് ആനയിക്കപ്പെട്ടവരുടെ ഗണത്തിൽ ഒരു ധീരയഹൂദവനിതയും അവരുടെ ഏഴുമക്കളും ഉൾപ്പെട്ടു. പന്നിമാംസം ഭക്ഷിച്ചു യഹോവയെ നിഷേധിക്കുവാൻ അവരെല്ലാവരും വൈമനസ്യം പ്രദർശിപ്പിച്ചു എല്ലാവക്കും ഒരു നല്ല പ്രഹരകഷായം കൊടുത്തുനോക്കി. തൽസമയം മൂത്തമകൻ ഇപ്രകാരം പറഞ്ഞു. "ദൈവനിയമം ലംഘിക്കുന്നതിനേക്കാൾ ഞങ്ങൾക്കു കൂടുതൽ ഇഷ്ടം മരിക്കുന്നതാണു്." അവൻെറ നാവു് ഉടനെ ഛേദിച്ചുകഴിഞ്ഞു അമ്മയുടേയും സഹോദരരുടേയും മുമ്പിൽവച്ചു് അവൻെറ കൈയ്യും കാലും വെട്ടിമാററി. അനന്തരം ചുട്ടുപഴുപ്പിച്ച ഇരിമ്പുപലകയിൽ അവനെ കിടത്തി. ഈ വേദനകളുടെ ഇടയ്ക്കു് അമ്മയും സഹോദരന്മാരും അവനോടു് അഭ്യർത്ഥിച്ചു

---

വേണ്ടി നടത്തിക്കൊണ്ടിരിക്കുന്നതു്. കേരളീയ കത്തോലിക്കർക്കുവേണ്ടി വേദപുസ്തകം വിവർത്തനം ചെയ്തു നൾകിയതും കർമ്മലീത്തരാണു്. അദ്വിതീയ പണ്ഡിതന്മാരെയും, പുണ്യശ്ലോകന്മാരെയും, കവികളെയും, വാഗ്മികളെയും, ഗ്രന്ഥകാരന്മാരെയും, കർമ്മലീത്താസഭ എല്ലാക്കാലത്തും കേരളത്തിനു പ്രദാനംചെയ്തിട്ടുണ്ടു്. പരിശുദ്ധ സിംഹാസനം തന്നെ കീർത്തിമുദ്രനൾകി പല കേരളീയ കർമ്മലീത്തരെയും ബഹുമാനിച്ചിട്ടുണ്ടു്. കേരളത്തിലെങ്ങും നിരന്നു നിലകൊള്ളുന്ന കർമ്മലീത്തമഠങ്ങളുടെയും കർമ്മലീത്താകോൺവെന്തുകളുടെയും പരിസരങ്ങളിൽ തഴച്ചുവളരുന്ന കത്തോലിക്കാ അന്തരീക്ഷമാണു കർമ്മലീത്തർ കേരളത്തിനു നേടിക്കൊടുത്തിട്ടുള്ള അനർഘമായ മറെറാരു സമ്പത്തു്. അതിനു വിലകല്പിക്കുവാൻ ആക്കു കഴിയും? കർമ്മലീത്തരുടെ മുദ്രാലയങ്ങളിൽനിന്നു മാത്രമായിരുന്നു ആദ്ധ്യാത്മികഗ്രന്ഥങ്ങളും പ്രാർത്ഥനാപ്പുസ്തകങ്ങളും ദശവർഷങ്ങൾ ദശവർഷങ്ങളായി കേരളീയർക്കു ലഭിച്ചുകൊണ്ടിരുന്നതു്. ഇങ്ങനെ ഏതു ദർശനകോണത്തിൽനിന്നു നോക്കിയാലും കാണുന്നതു കർമ്മലീത്താസഭക്കാർ കത്തോലിക്കാകേരളത്തിൻെറ ജീവനാഡി ആയിരുന്നെന്നാണു്.

ഇക്കഴിഞ്ഞ മൂന്നു നൂററാണ്ടിനുള്ളിൽ കർമ്മലീത്തർ കേരളത്തിനു ചെയ്തിട്ടുള്ള സേവനത്തെ എടുത്തു ഒന്നുമാററി നിർത്തുക; കേരളസഭയ്ക്കു പിന്നെ അഭിമാനിക്കാൻ എന്തു ശേഷിക്കും? ഈ യാഥാർത്ഥ്യത്തെ കർമ്മലീത്തരുടെ കേരളപ്രവേശനത്തിൻെറ ജൂബിലി വന്നുചേരുന്ന ഈ സന്ദർഭത്തിൽ നാം കൃതജ്ഞതാപൂർവം നമിക്കേണ്ടതല്ലയോ? ജൂബിലി ആഘോഷമണ്ഡലത്തിൽ മററാരേക്കാളും പിന്നിലല്ലാത്ത കേരളീയ കത്തോലിക്കർ ഒന്നടങ്കം ഈ ജൂബിലി ഘോഷിക്കുവാൻ മുന്നോട്ടുവരേണ്ടതല്ലേ? ജോസഫ് സെബസ്ത്യാനിയുടെ കേരളപ്രവേശനത്തിൻെറ മൂന്നാം ശതാബ്ദപൂർത്തിയാഘോഷിക്കുവാൻ കേരളീയ കത്തോലിക്കർ വൈമുഖ്യോന്മുഖരായി വർത്തിക്കുന്നു എങ്കിൽ അതു് പുരാണപ്രസിദ്ധമായ നമ്മുടെ കൃതജ്ഞതാംബിളിക്കു ഒരു കരിനിഴലായി നിലകൊള്ളുകയല്ലേ എന്നാണു ഈ ലേഖകൻെറ വിനീതമായ സംശയം.

കൊണ്ടിരുന്നതു് എല്ലാം ധീരമായി സഹിക്കുവാനാണു്.

ഒന്നാമത്തേ മകൻ അങ്ങനെമരിച്ചു. രണ്ടാമനും ഇതുപോലെ പല കഷ്ടപ്പാടുകൾ സഹിച്ചു് മരിക്കാറായപ്പോൾ അവൻ മഹാരാജാവിനോടു് ഇപ്രകാരം പറഞ്ഞു: "അങ്ങു്" ഞങ്ങളുടെ ഈ ലോകജീവിതം അവസാനിപ്പിച്ചു; എന്നാൽ ലോകരാജാവായ ദൈവത്തിൻെറ നിയമങ്ങളെ പ്രതി മരണം വരിക്കുന്നവരെ അവിടുന്നു നിത്യജീവനുകളക്കു് ഉയർത്തും

രണ്ടാമൻമരിച്ചയുടനെ മൂന്നാമൻ തൻെറ നാവും കൈകളും കാണിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "ഇവ ദൈവം തന്നതാണു്. അതിനുള്ള നിയമം ലംഘിക്കുന്നതിനുമുമ്പു് അവ നിങ്ങൾക്കു തരുന്നു. ഭാവിജീവിതത്തിൽ അവിടുന്നു് അവ തിരികേ തരുമെന്നു് എനിക്കു് ബോധ്യമുണ്ടു്."

നാലാമൻെറ സമയമായപ്പോൾ അവൻ ഇപ്രകാരം പ്രസ്താവിച്ചു. "മനുഷ്യരിൽ ശരണപ്പെടുന്നതിനേക്കാൾ ഉത്തമം ദൈവത്തിൽ ശരണപ്പെടുന്നതാണു്. കാരണം അവിടുന്നു നമ്മളെ ഉയിർപ്പിക്കും. നിത്യജീവനുകളെക്കുള്ള പുനരുത്ഥാനം അങ്ങുദർശിക്കുവാൻ പോകുന്നില്ല". ആറാമത്തേ മകൻ ഇങ്ങനെ പറഞ്ഞു. "വഞ്ചിതനാകരുതെ ശിക്ഷയിൽനിന്നു് അങ്ങേക്കു് ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല; കാരണം ദൈവത്തിനെതിരായ ഒരു സമരമാണു് അങ്ങു് ഇവിടെ നടത്തുന്നതു്"

ഈ പീഡനങ്ങളെല്ലാം സ്വമാതാവിൻെറ ദൃഷ്ടിയിൽത്തന്നെ നിർവ്വഹിക്കപ്പെട്ടു. അവസാനം കനിഷ്ടസുതൻ മഹാരാജാവിൻെറ സന്നിധിയിൽ സമാനീതനായി. പന്നിമാംസം ഭക്ഷിക്കുകയാണെങ്കിൽ അവനെ ധനികനും സൗഭാഗ്യനുമാക്കാമെന്നു മഹാരാജാവു ശപഥംചെയ്തു പറഞ്ഞു. ഭൗതികവാഗ്ദാനങ്ങൾ ആ പിഞ്ചുബാലനെ സ്പർശിച്ചതേയില്ല. മകനെയൊന്നു് ഉപദേശിക്കുവാൻ അവിടുന്നു് അമ്മയോടാവശ്യപ്പെട്ടു. ആ ധീരവനിത മകനോടു് ഇങ്ങനെ പറഞ്ഞു: "എൻെറ മകനേ, ഒമ്പതുമാസം നിന്നെ ഉദരത്തിൽ വഹിക്കുകയും മൂന്നുവൽസരം നിനക്കു് അമ്മിഞ്ഞ നൽകുകയുംചെയ്ത എൻെറമേൽ കൃപയുണ്ടാകണമെ. ഈ പീഡകനെ നിഭയപ്പെടേണ്ടതില്ല. നിൻെറ സഹോദരന്മാരെപ്പോലെ മരിക്കുവാൻ നീയുംഒരുങ്ങുക. മകനേ, എൻെറമേൽ വീണ്ടും കൃപയുണ്ടാകണം. അടുത്ത ജീവിതത്തിൽ നിൻെറ സഹോദരന്മാരോടുകൂടെ നിന്നെയും സ്വീകരിക്കുന്നതിനു ദയവായി നീ മരണം വരിക്കുക." അവൻ രാജാവിനെ ഇപ്രകാരം അഭിവാദ്യംചെയ്തു.



(ലേഖകൻ)

"അന്തിയോക്കസ്സു്, ഞാൻ നിന്നെ അനുസരിക്കുകയില്ല. എൻെറ സഹോദരന്മാർ ലഘുവായ വേദനയനുഭവിച്ചു; നിത്യജീവൻ അവർ പ്രാപിക്കുകയും ചെയ്തു. ദൈവനിയമങ്ങളെ പ്രതി സഹോദരന്മാരെപ്പോലെ ഞാനും എൻെറ ശരീരവും ജീവനും ഇതാ സമർപ്പിക്കുന്നു."

ഇളയമകൻെറ പീഡനസമയത്തു് അമ്മയും അരികെ നിൽക്കുന്നുണ്ടായിരുന്നു. അവസാനം ക്രൂരമാകുംവിധം അമ്മയും വധിക്കപ്പെട്ടു. വേദപുസ്തകത്തിലേ ഒരു വർണ്ണനയാണിതു്; ചരിത്രകാരന്മാരുടെ അതിശയോക്തികൾ കലർന്ന വിവരണമൊന്നുമല്ല. അനന്തരകാലങ്ങളിൽ പെർപ്പെത്തുവായുടേയും ഫെലിച്ചിത്താസിൻേറയും രക്തസാക്ഷിത്വം ആഗുസ്തിനോസു പുണ്യവാൻ വർണ്ണിച്ചിരിക്കുന്നതിൻെറ ഒരു പ്രതിതിയാണു് ഈ വിവരണം വായിക്കുമ്പോൾ നമുക്കു ഉണ്ടാകുന്നതു്. കട്ടക്കയത്തിൻെറ വർണ്ണനയും ഈയുള്ളവൻ ഓർത്തുപോകുന്നു.

"ക്രൂരമ്പാൽ മാർപ്പിളന്നും കൊടിയൊരു
കുരിശിൽ തൂക്കിയും തോലുരിഞ്ഞും.
ക്രൂരൻ സിംഹത്തിന്നുണ്ണായരുളിയു, മസിയാൽ
കണ്ഠനാളം മുറിച്ചും,
നീരത്തിൽ താഴ്ത്തിയും, മെയ് മുഴുവനു
മടിയാൽ കീറിയും തീയിലിട്ടും,
പാരം മാൽചേർത്തു യോധാധമരനവധിയായ്
ക്രിസ്ത്യരെ നിഗ്രഹിച്ചു.

മതവിശ്വാസം ചിലപ്പോഴൊക്കെ ഊട്ടശപിന്ധനങ്ങൾക്കു വഴിതെളിച്ചെന്നുവരാം. ഇവ പുരോഹിതർക്കോ ധീരരായ കത്തോലിക്കാ പ്രവർത്തകർക്കോ മാത്രം ഉണ്ടാകുന്ന അനുഭവങ്ങളാണെന്ന് ആരും കരുതേണ്ടതില്ല. മുൻവിവരിച്ച സ്ത്രീയും മക്കളും യഹൂദപുരോഹിതരോടു ബന്ധപ്പെട്ടവരൊന്നുമല്ല; സാധാരണ യഹൂദർമാത്രം. അവർ സഹിച്ച പീഡകളൊന്നുംതന്നെ നമ്മിൽ പലർക്കും ഒരിക്കലും അനുഭവിക്കേണ്ടിവരുന്നില്ല. എന്നാൽ ക്രിസ്ത്യാനിയെന്നുള്ള നാമം തന്നെ ധീരോദാത്തതയ്ക്കുള്ള ഒരാഹ്വാനമാണു നൽകുന്നതു്. ക്രിസ്തുമതത്തിൽ നിന്നു ധീരപ്രവർത്തനങ്ങൾ എടുത്തു മാററുകയാണെങ്കിൽ കുരിശു മരണം വഹിച്ചു ധീരമായി മനുഷ്യരെ രക്ഷിച്ച ക്രിസ്തുനാഥനെത്തന്നെ മാററി നിറുത്തേണ്ടിവരും.

ധീരപ്രവർത്തനങ്ങൾ അസാധ്യസംഗതികളായി ചിലർ കരുതുന്നുണ്ടു്; എന്നാൽ അസാധ്യകാര്യങ്ങൾ ദൈവം ആവശ്യപ്പെടുന്നില്ല. വിഷമമുള്ളതും ധീരവുമായ പ്രവർത്തനങ്ങൾ അവിടുന്നു നമ്മിൽ നിന്നു് ആവശ്യപ്പെടുന്നുണ്ടു്. വളരെ വിഷമമുള്ള സംഗതികൾതന്നെ ചിലകാലത്തു ദൈവം നമ്മോടു ചോദിക്കുന്നു; തൽസമയം ബലഹീനമായ മനുഷ്യത്വം ഭീരുത്വം വരിക്കുന്നു. നമ്മൾ ധൈര്യപ്പെടുകയാണെങ്കിൽ, ദൈവം നമ്മെ ശക്തിപ്പെടുത്തുകതന്നെ ചെയ്യും. ദൈവം ശക്തിപ്പെടുത്തുകയാണെങ്കിൽ നമുക്കു് എന്താണു ചെയ്യാൻ പാടില്ലാത്തതു്?

ക്ഷണികമായ ഒരു വിഷമത്തെ തരണം ചെയ്യുന്നതു ധീരോദാത്തതയായി ചിലർ ചിത്രീകരിക്കുന്നുണ്ടു്. രക്തസാക്ഷികൾ ക്ഷണികമായ വേദനകൾ അനുഭവിച്ചു മരിച്ചു; എന്നാൽ നീണ്ടയാതനകൾ അനുഭവിക്കുന്നതാണു യഥാർത്ഥമായ ധൈര്യം. ഓരോ ദിവസവും എന്തെങ്കിലും വിഷമങ്ങൾ അഭിമുഖീകരിക്കുന്നതാണു യഥാർത്ഥത്തിൽ വീര്യം. ആരാച്ചാരുടെ മഴുവിന്റെ ശാന്തമായി കഴുത്തുവച്ചുകൊടുക്കുന്ന രക്തസാക്ഷിയുടെ ധൈര്യം ചില കുടുംബനായകന്മാരുടേതിനേക്കാൾ കുറവായിട്ടാണു് എനിക്കു തോന്നുന്നതു്. കാലാവസ്ഥ കൊള്ളരുതാത്ത ഒരു നാട്ടിൽ ഇഷ്ടമില്ലാത്ത ജോലി ദിവസന്തോറും ചെയ്തു കുടുംബസന്ധാരണം ചെയ്തുവരുന്ന ഒരാൾ പല രക്തസാക്ഷികളേക്കാളും കൂടുതൽ വേദന അനുഭവിക്കുന്നുണ്ടെന്നു വേണം പറയുവാൻ. ഒരു ക്രിസ്ത്യാനിയുടെ ധൈര്യം ജീവിതത്തിൽ ഏതെങ്കിലും ഒരവസരത്തിൽ പ്രത്യക്ഷപ്പെടേണ്ട ഒന്നല്ല; അതു ജീവിതം മുഴുവനും പ്രത്യക്ഷപ്പെടണം. വാളുകൊണ്ടോ, തോക്കുകൊണ്ടോ മരിക്കുന്ന രക്തസാക്ഷി ഒരു നിമിഷനേരത്തെ വേദനയാണു് അനുഭവിക്കുന്നതു്; എന്നാൽ ചുമതലാബോധമുള്ള ഒരു നല്ല കുടുംബനായകനും ഒരുത്തമ കത്തോലിക്കനും സാവധാനത്തിൽ മരിച്ചുകൊണ്ടിരിക്കയാണു്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ ദിവസംപ്രതി മരിക്കുന്നു.

ഒരു ക്രിസ്ത്യാനിയുടെ ധൈര്യം നിരാശയുടേയും ക്ലേശങ്ങളുടേയും അന്ത്യമായിട്ടു പ്രത്യക്ഷപ്പെടുന്ന അമർഷമല്ല; അഹന്തയുടെ പരിണതഫലവുമല്ല. ക്രിസ്തീയ ധൈര്യം നിത്യജീവിത പ്രതീക്ഷയിൽ അധിഷ്ഠിതമാണു്; ദൈവസ്നേഹത്തിൽ നിന്നു് ഉൽഭൂതവുമാണു്. ദൈവത്തെ സ്നേഹിക്കുന്നവർക്കു്, പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും സകല ശക്തികളോടുംകൂടെ ദൈവത്തെ സ്നേഹിന്നവർക്കു് അവിടുത്തെ പ്രമാണങ്ങളെ ധിക്കരിക്കുവാൻ സാധ്യമല്ല. പാപത്തേക്കാൾ മരണം ഭേദം. പരാജയത്തിലുള്ള അപമാനം സഹിക്കുവാൻ വഹിയാതെ വീരമരണം വരിച്ചിട്ടുള്ള പല യോദ്ധാക്കളേയും ചരിത്രത്തിൽ കാണാം; എന്നാൽ ക്രിസ്തീയ ധൈര്യം അത്തരമല്ല, അപമാനബോധമോ ജീവിതസങ്കടങ്ങളോ അല്ല മരണം വരിക്കുവാൻ ഒരു ക്രിസ്ത്യാനിയെ പ്രേരിപ്പിക്കുന്നതു്. പ്രത്യുത ദൈവസ്നേഹമാണു്, തങ്ങൾ സ്നേഹിക്കുന്ന ദൈവത്തെ ദ്രോഹിക്കുവാൻ അവർ സന്നദ്ധരല്ല; അവിടുത്തെ നിയമങ്ങൾ ലംഘിക്കുന്നതിനേക്കാൾ മരണത്തെ അവർ കൂടുതൽ ഇഷ്ടപ്പെടുന്നു. ആകയാൽ "സ്നേഹം ധൈര്യം വരിക്കും", "സ്നേഹം നന്മയ്ക്കുവേണ്ടി സഹനപരിധിവിട്ടപ്പുറം സഞ്ചരിക്കും" എന്നിങ്ങനെ ഒരു കർമ്മലീത്താ കവയത്രി എഴുതിയിട്ടുള്ളതു് അന്വർത്ഥമാണു്.

ഗദ്യകവിത

# വരുന്നതു നോക്കൂ

(പി. എക്സ്. പുല്ലുവിള)

അവർ വരുന്നു നീലനീലമായ ആകാശത്തിന്റെ അപാരതയിലൂടെ അവർ വരുന്നു അവർ വരും വീഥികൾ തിങ്കളൊളി തിളങ്ങുന്നതു്. അവർ വരും തോട്ടകൾ ഉഡുക്കൾ മിന്നിത്തെളിയുന്നതു്. മഴവില്ലിന്റെ വിരിമാറിൽനിന്നു അവർ വരുന്നതു നോക്കൂ. അതാ അവർ വരുന്നു. അവർ വരുന്നതു നോക്കൂ. പക്ഷേ, പക്ഷേ, എന്താണു്? പക്ഷേ, എന്താണു അവർ കാണുക. എവിടേയ്ക്കാണവർ വരുക. ഹാ! കഷ്ടം! ബീഭൽസവും ഭയാനകവും പൈശാചികവുമായ പ്രേതങ്ങളുടെ നാട്ടിലേയ്ക്കു്. ശവകുടീരങ്ങളുടെ ഹൃദയത്തിലേക്കു്. തലയോട്ടികളും വെള്ളെലുമ്പുകളും പച്ചമാംസങ്ങളും ചിന്നിക്കിടക്കുന്ന ശവക്കോട്ടയിലേക്കു്. ചിതാഭസ്മങ്ങളും ഘോരാനിലനും ധൂമതിരസ്കരണിയും മൂട്ടിനിൽക്കുന്ന ചുടുകാട്ടിലേയ്ക്കു്. കുടൽമാലകളും കരൾകൂമ്പുകളും ഹൃദയപേടകളും ചിതറിക്കിടക്കുന്ന ചുടലക്കളത്തിലേക്കു്.

എന്താണെനിക്കു ചുററും. എങ്ങും ക്രൂരർ. ശ്മശാന മൂകത. ഭീതിയുടെ ആ വൻചിറകടികൾ. അയ്യോ എന്റെ കരൾ പിളക്കുന്നു. അമ്മേ, ഹൃദയം പൊട്ടുന്നതുപോലെ തോന്നുന്നു. ഏതോ അദൃശ്യമായ ഒരു ഹസ്തം എന്റെ അസ്ഥികളെ ഞെരിച്ചൊടിക്കുകയാണു്. രക്തം പിഴിഞ്ഞെടുക്കുകയാണു്. മാംസത്തെ പഴുത്ത ഓട്ടിലിട്ടു വറുക്കുകയാണു്. അയ്യോ സഹിക്കവയ്യ. അയ്യോ! ഹാ! ഹാ! എന്റെ അസ്തിത്വംതന്നെ തകർന്നു തരിപ്പണമാകയോ?

അതാ. ശ്രവിക്കൂ. എന്താണു കേൾക്കുക. അലർച്ച, അലർച്ച. അതേ, അലർച്ച. എന്തൊരലർച്ചയായിരിക്കാമതു്. ഹാ! നരകം പിളർന്നുവീണാലെന്നപോലെ ചങ്ങല പൊട്ടിച്ചലറുന്ന പൈശാചികവേതാളങ്ങളുടെ മുറവിളി. അഹോ! ആ അട്ടഹാസം! ആ മുറവിളി. അതിന്റെ ഇരമ്പൽഗർജ്ജനം ഹാ! മുറുകി മുറുകി വരുന്നല്ലോ. ഹാ! ഹിമശീകരമായ ആ ഏകാന്തത്തിൽനിന്നു ഇരമ്പിയുയരുന്ന ആക്രന്ദനം. അതിനുപരി പ്ലപ് പ്ലപ് എന്നു മുഴങ്ങിക്കേൾക്കുന്ന ആ ചാട്ടവാറടികൾ. അഹോ അസഹനീയമായ അടിമത്തത്തിന്റെ ക്രൂരമായ നുകം പേറി വേച്ചുവേച്ചുപോകുന്ന അപ്പാവങ്ങൾ, കുലീനമായ മനുഷ്യത്വത്തിന്റെ ചുമലിൽ ദയനീയമായി വന്നേററ ഘനമാർന്ന ആ ഭാരം പേറിപ്പേറി നടുവു കൂനിപ്പോയ അക്കഴുതക്കോലങ്ങൾ! സമത്വസുന്ദരമായ ഒരു സ്വർഗ്ഗത്തിന്റെ ജ്യോതിർവലയത്തിൽ വ്യാമോഹത്തിന്റെ പൂവല്ച്ചിറകുകൾ വിതിർത്തു പറന്നെത്തിയ പാവം ശലഭങ്ങൾ! ദുരിതനിരതമായ നരകത്തിൽ നിപതിച്ച നിർഭാഗ്യർ! അവർ എന്റെ സഹോദരന്മാരാണു്. എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. കാതുകളേ, നിങ്ങൾ കേൾക്കുന്നില്ലേ? കണ്ണുകളേ, നിങ്ങൾ കരയുന്നില്ലേ? കരളുകളേ, നിങ്ങൾ പിളരുന്നില്ലേ? ഹൃദയതന്ത്രികളേ, നിങ്ങൾ ഇനിയും പൊട്ടാതിരിക്കുകയാണോ?

ഹാ! ആ നീണ്ട ഞരക്കങ്ങൾ? അമർത്തപ്പെട്ട മുറവിളികൾ! ഞെരിക്കപ്പെട്ട അഭിലാഷങ്ങൾ! തകർക്കപ്പെട്ട സ്വപ്നങ്ങൾ! അരങ്ങേറാത്ത നൃത്തങ്ങൾ! അലരണിയാത്ത ഭാവങ്ങൾ! പുലരിയെത്താത്ത രാവുകൾ! മോചനമരുളാത്ത ജയിലുകൾ! മാററപ്പെടാത്ത കയ്യാമങ്ങൾ! തുറക്കപ്പെടാത്ത തടങ്കൽ സങ്കേതങ്ങൾ ഭാര്യയില്ലാത്ത ഭർത്താക്കന്മാർ. ഭർത്താക്കന്മാരില്ലാത്ത ഭാര്യമാർ. അനാഥരായ പൈതങ്ങൾ അമ്മയില്ലാത്ത കിശോരങ്ങൾ. അപ്പനില്ലാത്ത ചോരക്കുടങ്ങൾ. ദൈവമില്ലാത്ത ദൈവാലയങ്ങൾ. മതമില്ലാത്ത മതവിശ്വാസങ്ങൾ. ഈശ്വരനില്ലാത്ത ഈശ്വരാരാധകർ. ഇടയനില്ലാത്ത ആടുകൾ. അഹോ ചങ്കുപൊട്ടുന്ന ആ സമ്മർദ്ദം. വീർപ്പുമുട്ടിക്കുന്ന ശൂന്യത.

വാർമുകിലേ, നീയെവിടെ? ചാതകങ്ങൾ ഉഴറുകയാണു്. ദിനപതേ, വരില്ലേ? താമരകൾ ചോദിച്ചുപോകുന്നു. പനിമതി, പോരൂ. കുമുദങ്ങൾ

യാചിക്കയായി. സാഗരമേ, നിൻെറ വിരിമാറിൽ വന്നെത്തുവാൻ ഇനിയും എത്ര വർഷങ്ങൾ ഞങ്ങൾ പാർത്തിരിക്കണം? നിമ്നഗകൾക്കുദ്വേഗമായി. ഹൃദയം ഹൃദയനാഥനെത്തിരയുകയാണ്. അവിടെ ശാന്തിയില്ല; ക്ഷേമമില്ല; ആനന്ദമില്ല; ആശയുമില്ല. എല്ലാം നിരാശ. എല്ലാം നിർമ്മൂകം. എല്ലാം ശൂന്യത.

അവക്കൊരു ക്ഷേത്രമുണ്ട്; ശരീരം. അവക്കൊരു സക്രാരിയുണ്ട്; ഹൃദയം. അവർക്കൊരു മണിനാദമുണ്ട്; മന:സാക്ഷി. അവർക്കൊരു കെടാവിളക്കുണ്ട്; ഹൃദയസ്നേഹം. അവർക്കൊരു കുർബാനയുണ്ട്; വിശ്വാസം. അവർക്കൊരു ക്രൂദാശയുണ്ട്; ആഗ്രഹം അത്രമാത്രം.

ഇതാ! ആ ശബ്ദം ഇനിയും അടുത്തടുത്തു വരുന്നല്ലോ. അഹോ സർവാംഗം വിറകൊള്ളിക്കുന്നു. സർവസിരകളിലും തീക്കനൽ വിതറുന്ന ആ മുറവിളി! ആ പ്രലപനം! എന്തൊരു വേദന! എന്തൊരു. പരവേശം? എന്തൊരു നീററൽ! അതാ കേൾക്കു. തകർന്നൊടിഞ്ഞു ചിതറിക്കിടക്കുന്ന ആ അസ്ഥികൂടങ്ങൾ ഒന്നിച്ചെഴുന്നേററുനിന്ന് പാടുകയാണ്; വെന്തെരിഞ്ഞ ആ ഹൃദയങ്ങളുടെ ദാരുണമായ വൃന്ദഗാനം! ഹാ! ഹാ! ബിഭത്സമായ ആ പൊട്ടിച്ചിരികൾ! നിരാശയുടെ കരൾത്തട്ടിൽനിന്നു പൊട്ടിത്തെറിക്കുന്ന മിന്നലിടികൾ.

പാതിരാവിൻെറ പേക്കിനാവുകളിലൂടെ പല്ലിളിച്ചാർക്കുന്ന പ്രതികാരത്തിൻെറ ആ ശബ്ദങ്ങൾ ഉയരുകയാണ്. പരുഷപരുഷമായ ആ ശബ്ദത്തകച്ചേരികൾക്കുണ്ട് അഖിലാണ്ഡമണ്ഡലങ്ങളുടേയും അന്തച്ചലനങ്ങളിലൂടെ വെള്ളിടിപായിക്കുവാനുള്ള അനന്തഗംഭീരമായ ഭീകരസംഹാരശക്തി. റഷ്യൻ കരടികളെ കിടുകിടെ വിറപ്പിക്കുന്ന, സ്വേച്ഛാധിപത്യങ്ങളെ ചിതറിത്തെറിപ്പിക്കുന്ന, ആ അപാര രവപ്രതിരവങ്ങൾ! അലയലറുകയാണ്, അലറട്ടെ.

അതാ! അക്കാണുന്നതെന്തു്? നോക്കൂ! നോക്കൂ. മിഴിവിരിച്ചു നോക്കൂ. ആ ചുടുചോര തളംകെട്ടിയ തടാകത്തിലേക്കു നോക്കൂ. ചെങ്കൊടികൾപോലെ കുടൽമാലകൾ ഇളകിയാടുന്ന രുധിരസാഗരത്തിൻെറ തലയിളക്കുന്ന ചെന്തിരകളിലേക്കു നോക്കൂ. ഇതാ മുരിക്കിൻ പൂങ്കുലകൾപോലെ തെന്നിച്ചിതറുകയാണ് ക്രൈസ്തവഹൃദയങ്ങൾ. രക്തസർപ്പങ്ങളുടെ വിഷംതുടുത്ത ഉഗ്രജിഹ്വകൾപോലെ ചിന്നിച്ചിതറുകയാണു തീനാളങ്ങൾ.

അരുതേ, അരുതേ, അടുത്തടുത്തു വരരുതേ. ഇല്ല, ഇല്ല. എനിക്കു സഹിക്കവയ്യാ. ഹാ! ആ അലർച്ച, തകർച്ച. സഹജീവികളുടെ, കൂടപ്പിറപ്പുകളുടെ ജീവിതമർമ്മങ്ങളെ ചവിട്ടി ഞെരിച്ചുകൊണ്ടു, കുടൽമാലകൾ ഗളഹാരങ്ങളായണിഞ്ഞുകൊണ്ടു രക്തദാഹികളായി മുന്നേറുന്ന സാമ്രാജ്യദുരമൂത്ത ആ ചെംപാമ്പുകൾ! ആ ആൾക്കരടികൾ! തൊലിപൊളിഞ്ഞു ചതപറിഞ്ഞു കുടിവായിലൂടെ കുട്ടകളുടെ ചോര ഇററിററു വീഴവേ, ഘോരമായി ഗർജ്ജിക്കുകയാണ് ആ ക്രൂരനക്രങ്ങൾ.

അല്ല, അതെന്തു്? കൊലക്കളമല്ലേ? അതേ, കൊലക്കളം. കൊലക്കളം. പത്തിവിരിച്ചാടുന്ന ഒരായിരം സർപ്പങ്ങൾ! അവയുടെ ഉഗ്രദംശനമേററു മാരകമൂർച്ഛയേററ അനേകായിരം ജീവിതങ്ങൾ! അല്ല, എന്താണു കാണുക. ചോരച്ചാലുകൾ! ചെന്തീപ്പൊയ്കകൾ, ഉടലററ ശിരസ്സുകൾ, കബന്ധങ്ങൾ. ശവക്കൂമ്പാരങ്ങൾ.

അതാ ഒരു രാക്ഷസൻ. തീക്കട്ട ചിന്നുന്ന വട്ടക്കണ്ണുകളും പിച്ചളപോലെ തിളങ്ങുന്ന തുടകളുമായി ഒരു കയ്യിൽ അരിവാളും മറുകയ്യിൽ ചുററികയുമായി പാഞ്ഞുവരുന്നു. അവനിതാ സദാചാരത്തിൻെറ, മാനസികമൂല്യങ്ങളുടെ, ഈശ്വരവിശ്വാസത്തിൻെറ ലളിതഭാവങ്ങളുടെ ഹൃദയങ്ങൾ കുത്തിപ്പൊളിക്കുകയാണു, മസ്തകങ്ങൾ തല്ലിപ്പിളക്കുകയാണു, അവയിൽനിന്നു നിരർഗ്ഗളം പതച്ചൊഴുകുന്ന ചുടുചോരത്തെളി കുടിച്ചു ഉന്മത്തനായി നഗ്നനൃത്തങ്ങൾ ചവിട്ടുകയാണ്.

ഇതാ ഇനിയും അപ്പുറത്തേക്കൊന്നു നോക്കൂ. പ്രേതകുടീരങ്ങൾ! സ്പന്ദിക്കുന്ന അസ്ഥിമാടങ്ങൾ? അവയ്ക്കുപരി ചിതറിക്കിടക്കുന്ന രക്തപുഷ്പങ്ങൾ. അലറുന്ന പിശാചങ്ങൾ! തകർന്നുവീണ സങ്കൽപ്പങ്ങൾ! ഉഴുതിളക്കിയ ചേതനങ്ങൾ ഹാ! ജീവിതാശകളുടെ ശ്മശാനഭൂമികൾ. ഇരുൾനിറഞ്ഞ അതിൻെറ ഓരോ അണുവിനുമുണ്ട് ഓരോ കഥ പറയുവാൻ. അതിൻേറതായ കഥകൾ! കണ്ണുനീരിൻെറ കഥകൾ! ജീവിത യാതനയുടെ കഥകൾ! അന്ധകാരമയമായ രാത്രികളുടെ കഥകൾ! ഹൃദയശൂന്യതയുടെ

കഥകൾ! ജീവിതനൈരാശ്യത്തിന്റെ കഥകൾ! ഭീകരമായ കഥകൾ! ഘോരമായ കഥകൾ! രക്തം പുരണ്ട കഥകൾ.

അല്ല. അതെന്തു്?

അരിവാൾ! അരിവാൾ!! അരിവാളുകളുടെ ഘോരമായ ഒരു പ്രവാഹം! സംഭ്രമജനകമായ ഒരു ചുഴലിക്കാററ്. അതിൽ ചുവടുപറിഞ്ഞു വീണടിഞ്ഞ മനുഷ്യശരീരങ്ങൾ. നിഷ്കളങ്കരായ തൊഴിലാളികൾ! ഗർഭവതികളായ സ്ത്രീകൾ! ഓമനകളായ പൈതങ്ങൾ! ഹാ ചോരയുറഞ്ഞ അവരുടെ ശരീരങ്ങൾ.

അവയ്ക്കപ്പുറത്തു സൂര്യരശ്മികൾ തട്ടിത്തിളങ്ങുന്ന സ്വർണ്ണക്കട്ടികൾ കാണുന്നില്ലേ? സ്വർണ്ണക്കട്ടികൾ! നിരപരാധികളായ ആയിരമായിരം മനുഷ്യജീവിതങ്ങൾ കാച്ചിക്കുറുക്കിയതാണു സൈബീരിയായിലെ ആ സ്വർണ്ണക്കട്ടികൾ. അല്ല സോവിയററു കാളക്കുട്ടികൾ.

കതിരണിഞ്ഞു നിൽക്കുന്ന അവിടുത്തെ പൊൻവയലുകൾ കണ്ടോ? നിർദ്ദോഷരായ കർഷകരുടെ മൃതദേഹങ്ങൾ ഉഴുതിളക്കി വളംപിടിച്ച ആ വയലുകൾ! അതിലെ ഓരോ ഗോതമ്പുമണിയും ഓരോ കാൽച്ചിലമ്പാണു്, അടിമവേലയുടെ, കൂട്ടകൃഷിയുടെ നഗ്നനൃത്തത്തിനു, കരാള താണ്ഡവത്തിനു, കൂട്ടുനിന്ന ചിലമ്പൊലികൾ.

ഇതാ അങ്ങകലെക്കാണാം തലയോട്ടികൾ കുമ്പാരമുയന്ന കാൽവരികൾ! ചുടുചോര പടന്നൊഴുകുന്ന കാട്ടാറുകൾ? മിഴിനീരു കുതിച്ചൊഴുകുന്ന വെള്ളച്ചാട്ടങ്ങൾ! നെടുവീർപ്പുകളുടെ കൊടുങ്കാററ് നെടുനിശ്വാസനങ്ങളുടെ ചക്രവാതം. വിദ്വേഷത്തിന്റെ ഉലയിൽ, മനുഷ്യജീവിതങ്ങളുടെ വിറകിട്ടു, പ്രാണമരുത്തു പായിച്ചു സാമ്രാജ്യദുർമോഹങ്ങളുടെ ഉരുക്കായുധങ്ങൾ വാർത്തെടുക്കുകയാണവിടെ.

ഇതാ ചൂററികകളുടെ ഒരു സംഭ്രാന്തപ്രവാഹം! കത്തീഡ്രലുകളെ തല്ലിത്തകക്കുകയും പൂർവ്വവിശ്വാസങ്ങളെ തച്ചുടക്കുകയും ശ്വസിക്കുന്ന മനുഷ്യന്റെ തുടിക്കുന്ന ഉടലിൽനിന്നും കുത്തിപ്പറിച്ച ശംഖുകളിലൂടെ ഒപ്പം ചുടുചോരയും വിപ്ളവധ്വനിയുമൊഴുക്കിക്കൊണ്ടു കടന്നുപോകുന്ന ആ സംഹാരജാഥ. ഉഗ്രമായ അതിന്റെ ആഘാതമേററു അസ്ഥികൾ തകരുകയാണു്, സിരകൾ ചിതറുകയാണു്, ആത്മാവിനെ ശരീരമാകുന്ന പഞ്ജരത്തിൽനിന്നു തല്ലിപ്പായിക്കുകയാണു്. കുടുംബബന്ധം തകരുകയാണു്—ചാരിത്രം ചിതറുകയാണു് അഭിപ്രായസ്വാതന്ത്ര്യം ഞെരിയുകയാണു്, മനുഷ്യത മരവിക്കുകയാണു്.

ഹാ! നികൃഷ്ടമായ കമ്യൂണിസമേ, നീ ഞെളിയുകയാണോ? നീ ഞെളിയേണ്ടാ. ഒട്ടും ഞെളിയേണ്ടാ. ഞങ്ങളുടെ തലമുറയുടെ ചെവമുററത്തു ചിന്നിക്കിടക്കുന്ന ഹൃദയശൂന്യതയുടെ വൃത്തിഹീനതകളെ അടിച്ചുവാരുവാൻ ഈശ്വരകരങ്ങൾ എടുത്തുപയോഗിക്കുന്ന കുററിച്ചൂലാണു നീ. സമുദായത്തിന്റെ അങ്ങേപ്പുറത്തു അടിഞ്ഞുകൂടുന്ന മാലിന്യങ്ങളെ, അവിശ്വാസത്തെ, അശ്ലീലതയെ അസന്മാർഗ്ഗികതയെ, അവിവേകത്തെ, അവഹേളനത്തെ, അധികാരവിദ്വേഷത്തെ, കളവിനെ, ചതിയെ, അരാജകത്വത്തെ കോരിമാററുവാനുള്ള ഇന്നൂററാണ്ടിന്റെ തോട്ടിയാണു നീ. ഇതാ മാല്യന്യങ്ങൾ, ജീർണ്ണിപ്പുകൾ, നിർക്കെട്ടുകൾ, വ്രണങ്ങൾ, വൃത്തികേടുകൾ, ഇവയെല്ലാം നീ നിന്റെ ഭൗതികതയുടെ പൊള്ളയായ ഉന്തുവണ്ടിയിൽ കയററിക്കൊള്ളു.

അതാ വരുന്നു ആ പഴയ സപ്പം പുതിയ പുറംചട്ടയുമായി സപ്പം! സപ്പം! അതേ, ആ സർപ്പംതന്നെ. അന്നു, ഹൗവായെ, ആദത്തെ, ലോകത്തെ വഞ്ചിച്ച ആ സപ്പംതന്നെ. അന്നത്തെ ഏദൻ ഇന്നത്തെ റഷ്യ. അന്നത്തെ മരം ഇന്നത്തെ മുന്നണി. അന്നത്തെ പഴം ഇന്നത്തെ പദാത്ഥവാദം. സപ്പം ലെനിൻ, സ്റ്റാലിൻ, മലംകോവു, ക്രൂഷേവുപ്രഭൃതികളാൽ ആരാധിക്കപ്പെടുന്ന കമ്യൂണിസനാഗം.

മുന്നണിനേതാക്കളായ ഹാവാക്കളെ കബളിപ്പിച്ചു് ഇതാ ആ ശാപത്തിന്റെ ഫലം ആദത്തിന്റെ ശിഖരങ്ങളാകുന്ന ആധുനിക പൗരന്മാരിലേക്കു കൈമാറപ്പെടുകയാണു. മനുഷ്യൻ, സ്വേച്ഛാധിപതി. ദൈവമാകുന്ന—രാഷ്ട്രം പറുദീസ ആകുന്ന—ആ വാഗ്ദത്തവ്യവസ്ഥിതിയിൽ ഇതാ നൈരാശ്യത്തിന്റെ നഗ്നതയുമായി പ്രതിദിനം അനേകായിരങ്ങൾ മഞ്ഞിൻകുമ്പാരങ്ങളുടെ വെള്ളിലക്കാടുകളിലേക്കു വലിഞ്ഞോടുന്നു. കമ്യൂണിസ്ററു ചാരന്മാരായ കായേൻമാർ ആയിരക്കണക്കിനു സഹോദരന്മാരെ പ്രതിരാത്രം ലിക്വിഡേററുചെയ്യുന്നു.

അവൾ വരുന്നു. ഇതാ നീലനീലമായ ആകാശത്തിന്റെ അപാരതയിലൂടെ അവൾ വരുന്നു. തന്റെ ശിശുവിനെ, തന്റെ പൊന്നോമനയെ, കാൽവരിയിൽ വേദന അനുഭവിച്ചു പ്രസവിച്ച തന്റെ തങ്കത്തിടമ്പിനെ അതേ, ക്രിസ്തുവിന്റെ മൗതികഗാത്രത്തെ, ആ ലവിയത്താൻ വിഴുങ്ങുവാൻ വായ്പൊളിക്കുന്നതു അവൾ കാണുന്നു. തന്റെ ചോരക്കുടത്തെ ഒഴുക്കിക്കളയുവാൻ വ്യാജപ്രചാരണ ബുദ്ബുദങ്ങൾ അമ്പൻ വമിക്കുന്നതു അവൾ കാണുന്നു. പക്ഷേ, അവളുടെ വിമല പാദങ്ങൾക്കുള്ള സർവ്വശക്തദത്തമായ ചൈതന്യം അതറിയുന്നില്ലേ. അമ്മേ, ചവിട്ടു ഒന്നമർത്തിച്ചവിട്ടു. അതിന്റെ തല തകരട്ടെ, ചിതറിത്തെറിക്കട്ടെ.

മറിയമേ, വരൂ. മതിഭ്രാന്തു മുഴുത്ത ശിരസ്സുകളിൽ നീ വേണം തലംവയ്ക്കുവാൻ. സൗന്ദര്യമേ, വരൂ. സൗന്ദര്യഭ്രാന്തുമുഴുത്ത ലോകത്തിൽ നീ വേണം ശാന്തി നൽകുവാൻ. ഈശ്വരസമേതേ, നീ വരൂ അനീശ്വരത പടന്ന ഈ ലോകത്തു നീ വേണം ഈശ്വരനെ സമ്മാനിക്കുവാൻ. സ്നേഹറാണി, വരൂ. പ്രേമത്തിന്റെ പെട്ടിപ്പാട്ടുകളുടെ ഈ ലോകത്തെ നിന്റെ സ്വർഗ്ഗീയമായ സ്നേഹലാവണിവേണം പൊട്ടിമുഴങ്ങുവാൻ. നാകകന്യകേ, വരൂ. നാഗങ്ങളുടെ ഈ നാട്ടിലേക്കു വരൂ നിന്റെ മുളംകുഴൽ വിളി പോരും ഈ കുടിലലോകത്തിനു നിഗളപാളകളാകുന്ന നാഗനിരകളെ പാട്ടിലാക്കുവാൻ. നിന്റെ തൂമുരളിയുടെ മധുരഗാനത്തിനൊത്തു അവ ആടുകയാണ്. ഇതാ ഒന്നുകൂടി ഞങ്ങളുടെ ഹൃദയങ്ങളുടെ ചെമ്പകക്കാവുകളിലേക്കു ഉൽപത്തിയുടെ സർപ്പക്കാവുകളിൽനിന്നു തലമുറകളുടെ കല്പടകളിറങ്ങി ആ വിഷസർപ്പം വരുകയാണു. നീ നിന്റെ ഉദരം പിളന്നു ആ പിച്ചളസർപ്പത്തെ പുറത്തെടുക്കൂ. മരുഭൂമിയിൽ യഹൂദന്മാർ എന്നപോലെ മദ്ധ്യഭാരതത്തിൽ ഞങ്ങളും അതിനെനോക്കി മുക്തിയടയട്ടേ.

അമ്മേ, വഞ്ചിതരായ നിന്റെ വത്സലരെ നീ ഉപേക്ഷിക്കരുതേ. അവരും നിന്റെ ഓമനകളാണല്ലോ. നീ നിന്റെ ഗർഭത്തിൽ വഹിച്ച ബോധജ്ഞാനം ആകുന്ന ഭദ്രദീപം കൊളുത്തു അപ്പോൾ അജ്ഞതയുടെ തമസ്സുറഞ്ഞ തലച്ചോറുകൾ പ്രകാശിക്കും. നീ നിന്റെ ഹൃദയത്തിൽ ശ്രുതിയിണക്കിയ സ്നേഹത്തിന്റെ മൃദുവീണമീട്ടു. അപ്പോൾ അവരുടെ ഹൃദയങ്ങൾ ആനന്ദത്തിന്റെ മലർക്കാവുകളിൽ ആനന്ദനൃത്തം വയ്ക്കും. നീ നിന്റെ പവിത്രമായ മാതൃത്വത്തിന്റെ സ്വർഗ്ഗീയമായ സ്വാധീനത പ്രയോഗിക്കൂ. അപ്പോൾ അവരുടെ ചേതസ്സുകൾ നിവൃതികൊള്ളും. ഏക ദൈവത്തിന്റെ പിതൃത്വത്തിൽ അടിയുറച്ച സാഹോദര്യവും തജ്ജന്യമായ സമത്വവും അതിൽനിന്നു ഉറവുപൊട്ടുന്ന ശാന്തിയും അപ്പോൾ ചക്രവാളത്തിന്റെ ചിറേറാളങ്ങളിൽ പൊന്നലുക്കുകളണിയിക്കും. അപ്പോൾ കൂട്ടകൃഷിയുടെ സ്ഥാനം പവിത്ര കുർബാനയും, കൂട്ടക്കൊലയുടെ സ്ഥാനം കുരിശിലെ ബലിയും ഏറെറടുക്കും. അപ്പോൾ ഇങ്ക്വിലാബുകൾ ക്രിസ്തുഗീതികളും സിന്ദാബാദുകൾ ഓസാനാരവങ്ങളും ആകും.

അവൾ വരുന്നു, നീലനീലമായ ആകാശത്തിന്റെ അപാരതയിലൂടെ അവൾ വരുന്നു. ആശവെടിഞ്ഞ ലോകമേ, നോക്കൂ, ആശതരുന്ന കുളിർവീചികൾ ആരചിച്ചുകൊണ്ട് ആ നീലവസനവിലോല, വിഷം വമിക്കുന്ന കമ്യൂണിസനാഗത്തിന്റെ രക്തശീർഷത്തെ ചവിട്ടിമെതിക്കുവാൻ വരുന്നതു നോക്കൂ.

ഹാ! ആ ദൃശ്യം മായാതെ, മറയാതെന്നുമെന്നുമെന്റേതായി അങ്ങനെ നിന്നിരുന്നെങ്കിൽ!

---

## മറിയത്തിന്റെ ശക്തിയും വല്ലഭവും

മറിയം വാഗ്ദാനങ്ങളിൽ വിശ്വസ്തയും, ഭക്തദാസന്മാർക്കു ദാനങ്ങൾ നൽകുന്നതിൽ ഉദാരമതിയുമാണ്.

മാലാഖാമാരുടെ സ്തോത്രഗീതങ്ങൾ അനുഭവിച്ചാനന്ദിക്കുന്നതിനിടയിൽ മനുഷ്യരുടെ വണക്കങ്ങളേയും അവൾ ആദരിക്കുന്നു.

നിർഭാഗ്യവാന്മാരുടെ മേൽ മനസ്സലിഞ്ഞ് അവൾ കണ്ണുനീർ ചിന്തുന്നു; പീഡിതരുടെ ക്ലേശങ്ങളിൽ സഹതപിക്കുന്നു; പ്രലോഭനങ്ങളെ ജയിക്കാൻ സഹായിക്കുന്നു; അർത്ഥികൾക്കെല്ലാം എപ്പോഴും ആശിസ്സരുളുന്നു.

ആശ്രിതബോധത്തോടും ഭക്തിയോടുംകൂടെ അവളുടെപക്കൽ ആശ്വാസം തേടുന്നവരും, അവളുടെ തിരുനാമം വിളിച്ചപേക്ഷിക്കുന്നവരും ധാരാളം ആശ്വാസം പ്രാപിക്കുന്നു.

(മറിയാനുകരണം)

# ഈസ്ററർ

(റൈററ് റവ മോൺ. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ)

ക്രിസ്തുയേശു മരണത്തെയും കബറിനെയും പരാജയപ്പെടുത്തിക്കൊണ്ട് പുനരുത്ഥാനം ചെയ്തതിൻെറ ഓർമ്മദിവസം ആണല്ലോ ഈസ്റ്റർ. ഒരാൾ മരിച്ചശേഷം ഉയിർക്കുക എന്ന സംഗതി വിശ്വസിക്കാൻ പ്രയാസമുള്ളതാണ്. ആ കാരണത്താൽ ക്രിസ്തുവിൻെറ ഉയിർപ്പിനെ നിഷേധിക്കുന്നവരും ഉണ്ട്. അവർ പറയുന്നത് ക്രിസ്തു ഉയിർത്തു എന്നതു അദ്ദേഹത്തോടു ഭക്തിയും ബഹുമാനവും ഉള്ളവരാരോ പറഞ്ഞുപരത്തിയ ഒരു അത്ഭുതവാർത്തയാണെന്നാണ്. നമ്മുടെ ശ്മശാനത്തിൽ സംസ്കരിക്കപ്പെട്ടവരിൽ ആരെങ്കിലും ഉയിർത്തെഴുന്നേററു എന്നു പറഞ്ഞാൽ നാം അതു വിശ്വസിക്കയില്ല എന്നാൽ ആലോചിച്ചു നോക്കുമ്പോൾ ക്രിസ്തുയേശുവിൻെറ ഉയിർപ്പ് അത്ര എളുപ്പത്തിൽ അയഥാർത്ഥമാണെന്ന് പറഞ്ഞു തള്ളിക്കളയാവുന്ന ഒന്നല്ലെന്നു കാണാൻ കഴിയും. ക്രിസ്തുമതത്തിൻെറ ആവിർഭാവംതന്നെ ക്രിസ്തുയേശുവിൻെറ ഉയിർപ്പിലുള്ള വിശ്വാസത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.

## ക്രിസ്തുമതം ഉണ്ടായതെപ്പോൾ? എങ്ങിനെ?

ക്രിസ്തു ഒരു സഭയെ പണിയും എന്നു പറഞ്ഞിട്ടുണ്ട് എന്നല്ലാതെ പണിതതായി രേഖ ഒന്നും ഇല്ലല്ലോ. എല്ലാ സഭകളിലും സമൂഹങ്ങളിലുള്ള വിശുദ്ധന്മാരെ ചേർത്ത് ക്രിസ്തു ഒരു സഭപണിയാൻ ഇരിക്കുന്നതേയുള്ളു എന്നും, ഇതേവരെയും അതു പണിതിട്ടില്ലെന്നും പറയുന്ന ചില പ്രോട്ടസ്റ്റൻറുകാർ ഉണ്ട്. അവരുടെ വാദം സാധൂകരിക്കാവുന്നതല്ല. കാരണം രക്ഷിക്കപ്പെടേണ്ടുന്നവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നു വേദപുസ്തകത്തിൽ നാം വായിക്കുന്നു. (നട. 2:47). ഇതിൽനിന്നു സഭ ആദ്യകാലംമുതലേ ഉണ്ടായിരുന്നതായി ഗ്രഹിക്കാവുന്നതാണ്. അതിനാൽ ക്രിസ്തു തൻെറ സഭയെ പണിതിട്ടില്ലെന്നും പണിയാനിരിക്കുന്നതേ ഉള്ളു എന്നും അതു് എല്ലാസഭകളിലേയും സമൂഹത്തിലേയും വിശുദ്ധന്മാരെ ചേർത്താണെന്നും ഉള്ള ഉപദേശം പൈശാചികമാണെന്നുവരുന്നു.



(ലേഖകൻ)

ക്രിസ്തു മരിക്കുകയും ഉയിർക്കുകയും ചെയ്ത അതേ ആണ്ടിൽതന്നെ ക്രിസ്തുവിൻെറ സഭയും ഉണ്ടായി.

ക്രിസ്തുവിൻെറ ഉയിർപ്പ് കഴിഞ്ഞു 50-ാം ദിവസം പെന്തിക്കോസ്ത് പെരുനാളിൽ ശ്ലീഹന്മാരുടെ തലവനായ പത്രോസ് പെരുനാളിനു വന്ന ജനക്കൂട്ടത്തിൻെറ നടുവിൽ എഴുന്നേററുനിന്ന് ക്രിസ്തുവിൻെറ ഉയിർപ്പിനെക്കുറിച്ചു പ്രസംഗിച്ചു. "യേശുവിനെ നിങ്ങൾ കുരിശിൽ തറച്ചുകൊന്നു. എന്നാൽ അദ്ദേഹത്തെ അടക്കിവച്ചു കൊണ്ടിരിപ്പാൻ മരണത്തിനു കഴിഞ്ഞില്ല. അദ്ദേഹം ഉയിർത്തെഴുന്നേററു" (നട. 2:24)

"ഞങ്ങൾ എല്ലാവരും അതിനു സാക്ഷികളാകുന്നു." (32–10 വാക്യം) എന്നു പ്രസംഗിച്ചു. പ്രസംഗം കേട്ട യൂദന്മാരിൽപലരും അനുതപിച്ചു തങ്ങൾ എന്തു ചെയ്യണമെന്നു ചോദിച്ചു. നിങ്ങൾ ജ്ഞാനസ്നാനം സ്വീകരിക്കണമെന്ന് പത്രോസ് പറഞ്ഞു. തദനുസരണം മൂവായിരത്തോളം പേർ അന്ന് ജ്ഞാനസ്നാനം ഏററ് സഭാംഗങ്ങളായി തീർന്നു രണ്ടാമത്തെ പ്രസംഗത്തിൽ അയ്യായിരത്തോളം പേർ സ്നാനപ്പെട്ട സഭാംഗങ്ങളായി. അവർ ക്രിസ്തുവിൻെറ ഉയിർത്തെഴുനേല്പിൽ വിശ്വസിച്ചിരുന്നു. അവർ അപ്പസ്തോലന്മാരുടെ സംസർഗ്ഗത്തിലും ദിനം പ്രതിയുള്ള അപ്പംനുറുക്കലിലും(വി.കുർബ്ബാനയിലും) സംബന്ധിച്ചുപോന്നു ഇങ്ങിനെയാണ് ക്രിസ്തീയസഭ ഉണ്ടായതു്

## ക്രിസ്തു ഉയിർത്തെഴുന്നേററു എന്നതു സംഭവ്യമോ?

യേശു ഉയിർത്തെഴുന്നേററു എന്നതു് അസാധാരണമായ ഒരു സംഭവമത്രേ. എന്നാൽ അതു നടന്നിട്ടുള്ളതല്ലായിരുന്നെങ്കിൽ അപ്രകാരം തെളിയിക്കാൻ ഒരു പ്രയാസവുമില്ലായിരുന്നു. യേശു മരിച്ചടക്കപ്പെട്ടിട്ട് അന്ന് 50 ദിവസം മാത്രമേ ആയിരുന്നുള്ളു യേശു മൂന്നു വർഷം മാത്രമേ തൻെറ പരസ്യ ശുശ്രൂഷയ്ക്കായുപയോഗിച്ചുള്ളു. ആ ഇടകൊണ്ടു് താൻ ഭൂതങ്ങളെ പുറത്താക്കിയവരും ഉയിപ്പിച്ചവരും രോഗങ്ങൾ സൗഖ്യമാക്കിയവരും തൻെറ കുരിശുമരണം കണ്ടവരും അവരുടെ ബന്ധുക്കളും മററും ആണ് ആദ്യമായി സഭയിൽ ചേർന്നതെന്നനുമാനിക്കുന്നതിൽ തെററില്ല തൻെറ കബറിടം ഇരുന്ന സ്ഥലത്തിന് അടുത്തുള്ളവരാണു് ആദ്യമായി സഭയിൽ ചേർന്നതു്. ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലായിരുന്നെങ്കിൽ അതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ തൻെറ കബറിടം തുറന്നുകാണിച്ചാൽ മതിയായിരുന്നു. 50 ദിവസംകൊണ്ടു് ഒരു മൃതശരീരം മുഴുവനായി അഴുകി നശിച്ചുപോകുന്നതല്ല യേശുവിനെ അടക്കിയ കല്ലറയിൽ മററാരേയും അടക്കിയിട്ടുള്ളതല്ല. അതിനാൽ അതിൽ അവർ കാണിക്കുന്ന മൃതശരീരംമററൊരാളിൻേറതാണെന്നുള്ള തക്കമൊന്നും ഉണ്ടാകാൻ വകയില്ലായിരുന്നു. ആ കല്ലറ പാറയിൽ പുതുതായി കുഴിച്ചുണ്ടാക്കിയതായിരുന്നതിനാൽ മൃതശരീരത്തിൻെറ അവശിഷ്ടങ്ങൾ മുഴുവൻ പൊടിഞ്ഞുപോയിരുന്നാലും ആ പൊടിയെങ്കിലും അവിടെ കാണിക്കാമായിരുന്നു. കല്ലറയുടെ വാതിൽ ഒരു കല്ലുകൊണ്ടടച്ചിരുന്നു. അതു നീക്കാൻ പ്രയാസമില്ലായിരുന്നു. ഇങ്ങിനെയൊക്കെ ആയിരുന്നെങ്കിലും ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലെന്നുകാണിപ്പാൻ ആ കബറിടംഒന്നു തുറക്കുന്നതിന് അന്നാരും തുനിഞ്ഞില്ല ക്രിസ്തു മരിച്ചു മുന്നൂറോ അഞ്ഞൂറോ വർഷം കഴിഞ്ഞു് വളരെ ദൂരെയുള്ള ഇംഗ്ലണ്ടിലോ ഇന്ത്യയിലോ ചെന്നു് ക്രിസ്തു ഉയിർത്തെഴുന്നേററു എന്നു് പ്രസംഗിക്കയായിരുന്നെങ്കിൽ അതു കള്ളമാണെന്നു തെളിയിക്കാൻ പ്രയാസമാകുമായിരുന്നു. എന്നാൽ സംഭവിച്ചതങ്ങിനെയല്ല. മരിച്ചു 50 ദിവസം കഴിഞ്ഞു് അദ്ദേഹത്തെ അടക്കിയ സ്ഥലത്തുവച്ചു് ക്രിസ്തു ഉയിർത്തെഴുന്നേററു എന്നു് പ്രസംഗിക്കയും അതുകേട്ടു് ആയിരക്കണക്കിനു യഹൂദന്മാർ ക്രിസ്ത്യാനികളാകുകയും അങ്ങിനെ ക്രിസ്തീയ സഭ ഉത്ഭവിക്കുകയുമാണു് ചെയ്തതു്.

ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലെന്നു തെളിയിക്കേണ്ട ആവശ്യം അന്നത്തെ യഹൂദന്മാക്കുണ്ടായിരുന്നു, താൻ ഉയിർത്തെഴുന്നേൽക്കുമെന്ന് അദ്ദേഹം മുൻകൂട്ടി പറഞ്ഞിട്ടുണ്ടെന്നും അതു സംഭവിച്ചെന്നു വരുത്തുവാൻ അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ വല്ലവരും വന്ന് തൻെറ മൃതശരീരം എടുത്തു മാററിയിട്ട് താൻ ഉയിർത്തെഴുന്നേററു എന്നു പറഞ്ഞു് ജനങ്ങളെ കബളിപ്പിച്ചേക്കാം എന്നും, അങ്ങിനെ വന്നാൽ അതു ക്രിസ്തുമൂലം മുമ്പുണ്ടായ സംഭവങ്ങളേക്കാൾഎല്ലാം തങ്ങൾക്കു ആപൽക്കരമായി ഭവിച്ചേക്കുമെന്നും അതിനാൽ കബറിന് സുശക്തമായ കാവൽ ഏപ്പെടുത്തണമെന്നും യഹൂദപ്രമാണികൾ പീലാത്തോസിനോടു പറഞ്ഞതായും അതിനു മറുപടിയായി "നിങ്ങൾക്കു കാവൽക്കാർ ഉണ്ടല്ലോ; അവരെക്കൊണ്ടു് വേണ്ട കാവൽ ഇടുവിച്ചുകൊൾവിൻ" എന്നു പീലാത്തോസ് അനുവദിച്ചതായും തദനുസരണം അവർ വേണ്ട കാവൽ ഏപ്പെടുത്തിയിരുന്നതായും നാം വായിക്കുന്നു.

എന്നാൽ ക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയാണ് ചെയ്തതു്. തത്സമയം ഉണ്ടായ അത്ഭുതങ്ങൾ കണ്ടു് പടയാളികൾ അമ്പരന്ന് ബോധരഹിതരായിപ്പോയി. യഹൂദന്മാർ കാവൽക്കാരിൽനിന്നും ഈ വിവരം

അറിഞ്ഞപ്പോൾ ക്രിസ്തുവിൻെറ ശിഷ്യന്മാർ രാത്രിയിൽ വന്ന് മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്ന് കള്ളസാക്ഷി പറയണമെന്ന ചട്ടംകെട്ടിഅവക്കു കൈക്കൂലികൊടുത്തു. അവരെ ഗവമ്മെൻറ ശിക്ഷിക്കാതിരിക്കുവാൻ തങ്ങൾ വേണ്ടതെല്ലാം ചെയ്തുകൊള്ളാമെന്ന് അവക്കു നല്ല ഉറപ്പുകൊടുത്തു. ക്രിസ്തുയേശു ഉയിത്തെഴുന്നേററിട്ടില്ലായിരുന്നെങ്കിൽ യഹൂദന്മാക്ക് ഇതിൻെറയൊന്നും ആവശ്യം ഉണ്ടാകയില്ലായിരുന്നു ഈ വക നടപടികൾ നോക്കുമ്പോൾ ക്രിസ്തു ഉയിത്തെഴുന്നേററ എന്ന സംഗതി യഹൂദപ്രമാണികൾപോലും വിശ്വസിച്ചിരുന്നതായി നിണ്ണയിക്കാവുന്നതാണ്.

## ഗവമ്മെൻറിന് ആവശ്യമുണ്ടായിരുന്നു.

ക്രിസ്തു ഉയിത്തെഴുന്നേററ എന്നു പറയുന്നതു് വ്യാജമാണെന്നു തെളിയിക്കേണ്ട ആവശ്യം പീലാത്തോസിനും അദ്ദേഹത്തിൻെറ ഗവമ്മെൻറിനും ഉണ്ടായിരുന്നു. ക്രിസ്തുവിൻെറ കബറിടം പീലാത്തോസിൻെറ അധികാരാതൃത്തിയിൽ പെട്ട യറുശലേമിൽതന്നെ ആയിരുന്നു. തൻെറ അടക്കം കഴിഞ്ഞിട്ട് ദിവസങ്ങൾ 50–ൽ അധികം ആയിട്ടില്ല. ആ സ്ഥിതിക്ക് ക്രിസ്തു ഉയിത്തെഴുന്നേററിട്ടില്ലായിരുന്നെങ്കിൽ അതു തെളിയിക്കാൻ എളുപ്പമായിരുന്നു. കബർ തുറന്ന് ആ മൃതശരീരം കാണിച്ചാൽ മതിയായിരുന്നു. അങ്ങിനെ ചെയ്തില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഉയിക്കുവാൻ തക്ക പരിശുദ്ധനും, ദൈവപുത്രനും, അത്ഭുതപ്രവത്തകനുമായ ഒരു പരിശുദ്ധനെ അതിദാരുണമായി ഉപദ്രവിച്ച് കുരിശിൽ തറച്ചു കൊല്ലാൻ വിധിയെഴുതിയ ഒരു നീച ഗവമ്മെൻറായിരുന്നു പീലാത്തോസിൻേറതെന്നും പീലാത്തോസ് അതിൻെറ നായകനാണെന്നും വരുമായിരുന്നു. അതിൽപ്പരം അപമാനകരമായ യാതൊന്നും അദ്ദേഹത്തിനില്ലായിരുന്നു. അതിനാൽ ക്രിസ്തു ഉയിത്തെഴുന്നേററിട്ടില്ലെന്നു തെളിയിക്കേണ്ടതു് പീലാത്തോസിൻെറ ഗവമ്മെൻറിന് ആവശ്യമായിരുന്നു. എന്നിട്ടും അതിനാരും തുനിയുന്നില്ല. അതിൽനിന്നും ക്രിസ്തു ഉയിത്തെഴുന്നേററ എന്ന സംഗതി പീലാത്തോസിനും ഗവമ്മെൻറിനും ബോദ്ധ്യപ്പെട്ടിരുന്നതായി തെളിയുന്നു.

ഇങ്ങിനെ എന്തുചെയ്യണമെന്നറിയാതെ യഹൂദപ്രമാണികളും ഗവമ്മെൻറും ഇതികത്തവ്യതാമൂഢരായിരിക്കുമ്പോൾ യഹൂദ ജനതതി ആയിരമായിരങ്ങളായി ഉയിത്തെഴുന്നേററവനായ ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ ഏററ് ക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചുകൊണ്ടിരുന്നു ഗവമ്മെണ്ടിൻെറ വലിയ ശമ്പളം പററുന്ന മേലുദ്യോഗസ്ഥന്മാക്കും യഹൂദസഭയിലെ പ്രമാണികൾക്കും ഈ ഉയിർപ്പ് ഇത്രമാത്രം ബോദ്ധ്യമായിരുന്നിട്ടും അതനുസരിച്ച് പ്രവത്തിപ്പാൻ അവർ ഒരുങ്ങിയില്ലല്ലോ എന്നുള്ളതാണ് ഇതിലെ അത്ഭുതം ഇന്നും ഇതുപോലെ എത്രയോപേർ കത്തോലിക്കാസഭയാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്നറിഞ്ഞിട്ടും അതിൽ ചേരാതെ മാറിനിന്നുകൊണ്ടു് അതിനെ ദ്രോഹിക്കുന്നു ഇതത്ഭുതമല്ലയോ? സാധുക്കൾ ആയിരക്കണക്കിനു ചേരുകയും ചെയ്യുന്നു

## ക്രിസ്തുവിൻെറ അനുഗാമികൾ.

നീചനിപനാക്കി ക്രൂശിൽ തറച്ചു കൊന്ന യേശുക്രിസ്തു ഉയിത്തെഴുന്നേററ എന്ന യാഥാത്ഥ്യം പ്രസംഗിച്ച ശ്ലീഹന്മാരെയും അവരുടെ അനുയായികളെയും യഹൂദന്മാർ അതികഠിനമായി ഉപദ്രവിച്ചു "ഇനി നിങ്ങൾ യേശുവിൻെറ നാമത്തിൽ സംസാരിക്കരുതു്" എന്നു വിലക്കി. ആ വിലക്കിനെ അതിലംഘിച്ചവരെയെല്ലാം ദേഹോപദ്രവം ഏല്പിച്ചു. യേശു ഉയിത്തെഴുന്നേററിട്ടില്ലായിരുന്നെങ്കിൽ ഈ ഭീഷണിപ്പെടുത്തലിൻെറ ആവശ്യം ഉണ്ടാകയില്ലായിരുന്നു ആ കബറിടം തുറന്നിട്ടാൽ മതിയായിരുന്നു. അതിനവർ തുനിയാതെ ഭീഷണിപ്പെടുത്തുകയാണു ചെയ്തതു്. ഇനിയും ശിഷ്യന്മാരെ നോക്കുക. യേശു ഉയിത്തെഴുന്നേററ എന്ന കാര്യം അവർ വകഞ്ഞുണ്ടാക്കിയ വല്ല കാര്യവുമായിരുന്നെങ്കിൽ ദണ്ഡനവും, കല്ലേറും കഴുത്തുമുറിക്കലും, കുരിശിൽ തറയ്ക്കലും, അനുഭവിക്കേണ്ടിവരുമെന്നു കണ്ടപ്പോഴെങ്കിലും പ്രാണരക്ഷാത്ഥം അതു് തുറന്നു സമ്മതിച്ചുപോകുമായിരുന്നു. ക്രിസ്തു ഉയിത്തെഴുന്നേററ എന്ന പ്രസംഗത്തിൽ വല്ല വ്യാജവും ഉണ്ടായിരുന്നെങ്കിൽ അതു് ശ്ലീഹന്മാരുടെമേൽ നടത്തിയ കയ്യേററ സമയത്തു് അവർതന്നെ വെളിപ്പെടുത്തുമായിരുന്നു. എന്നാൽ യേശുവിൽ തങ്ങളുടെ ആത്മാ

# മറെറാരു മിൻസെന്തി

Adapted from the periodical "America Aug. 11, 1956"

(By Rev. Joseph M. C. B. S.)

മർദ്ദിത ചൈന ഏകദേശം രണ്ടുകൊല്ലത്തോളമായി ഏതാണ്ടൊരു പ്രശാന്തത അനുഭവിക്കുവാൻ തുടങ്ങിയിട്ട്. അങ്ങുമിങ്ങുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില ചിറലുകളും പൊട്ടലുകളുമൊഴികെ, മററു യാതൊന്നും ആ 'ഭീകരപ്രശാന്തതയെ' ഭഞ്ജിച്ചിരുന്നില്ല. എങ്കിലും ഒരു കനത്ത വിഷാദാത്മകത്വം ആ ക്രിസ്തീയാന്തരീക്ഷത്തെ ഭയാനകമാക്കിത്തീത്തിരുന്നു. സമീപസ്ഥ ഭൂതകാലചിന്തകൾ ഓരോ ക്രൈസ്തവന്റെയും നെററിത്തടത്തിൽ പുതിയ പുതിയ ചുളിവുകൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. ഭീകരസംഭവങ്ങൾ ഏതൊരവസരത്തിലും മലവെള്ളം കണക്കേ പൊട്ടിപ്പുറപ്പെടാം. ക്രമാനുഗതമായി നടന്നുകൊണ്ടിരിക്കുന്ന വൈദികന്മാരുടെ അറസ്ററുകൾ അവരുടെ ചിന്താഗതികളെ ദൃഢതരമാക്കി. അങ്ങനെയിരിക്കവെയാണ് 1955 സെപ്ററംബർ 8-ാംതിയതി സ്തംഭിപ്പിക്കുന്ന ആ അറിയിപ്പുണ്ടായതു്. അന്നുരാത്രി യാതൊരു ക്രൈസ്തവനും സ്വഭവനംവിട്ടു പുറത്തിറങ്ങിക്കൂടാ. പോലീസധികൃതസ്ഥാനങ്ങളിൽനിന്നുള്ള ആ സുഗ്രീവാജ്ഞാശ്രവണം ക്രൈസ്തവരിൽ അശനിപാതപ്രഹരമേററ പ്രതീതിയുളവാക്കി. പ്രകൃതി കാളിമയുടെ കരിമ്പടമിട്ടു നിദ്രയ്ക്കണഞ്ഞപ്പോൾ ആശങ്കാഭരിതമായ മുഖങ്ങൾ ഓരോ ക്രൈസ്തവ ഭവനത്തിന്റേയും ജനലുകളിൽക്കൂടി ഉററുനോക്കിക്കൊണ്ടിരുന്നു, ആസന്നമായ ഏതോ ഒരു ഭീകരരംഗം ദർശിക്കുവാനായി. രാത്രിയുടെ ഇരുളടഞ്ഞ യാമങ്ങളിൽ തെരുവീഥികളിലൂടെ പോലീസ് വാഹികളായ ജീപ്പുകളും ട്രക്കുകളും മാരകാവേശത്തോടെ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. വൈദികഭവനങ്ങൾ, പ്രമുഖ

---

വിനെ ഭരമേല്പിച്ചുകൊണ്ടു്; ദൈവത്തേക്കാൾ ക്രൂരതലായി മനുഷ്യരെ ഭയപ്പെടുന്നതു ശരിയല്ലെന്നു പറഞ്ഞുകൊണ്ടു്, അവർ മരണം കൈവരിക്കുകയാണു ചെയ്തതു്. ലോകത്തിൽ വേറൊരു കാര്യത്തിനും ഇത്ര കറയററ സാക്ഷികളെ കിട്ടിയിട്ടില്ല. അവരിൽ ചിലർ ഉയിർത്തെഴുന്നേററ ക്രിസ്തു സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നതു കണ്ടുകൊണ്ടും അതു സാക്ഷിച്ചുകൊണ്ടും മരണം വരിച്ചു. ഇതിൽനിന്നും യേശു ഉയിർത്തെഴുന്നേററു എന്ന സംഗതി ഒരത്ഭുതമായി തോന്നാവുന്നതാണെങ്കിലും, അതു് യഥാർത്ഥത്തിൽ നടന്ന ഒരു സംഭവംതന്നെ ആയിരുന്നു എന്നു് വിശ്വസിക്കാവുന്നതാണു്.

പരിശുദ്ധനായ ഒരു മനുഷ്യനെ നീചവേഷമണിയിച്ചു്, "അവനെ നീക്കിക്കളക" എന്നു് ജനാവലിയെക്കൊണ്ടു് അട്ടഹസിപ്പിച്ചു്, നീതി നിവർത്തിക്കുവാനുള്ള ഗവമ്മെൻറിനെ സ്വാധീനപ്പെടുത്തി വിധി സമ്പാദിച്ചു്, അപമാനിച്ചു്, കുരിശിൽ തറച്ചു, കൊന്നാലും ദൈവം ആ മനുഷ്യന്റെ പരിശുദ്ധതയെ വെളിപ്പെടുത്തുകയും ജനങ്ങൾ മറച്ചുകളഞ്ഞ സത്യം അത്ഭുതകരമാംവണ്ണം ദൈവം പരസ്യമാക്കുകയും ചെയ്യാതിരിക്കുകയില്ല.' "അറയ്ക്കകത്തിരുന്നു് മനുഷ്യർ രഹസ്യത്തിൽ ആലോചിക്കുന്നതു് പുരമുകളിൽനിന്നു പ്രസംഗിക്കപ്പെടും." എന്നതെത്രയും സത്യമാണു്. യേശു മരിച്ചവരിൽനിന്നുയർക്കുകയും പലയിടത്തുവച്ചും പലർക്കും പ്രത്യക്ഷപ്പെടുകയും പല കാര്യങ്ങളെക്കുറിച്ചു് സ്വശിഷ്യരോടു സംസാരിക്കുകയും ചെയ്തു. യേശു നിന്നെയും ഉയിർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തന്നോടുകൂടെ നിന്നെയും സ്വർഗ്ഗത്തിൽ ഇരുത്തണമെന്നു ആഗ്രഹിക്കുന്നു. നീ യേശുവിനെ വിശ്വസിക്കുകയും അദ്ദേഹത്തെ അനുകരിക്കുകയും ചെയ്യുമോ? സ്വർഗ്ഗീയാനുഭവങ്ങളെക്കുറിച്ചു നമ്മെ പഠിപ്പിക്കുവാൻ സ്വർഗ്ഗത്തിൽനിന്നു വന്നവനായ യേശുവിനേക്കാൾ വിദഗ്ദ്ധനായ വേറൊരുപദേഷ്ടാവിനെ ലഭിക്കുക സാദ്ധ്യമല്ല. അതിനാൽ ആത്മരക്ഷ വേണമെന്നാഗ്രഹിക്കുന്നവരെല്ലാം ഉയിർത്തെഴുന്നേററവനായ ക്രിസ്തുവിനെ കൈക്കൊള്ളേണ്ടതാണു്. അദ്ദേഹത്തെ അനുസരിക്കേണ്ടതുമാണു്. "യേശുവേ! നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർത്തുകൊള്ളേണമേ."

——

ക്രൈസ്തവഭവനങ്ങൾ, ഇവയായിരുന്നുവത്രേ അവക ളുടെ ലക്ഷ്യം. ഷാങ്ങ്ഹേയിലെ മെത്രാസനാരമന ഇതിനകം അവരുടെ ലൈററുകളാൽ പ്രകാശിത മായി ഏതോ ഒരു വ്യഗ്രതയോടുകൂടെ ആ ഊക്കൻ മതിൽക്കെട്ടുകൾ അവർ കയറിത്തുടങ്ങി. ബഹിർഗ മനസ്ഥാനങ്ങളിൽ ഏതാനുംപേർ നില്ക്കേണ്ടതിൻെറ ആവശ്യകത അവർ ആ ബഹളത്തിനിടയിലും വിസ്മ രിച്ചില്ല ശേഷിച്ചവർ മെത്രാൻെറ മുറിയിലേക്കാ ഞ്ഞുകുതിച്ചു. ബന്ധനസ്ഥനായ മെത്രാനെ വഹി ച്ചുകൊണ്ടു് ആ പോലീസ് വാഹനം തിരിച്ചടിച്ചു. അതിൻെറ സൈറൺ നിശയുടെ നിശബ്ദതയെ തുള ച്ചുകീറിക്കൊണ്ടു് പ്രാന്തദേശങ്ങളിൽ ചെന്നലച്ചു.

അന്തമില്ലാത്ത അപരാധങ്ങൾ അദ്ദേഹത്തിൻെറ മേൽ അവർ ആരോപിച്ചു. അപ്രതിരോധ്യനായ ഒരു കപ്പസിലനെ അമർത്തിയാലെന്നപോലൊരു കൃതാർത്ഥത എവരുടേയും മുഖത്തു ദൃശ്യമായി. അപ കടകാരിയായ 'കങ്ങ്പിൻമായി' യെയും കൂട്ടരെയും അമർത്തിയതിൽ സെക്യൂറിററി പോലീസ് നാടിനു ചെയ്ത മഹാസേവനത്തിനു് ആയിരമായിരം കൃത ജ്ഞതാപ്രകാശനങ്ങൾ വെണ്ടയ്ക്കാ അക്ഷരത്തിലടി ച്ചുവിട്ടുകൊണ്ടു് ദിനപ്പത്രം അതിരാവിലെ പുറപ്പെട്ടു. കങ്ങ്പിൻമായ് എന്നു മറുനാമം ചെയ്യപ്പെട്ട ഈ രാജ്യദ്രോഹി ആരായിരുന്നു? അയാളുടെ കൂട്ടുകാർ ആ രെല്ലാം? അദ്ദേഹമായിരുന്നു, ഷാങ്ങ്ഹേയ് മെത്രാ നായ ഇഗ്നേഷ്യസ്കങ്ങ്; അദ്ദേഹത്തിൻെറ പിണി യാളുകൾ അന്നുരാത്രിതന്നെ അറസ്ററുചെയ്യപ്പെട്ട 7 ഇടവകപ്പട്ടക്കാർ, 14 ഈശോ സഭക്കാർ, 2 കർമ്മ ലീത്താ വൈദികർ, 300 കത്തോലിക്കർ! ക്രൈസ്തവ മുന്നണി തകർന്നു എന്നവർ വ്യാമോഹിച്ചു. ഷാങ്ങ് ഹേയ് മെത്രാനിൽ അവർ അപ്രതിരോധ്യനായ ഒരു എതിരാളിയെ ദർശിച്ചു. അദ്ദേഹത്തിൻെറ കീഴില ണിനിരന്ന കത്തോലിക്കർ അവരുടെ മുമ്പിൽ ഒര ജയ്യ ശക്തിയായി നിലകൊണ്ടു. വൈദികരും അത്മായരും ഒററക്കെട്ടായി നിന്നു, അദ്ദേഹത്തിൻെറ സുശക്തനേതൃത്വത്തിൽ. സഭയ്ക്കെതിരായുള്ള ഭീഷണി കൾ അവരെ തരിമ്പും സ്പർശിച്ചില്ല. അവരുടെ അക്രമപ്രവർത്തനങ്ങൾ നിർബാധം തുടരുന്നതിനു് ഷാങ്ങ്ഹേയ്മെത്രാൻെറ നിഷ്കാസനം അനിവാ ര്യമായിവന്നു. അന്നു രാത്രി അതും സാധിതമായി. ഇടയൻ അടിയ്ക്കപ്പെട്ടു. എന്നാൽ ആട്ടുകൾ ചിതറി യില്ല സെപ്ററംബർ 8-ാംതീയതി രണ്ടാമത്തെ നരവേട്ട അവർ നടത്തി. 10 ഇടവകവൈദികർ, എട്ടൊൻപതു് ഈശോസഭക്കാർ, 38 സെമ്മിനാരി ക്കാർ, 5 കന്യാസ്ത്രികൾ, 600 ക്രൈസ്തവർ എന്നി വർ ഇരുമ്പുമറയ്ക്കുള്ളിലായി.

ഒക്ടോബർ മാസത്തിലായിരുന്നു, ഷാങ്ങ്ഹേ യ്മെത്രാൻെറ വിസ്താരം നടത്തിയതു്. അനേകാ യിരം ജനങ്ങൾ തടിച്ചുകൂടി, ആ ചരിത്രം സൃഷ്ടിച്ച സംഭവം ദർശിക്കുവാൻ. ജനതതിക്കുമുമ്പിൽ പ്ലാ ററ്ഫോമിൽ ആ വന്ദ്യപുരുഷൻ നിസ്സങ്കോചം നി ന്നുകൊടുത്തു. അപരാധങ്ങളുടെ അററമില്ലാത്ത ഒരു പട്ടിക അവിടെ വായിക്കപ്പെട്ടു. കുററസമ്മതത്തി നായി പ്രതി മൈക്രോഫോണിൻെറ മുമ്പിലേയ്ക്കു തള്ളിവിടപ്പെട്ടു ജനതതി നിന്നിമേഷരായി നോക്കി നിൽക്കേ, ദൈവികമായ ഒരുന്മാദത്താൽ പ്രേരിത നായെന്നോണം അദ്ദേഹം വിളിച്ചുപറഞ്ഞു. "ക്രിസ്തു രാജൻ നിണാൾ വിജയിപ്പൂതാക!" അതിൻെറ മാ റെറാലിയെന്നോണം ജനക്കൂട്ടം ആർത്തുവിളിച്ചു. "ക്രിസ്തുരാജൻ നീണാൾ വിജയിപ്പൂതാക!" "കത്തോ ലിക്കാതിരുസ്സഭ നീണാൾ വാഴട്ടെ!" "നമ്മുടെ മെ ത്രാൻതിരുമേനി നീണാൾ വാഴട്ടെ". അപ്രതീക്ഷി തമായ ഈ ധീരകൃത്യത്തിനു മുമ്പിൽ ആ ചെങ്കുപ്പാ യക്കാർ ക്ഷണനേരം അമ്പരന്നു നിന്നുപോയി. പ്ര ത്യുല്പന്നമതികളായ ആ യമകിങ്കരന്മാർ ആ വന്ദ്യപു രുഷനെ ഉടനടി ജയിലറയിലേക്കു തള്ളിവിട്ടു.

അനീതിപരമായ ഈ പ്രവൃത്തി പൊടുന്നനവേ ഉണ്ടായ ഒന്നായിരുന്നില്ല. വിവിധ പടികൾ ക്രമാ നുഗതം തരണംചെയ്തതിൻെറ ശേഷമാണിതു സംഭ വിച്ചതു്. 1951-ാമാണ്ടിൻെറ ആരംഭദശയിൽ ആ "തിരുസ്സഭാസ്നേഹികൾ" ചൈനയിലെ സഭ യെ സ്വയം പര്യാപ്തയാക്കണമെന്നുള്ള 'ഔദ്യോഗി കോപദേശം' ക്രൈസ്തവർക്കു നൽകി. വിദേശ മിഷ്യ നറിമാരെ ബഹിഷ്ക്കരിക്കുന്നതിലേയ്ക്കായുള്ള പ്രഥമ അടവായിരുന്നു, അടിച്ചേൽപ്പിക്കപ്പെട്ട ആ ഉപ ദേശം. ഒരു നവീകരണകമ്മററി താമസിയാതെ ഉദയംചെയ്തു. പേപ്പൽ ഇൻറർനൺഷ്യോയെ ബഹി ഷ്ക്കരിക്കണമെന്നു കാണിച്ചുള്ള ഒപ്പിട്ട അപേക്ഷ കൾ ക്രൈസ്തവരിൽനിന്നു ശേഖരിക്കാനവർ പ്രയത്ന

മാരംഭിച്ചു. ഗവണ്മെൻറും ക്രൈസ്തവരും തമ്മിലിടയാതെ ഗത്യന്തരമില്ലെന്നായി 1951 ജൂൺ 3-ാം തീയതി ഷാങ്ങ്ഹേയ്ക്കാരനായ ഫാദർ റവ്വൂങ്ങ് ചൂങ്കിങ്ങിൽവച്ച് മതബോധമുള്ളവരെ കോൾമയിർ കൊള്ളിക്കുന്ന ഒരുജ്ജ്വലപ്രഭാഷണം നടത്തി. പരിശുദ്ധ പിതാവിൻെറ പ്രതിനിധിയെ ബഹിഷ്കരിക്കുന്നതിലേക്ക് ഗവണ്മെൻറ് ക്രൈസ്തവരെ നിർബന്ധിക്കുന്നിടത്തോളംകാലം ഗവണ്മെൻറുമായി സമാധാനപരമായ ഒരു തീരുമാനത്തിലെത്തുക അസാദ്ധ്യമെന്ന് അദ്ദേഹം അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിച്ചു സമാധാനത്തിനും രഞ്ജിപ്പിനുമായി ഉയന്ന ആ സ്വരം ഇരുമ്പുമറയ്ക്കുള്ളിൽവച്ച് എന്നന്നേക്കുമായി അമർത്തപ്പെട്ടു.

1951 ഓഗസ്റ്റ് 9-ാംതീയതി ഷാങ്ങ്ഹേയിലെ ഒരു പ്രമുഖ വൈദികനും സെൻറ് ഇഗ്നേഷ്യസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്ന ഫാദർ ബെഡാചാങ്ങ് എസ്. ജെ അറസ്റ്റുചെയ്യപ്പെട്ടു. അവസാനമില്ലാത്ത ചോദ്യോത്തരങ്ങൾ ഹേതുവാൽ അദ്ദേഹം താമസംവിനാ ആതങ്കാനിലയെ പ്രാപിച്ചു 1951 നവംബർ 11-ാംതിയതി ആ പുണ്യപുരുഷൻെറ മരണവാർത്ത ജനങ്ങൾ ശ്രവിച്ചു. ഷാങ്ങ്ഹേയിലെ കത്താലിക്കാ അന്തരീക്ഷം ഇളകിവശായി. ക്ഷുഭിതമായ ജനാവലി സെൻറ് ഇഗ്നേഷ്യസിൻെറ പള്ളിയിൽ തടിച്ചുകൂടി. കർമ്മധീരനായ ഷാങ്ങ്ഹേയ് മെത്രാൻ അവരെ പ്രതീക്ഷിച്ചവിടെ നിന്നിരുന്നു. വിവരമറിഞ്ഞ്, സ്ഥലമെല്ലാം ഒരു വകുപ്പ് പോലീസ് പട്രോൾ ചെയ്തുകൊണ്ടിരുന്നു ഫാദർ ചാങ്ങിൻെറ മൃതശരീരം പള്ളിയിലേക്ക് കൊണ്ടുവരാമെന്ന് നേരത്തെ ചെയ്തിരുന്ന വാഗ്ദാനം സ്ഥലത്തെ മേധാവി പിൻവലിച്ചു സംപൂജ്യനായ ആ മെത്രാൻ ദിവ്യബലി അപ്പിച്ചു. അതിൽ സംബന്ധിച്ച് ദിവ്യകാരുണ്യമുൾക്കൊണ്ടുകൊണ്ട് ജനങ്ങൾ തങ്ങളുടെ വിശ്വാസത്തെ സ്ഥിരപ്പെടുത്തി. പോലീസ് കേട്ടുകൊണ്ടിരിക്കെ പ്രഗൽഭമതിയായ ഒരു വൈദികൻ പ്രസംഗം നടത്തി. അദ്ദേഹം കമ്മ്യൂണിസ്റ്റുകളെ നേരിട്ടാക്രമിക്കയും പീഡകളെ ചെറുത്തുനിൽക്കുന്നതിന് ഫാദർ ചാങ്ങിന് ശക്തിനൽകിയ ദൈവത്തിന് സ്തോത്രം ചെയ്യുകയും ചെയ്തു.

തങ്ങളെ എതിക്കുന്നവരെ അമർച്ചചെയ്യുവാൻ കമ്മ്യൂണിസ്റ്റുകൾ സകല അടവുകളും പ്രയോഗിച്ചു. പ്രമുഖ ക്രൈസ്തവർ കൂട്ടംകൂട്ടമായി അറസ്റ്റുചെയ്യപ്പെട്ടു. മരണത്തിനും ജയിൽവാസത്തിനും കഴിഞ്ഞില്ല, തീക്ഷ്ണമായ വിശ്വാസത്തെ തച്ചുടയ്ക്കുവാൻ. എത്രപേർ കൊല്ലപ്പെട്ടുവോ അതിലധികമായി പുതിയ അംഗങ്ങൾ ചേർന്നിരുന്നു കാത്തലിക്ക് ആക്ഷൻ ഗ്രൂപ്പിനെ തകിടംമറിയ്ക്കാനവർ ചെയ്ത അട്ടിമറിപ്പൻ പ്രസ്ഥാനം നൂറുശതമാനം പരാജയപ്പെട്ടു. ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനനിരതങ്ങളായ അനേകഗ്രൂപ്പുകളെ ഉൾക്കൊള്ളിച്ച് ഒരു യുവജനമുന്നണി രൂപമെടുത്തതോടെ സഭയുടെ ശക്തി പൂർവാധികം പ്രബലപ്പെട്ടു ക്രിസ്തീയ യുവാക്കൾക്ക് ഊരും ഉശിരും പകർന്നുകൊടുത്തുകൊണ്ട് യുവജനമുന്നണിയും ലീജിയൽ ഓഫ് മേരിയും നിലകൊണ്ടു.

ആദ്യമായി ആക്രമിക്കപ്പെട്ടതു് ലീജിയൻ ഓഫ് മേരി ആയിരുന്നു. 1951 ഒക്ടോബർ 5-ാംതീയതി അതിൻെറ പ്രധാന ലീഡേഴ്സ് അറസ്റ്റുചെയ്യപ്പെട്ടു. 8-ാംതീയതി ലീജിയൻ ഓഫ് മേരിയെ പാശ്ചാത്യരുടെ ചാരസംഘമായി താറടിച്ചുകൊണ്ട് ഷാങ്ങ്ഹേയിലെ സൈനിക ഭരണകമ്മിററി പ്രസ്താവന പുറപ്പെടുവിച്ചു. അതോടുകൂടി എല്ലാ ലീജിയൻ ഓഫ് മേരി അംഗങ്ങളും തങ്ങളുടെ അക്രമപരമായ ചെയ്തികളെ ഏററുപറഞ്ഞുകൊണ്ട് ഒരു ക്ഷമാപണപത്രത്തിൽ ഒപ്പിടണമെന്നുള്ള കല്പനയും പുറപ്പെടുവിച്ചു. എന്നാൽ, അവർ ഉടനടി തങ്ങൾക്കു പററിയ ഇളിഭ്യത മനസ്സിലാക്കി. അക്രമപരമായ ഈ പ്രസ്താവനയെ ലീജിയനറീസ് വിഗണിച്ചുകളഞ്ഞു. അവരുടെ രജിസ്ട്രേഷനുവേണ്ടി ഏർപ്പെടുത്തിയ സ്ഥലങ്ങൾ ശൂന്യങ്ങളായി കാണപ്പെട്ടു. പോരാ ഒരു കാലത്തും കമ്മ്യൂണിസ്റ്റ ഭീഷണികൾക്കു തങ്ങൾ കുഞ്ഞികൊടുക്കുകയില്ലെന്നു കാണിച്ചുള്ള ഒരു കത്ത് സ്വന്ത രക്തംകൊണ്ടെഴുതി അവർ ഷാങ്ങ്ഹേയ് മെത്രാനയച്ചുകൊടുത്തു. അമളിപററിയ കമ്മ്യൂണിസ്റ്റുകൾ ഷാങ്ങ്ഹേയ് മെത്രാനുമായി കൂടിയാലോചന നടത്തി. എന്നാൽ ഔറോറാ യൂണിവേഴ്സിററിയുടെ എക്സ് ചാപ്ളെൻ അറസ്റ്റുചെയ്യപ്പെട്ടതോടെ സന്ധിപരിശ്രമങ്ങൾ പരാജയമടഞ്ഞു.

1952-ലെ ആദ്യവാരങ്ങൾ ഭീഷകിതമായ അന്തരീക്ഷത്തോടുകൂടിയവയായിരുന്നു. പഴയ ഭൂസ്വത്തുടമസ്ഥന്മാർക്കും വ്യവസായ പ്രമാണികൾക്കുമെതിരായ ഒരു പൈശാചിക പരിപാടി അന്നു നടമാടി. അവരെല്ലാവരും നാടുകടത്തലിനും മരണത്തിനും വിധേയരായി സ്വരാജ്യത്തോട് എന്നന്നേയ്ക്കുമായി യാത്ര പറയേണ്ടിവന്നു. ഈ ഭീകരനയമാരംഭിച്ചതോടെ ആത്മഹത്യകൾ എല്ലായിടങ്ങളിലും സർവ്വസാധാരണമായി. സംശയിക്കപ്പെട്ടേക്കുമൊ എന്നു ഭയന്ന് ഉയർന്നകെട്ടിടങ്ങളെ സമീപിക്കുവാൻ ജനങ്ങൾ ഭയപ്പെട്ടു

അടുത്ത സംഭവം 1952-ൽ ഔറോറാ യൂണിവേഴ്സിററിയിൽ നടന്ന കോളിളക്കമായിരുന്നു. കത്തോലിക്കാവിദ്യാർത്ഥികളുടെ തലച്ചോറു കഴുകുന്നതിലേയ്ക്കായി പെക്കിംഗിൽനിന്ന് പ്രത്യേക പരിശീലനം സിദ്ധിച്ച 12 കമ്മിസാറന്മാർ വരുത്തപ്പെട്ടു. അവരുടെ എണ്ണം താമസംവിനാ ഇരട്ടിക്കേണ്ടിവന്നതിൽനിന്നും, വിദ്യാർത്ഥികളുടെ വിശ്വാസസ്ഥിരത എമ്മാത്രമായിരുന്നുവെന്ന് ഊഹിക്കാമല്ലോ. എന്നാൽ ഈ വിദഗ്ദ്ധർ കത്തോലിക്കാവിദ്യാർത്ഥികളുടെ അചഞ്ചലതയുടെ മുമ്പിൽ അടിയറവു പറയേണ്ടിവന്നു. തൽഫലമായി വിദ്യാർത്ഥികൾ വിവിധ പട്ടണങ്ങളിലേക്കായി ചിതറിക്കപ്പെട്ടു

1952 സെപ്ററംബർ 22-ാംനു ഷാങ്ങ് ഹേയ് മെത്രാനുമായി കൂടിയാലോചനകൾ പുനരാരംഭിച്ചു. കത്തോലിക്കരുടെ അഭ്യുദയകാംക്ഷികൾ എന്ന നാട്യത്തിലായിരുന്ന കമ്മ്യൂണിസ്റ്റ്കാരുടെ പെരുമാററങ്ങൾ. ഭൂതകാലത്തിലെ നിരവധിയായ അനീതികളെ മറന്നുകൊണ്ട് മെത്രാന്റെ പ്രതിനിധി സമാധാനപരമായ തീരുമാനത്തിനുവേണ്ടി ഉററു ശ്രമിച്ചു. അസന്നിഗ്ദ്ധമായ ഭാഷയിൽ യാതൊരു ഉറപ്പും കമ്മ്യൂണിസ്റ്റ്കാർ നൽകുകയുണ്ടായില്ല. ഇതേത്തുടർന്നു കുറേക്കാലത്തേക്ക് താൽക്കാലികമായ ഒരു സമാധാനം അനുഭവപ്പെട്ടു എന്നാൽ, ഇക്കാലത്തെല്ലാം കത്തോലിക്കാ പ്രവർത്തനങ്ങളുടെ ഇടയിൽ സെല്ലുകൾ സ്ഥാപിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ്കാർ ഊർജ്ജസ്വലമായി പ്രവർത്തിച്ചുപോന്നു. ആഗാമിയായ ഒരു ഘോരസംഘട്ടനത്തിന്റെ നാന്ദിയായിട്ടുമാത്രമേ കത്തോലിക്കർ ഈ കാലസന്ധിയെ പരിഗണിച്ചുള്ളു.

അവരുടെ ഊഹം ശരിയായിട്ടുള്ളതായിരുന്നുവെന്ന് അനന്തരസംഭവങ്ങൾ തെളിയിച്ചു ഈ സമാധാനത്തെത്തുടർന്ന് കത്തോലിക്കർക്കെല്ലാം വിശ്വാസസംരക്ഷണാർത്ഥം സകലവും പരിത്യജിക്കേണ്ടിവന്നു.

ആഘോഷപൂർവ്വമായ തിരുക്കർമ്മാദികൾ എല്ലാ കത്തോലിക്കരെയും ഒന്നിച്ചു കൂട്ടുന്നതിനുതകുന്നവയായിരുന്നു. ഈ വിധസമ്മേളനങ്ങളിലെല്ലാം വന്ദ്യനായ ആ മെത്രാൻ—ബിഷപ്പ് ഇഗ്നേഷ്യസ്കങ്ങ് സന്നിഹിതനായിരുന്നു. ആ മഹാവ്യക്തിവിശേഷത്തിന്റെ പിന്നിൽ കത്തോലിക്കർ അണിനിരന്നു. അദ്ദേഹത്തിന്റെ അസ്തിത്വം ഷാങ്ങ് ഹേയ് കത്തോലിക്കരെ അജയ്യരാക്കിത്തീർത്തു. കമ്മ്യൂണിസ്റ്റ്കാർ മനസ്സിലാക്കിത്തുടങ്ങി, തങ്ങളുടെ നയം അത്ര ആശാസ്യമായതല്ലെന്ന്. ഷാങ്ങ്ഹേയ് മേയർ ക്രൈസ്തവരുടെ "അക്രമപരമായ ചെയ്തികളെ"പ്പററി കൂലങ്കഷമായി പര്യാലോചനം ചെയ്യേണ്ടതിലേക്കായി പീപ്പിൾസ് അസംബ്ലി വിളിച്ചുകൂട്ടി. മേയറുടെ പ്രഭാഷണം ഭീഷണിനിറഞ്ഞതായിരുന്നു. അയാൾ ജനങ്ങളോടു പറഞ്ഞു, കത്തോലിക്കരെ അമർത്തേണ്ടതും അവരുടെ ഇടയിൽ പിളർപ്പുണ്ടാക്കേണ്ടതും തങ്ങളുടെ കടമയായിരുന്നുവെന്ന്.

1953 ജൂൺ 15-ാം തീയതി രാത്രി 5 വൈദിക ഭവനങ്ങൾ, സിക്കാവേയിലെ ഈശോസഭാഭവനം തുടങ്ങിയവകൾ, കൊള്ളയിടപ്പെട്ടു. ഈശോസഭക്കാരിൽ ഏതാനും പേർ ഉടനടി ജയിലിലടയ്ക്കപ്പെട്ടു; മററുള്ളവർ വീട്ടുതടങ്കലിലുമായി. വൈദികരെ തടവിൽ പാർപ്പിച്ചിരുന്ന ഭവനത്തിനു മുൻപിൽ ജനങ്ങൾ തടിച്ചുകൂടി. അവരുടെ നേർക്കു തിരിച്ചുവച്ചിരുന്ന യന്ത്രത്തോക്കുകളെ അവഗണിച്ചുകൊണ്ട് ജനം വർദ്ധിച്ചുകൊണ്ടേയിരുന്നു. ഉച്ചസ്വരത്തിൽ അവർ ജപമാലയാരംഭിച്ചു. അവരുടെ പ്രാർത്ഥനാസ്വരം തടങ്കലിലിരുന്ന വൈദികരുടേതിനോടൊത്ത് മേഘങ്ങളെ തുളച്ചുകയറി. ഊർജ്ജസ്വലമായ ചെമ്പട, ഭീഷണകാരികളായ യന്ത്രത്തോക്കുകൾ, തടവിലാക്കപ്പെട്ട വൈദികർ, പ്രാർത്ഥനാനിരതമായ ജനാവലി, ഉയർന്ന സ്വരത്തിലുള്ള ജപമാലാ മന്ത്രണം! ആകെപ്പാടെ കാണികളെ വികാരവിജൃംഭിതരാക്കുന്ന രംഗവിശേഷം!!

# വി. ഹിലാരിയോൻ

(മി. ററി. ററി. ജോർജ്ജ്, ബി. എസ്സ് സി.)

ഒക്ടോബർ 21-ാംതീയതി കത്തോലിക്കാ തിരുസഭ പ്രത്യേകമായി വണങ്ങുന്ന ഈ മഹാതാപസന്റെ നാമധേയം അതു് സ്വയം വരിച്ചിട്ടുള്ള കർമ്മലീത്താ സന്യാസിമാരിൽക്കൂടി നമുക്കു പരിചിതമാണെങ്കിലും, അദ്ദേഹത്തിന്റെ മഹത്തായ ജീവിതകഥ നമുക്കു സുപരിചിതമല്ല. ക്രിസ്ത്വബ്ദം നാലും അഞ്ചും നൂററാണ്ടുകളിൽ പാലസ്റ്റൈനിൽ സന്യാസജീവിതം വളൎന്നു വികസിച്ചു. തപോവൃത്തിയിൽ അക്കാലംവരെ ഈജിപ്തിനുണ്ടായിരുന്ന പ്രശസ്തി പാലസ്റ്റൈൻ സ്വന്തമാക്കി. വി. ആൻറണി ഈജിപ്ഷ്യൻ താപസികളുടെ നേതാവായിരുന്നതുപോലെ വി. ഹിലാരിയോൻ പാലസ്റ്റൈനിലെ സന്യാസികളുടെ കുലഗുരുവായി വിരാജിക്കുന്നു.

"സ്വർഗ്ഗരാജ്യം ബലവാന്മാർ കരസ്ഥമാക്കുന്നു" എന്ന വാക്യത്തെ അന്വൎത്ഥമാക്കുന്ന ആ മഹാജീവിതത്തിലേയ്ക്കു് ഒരെത്തിനോട്ടം നടത്താനുള്ള ഈ ശ്രമം Donald Atwatter എഴുതിയ "The Golden book of eastern Saints" എന്ന ഗ്രന്ഥത്തോടു് കടപ്പെട്ടിരിക്കുന്നു.

ഹിലാരിയോൻ 291-ൽ അക്രൈസ്തവരായ മാതാപിതാക്കളിൽനിന്നും ജനിച്ചു. ഗ്യാസായ്ക്കു് 5 മൈൽ തെക്കുള്ള തബാത്താഗ്രാമമായിരുന്നു ജനനസ്ഥലം. വിദ്യാഭ്യാസാൎത്ഥം അലെക്സാൻഡ്രിയായിലേയ്ക്കയയ്ക്കപ്പെടുകയും അവിടെവെച്ച് ദൈവരാജ്യത്തെപ്പററി അറിയുകയും പതിനഞ്ചാമത്തെ വയസ്സിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. മററുള്ളതെല്ലാം ഉപേക്ഷിച്ചു് കൈവശപ്പെടുത്തേണ്ട നിധിയെപ്പററി അറിഞ്ഞതോടുകൂടി ലൗകിക വ്യാപാരങ്ങളിൽ വിരക്തനായിത്തീർന്നു. ഭക്തിമാർഗ്ഗംതേടി തന്നെ സമീപിച്ച യുവാവായ ഹിലാരിയോനെ യോ

---

അൻപതും അറുപതും ചിലപ്പോൾ നൂററിമുപ്പതും മണിക്കൂറുകൾ ദീർഘിച്ച ചോദ്യോത്തരങ്ങൾക്ക് വിധേയരായി പലേ വൈദികരും പീഡ അനുഭവിച്ചു. മേയറുടെ ഭീഷണികൾ വിനാവിളംബം പ്രാവൎത്തികമായിത്തുടങ്ങി. വിദേശമിഷ്യനറിമാരെല്ലാവരും തന്നെ ബഹിഷ്കൃതരായി. പ്രബലരായ വൈദികരെത്തുടൎന്ന് അൽമേനികളും ബന്ധനത്തിലാക്കപ്പെട്ടു. ഇതെല്ലാമായിട്ടും മതപരമായ കർമ്മങ്ങൾ ഷാങ്ങ്ഹേയ് മെത്രാന്റെ നേരിട്ടുള്ള നേതൃത്വത്തിൽ തുടൎന്നുകൊണ്ടേയിരുന്നു. ക്രൈസ്തവമുന്നണി അഭേദ്യമായിത്തന്നെ നിലകൊണ്ടു. തിരുസഭ മുറിവേല്പിക്കപ്പെട്ടു. എന്നാൽ അവളിതുവരെയും കീഴടക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. തുടൎന്നു രണ്ടുകൊല്ലക്കാലത്തേക്ക് ഏതാണ്ടൊരു പ്രശാന്തത കളിയാടി. എങ്കിലും വൈദികരുടെ അറസ്ററുകൾ തുടൎന്നുകൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ 1955 സെപ്ററംബറിൽ ആ മഹാ അത്യാഹിതം സംഭവിച്ചു. കമ്യൂണിസ്റ്റുകൾ അവരുടെ അററകൈ പ്രയോഗിച്ചു. ഷാങ്ങ്ഹേയ് മെത്രാൻ ബന്ധനസ്ഥനായി! അതോടെ സഭ നിർമ്മൂലയാക്കപ്പെട്ടുവെന്നു കരുതി അവർ സന്തോഷിച്ചു. എന്നാൽ വിസ്താരരംഗത്തെ ആ തിരിച്ചടി കുറിക്കുകൊള്ളുകതന്നെ ചെയ്തു. നായകന്റെ നിഷ്കാസനം അവരെ ക്ഷതവീര്യരാക്കിയില്ലതന്നെ. അവരുടെ ഉറച്ചനില വ്യതിയാനരഹിതമായി കാണപ്പെട്ടു. അദൃശ്യമായൊരു ജയ്ത്രശക്തിയുടെ നേതൃത്വം എന്നെന്നും അവരുടെതായിരിക്കും. അന്ധകാര ശക്തികൾ ഒരു നാളും അവരുടെ മേൽ പ്രബലപ്പെടുകയില്ല.

ബിഷപ്പ് ഇഗ്നേഷ്യസ് കങ്ങ്—കർമ്മധീരനായ ഒരു മെത്രാൻ! അദ്ദേഹം ഇപ്പോൾ എവിടെയായിരിക്കാം? മറെറാരു മിൻസെന്തിയായി അദ്ദേഹവും ഇപ്പോൾ നരകയാതനകൾ അനുഭവിക്കുകയാണോ? അതോ അദ്ദേഹത്തിന്റെ നിർമ്മലാത്മാവു് നിത്യസമ്മാനത്തിനായി പരലോകത്തേക്ക് പോയിക്കഴിഞ്ഞിരിക്കുമോ? അക്കും ഉത്തരം നൽകുവാൻ സാധിക്കാത്ത ചോദ്യങ്ങൾ! ഇരുമ്പുമറയ്ക്കുള്ളിലെ ഭീകരമർദ്ദനങ്ങൾ ഊഹ്യാതീതങ്ങളത്രേ. എന്നാൽ നമുക്കൊന്നു ചെയ്യുവാൻ കഴിയും—പ്രാൎത്ഥന. ദൈവമേ, പീഡിതയായ ചൈനയുടേ മേൽ കനിയേണമേ.

ഗിവർദ്ധനായ വി. അൻറണി സ്വീകരിക്കുകയും അങ്ങനെ യൗവ്വനോദയംമുതൽതന്നെ മരുഭൂമിയിൽ ഗുരുവിനോടൊത്തു താമസിച്ച് ആദ്ധ്യാത്മിക ജീവിതത്തിൻെറ ഊടുപാവുകൾ മനസ്സിലാക്കാനിടയാവുകയുംചെയ്തു. എങ്കിലും ഏകാന്തതയിൽ സ്വർഗ്ഗസ്ഥനായ പിതാവുമായി അടുത്തു പരിചയപ്പെടാൻ ആഗ്രഹിച്ച ഹിലാരിയോനു് വി. ആൻറണിയുടെ പക്കലേയ്ക്കുണ്ടായ ഭക്തജനപ്രവാഹം യോഗവിഘ്നമായി തോന്നി. തിരിച്ചു നാട്ടിലെത്തിയപ്പോൾ മാതാപിതാക്കന്മാർ കാലധർമ്മം പ്രാപിച്ചതായിക്കണ്ടു് 'ചിതലും പുഴവും തിന്നു നശിപ്പിയ്ക്കുകയും കള്ളന്മാർ മോഷ്ടിക്കുകയും' ചെയ്യുവാനിടയുള്ളതായ പൈതൃക സ്വത്തുമുഴവൻ പാവങ്ങൾക്കു വീതിച്ചുകൊടുത്തിട്ട് ഏകാന്തതയന്വേഷിച്ചു പുറപ്പെട്ടു. 307-ൽ മാജൂമയിൽനിന്നും ഏഴുമൈലകലെയുള്ള വിജനസ്ഥലത്തു് താമസമാക്കി.

ഒരു കാര്യം ഇടയ്ക്കു കുറിച്ചുകൊള്ളട്ടെ. വി. ഹിലാരിയോനെപ്പററി നമുക്കു ലഭിക്കുന്ന വിവരങ്ങളധികവും വി. ജെറോം എഴുതിയിട്ടുള്ള ജീവചരിത്രത്തിൽനിന്നാണ്. ക്രി. വ. 371-ൽ, എൺപതിലേറെ വയസ്സുണ്ടായിരുന്ന അദ്ദേഹം അവസാനദിവസങ്ങളെണ്ണിക്കഴിച്ചിരുന്നപ്പോൾ അദ്ദേഹത്തെ സന്ദർശിച്ചവരുടെ കൂട്ടത്തിൽ സലാമിസിലെ മെത്രാനായിരുന്ന വി. എപ്പിഫാനിയസുമുണ്ടായിരുന്നു. വിശുദ്ധനായ ആ മെത്രാൻ രേഖപ്പെടുത്തിയിരുന്ന വസ്തുതകൾ വി. ജെറോം ചരിത്രനിർമ്മാണത്തിനുപയോഗിച്ചു. അങ്ങനെ വി. ഹിലാരിയോനെപ്പററി കുറെയെങ്കിലും നമുക്കറിയുന്നതിനിടയായി.

ഏകാന്തജീവിതം ആരംഭിച്ചതോടുകൂടി ലോകം, പിശാചു്, ശരീരം എന്നീ ശത്രുക്കളോടു് തൻെറ ഉത്തമാംശത്തിൻെറ സകല ശക്തികളെയും സംഘടിപ്പിച്ചു് അദ്ദേഹം സമരമാരംഭിച്ചു സഹജമായി ലളിത പ്രകൃതിയും സുമുഖനുമായിരുന്ന ആ യുവതാപസ്വി ധരിച്ചിരുന്നതു് ഒരയൊരു ചാക്കുടുപ്പും വി. അൻറണി സമ്മാനിച്ച ഒരു തുകൽക്കുപ്പായവും മാത്രമായിരുന്നു. മുടിവെട്ടിയിരുന്നതു് വർഷത്തിലൊരിക്കൽ മാത്രവും. പ്രതിദിനം സന്ധ്യയോടടുത്തു് ഭക്ഷിച്ചിരുന്ന പതിനഞ്ചു് ഫിഗ്ഫലങ്ങൾകൊണ്ടുമാത്രം ആറു കൊല്ലക്കാലം ജീവിച്ചു. പിന്നീട്, സ്വന്ത കൈകൾകൊണ്ടു് നിർമ്മിച്ച കുടിലിനു ചുററും കൃഷി ചെയ്തും കുട്ടനെയ്തും തൻെറ തുച്ഛമായ ആവശ്യങ്ങൾ സാധിച്ചു. നാലടി വീതി, അഞ്ചടി ഉയരം, തൻെറ ശരീരത്തേക്കാൾ അല്പം കൂടുതൽ നീളം, ഇതാണു് പിൽക്കാലത്തു് പുണ്യസ്ഥലമായിത്തീർന്ന ആ കുടിലിൻെറ അളവുകൾ. അങ്ങനെ കാൽനൂററാണ്ടു കാലം മരുഭൂമിയിൽ മനസ്സിനെ ഈശ്വരോന്മുഖമാക്കിനിറുത്തുന്ന മഹായത്നത്തിൽ അദ്ദേഹം ചെലവഴിച്ചു. വളരെയേറെ മനോവിജ്ഞാനവും ആത്മനിയന്ത്രണവും അദ്ദേഹം സ്വായത്തമാക്കിയിരുന്നു എന്നു കരുതാം.

യോഗസിദ്ധികൾ യഥാർത്ഥ യോഗികൾക്കു ഏകാഗ്രതാഭംഗമായി ഭവിക്കാറുള്ളതുപോലെ, വി. ഹിലാരിയോൻെറ പ്രാർത്ഥനമൂലം സാധിച്ച അൽഭുതങ്ങൾ അദ്ദേഹത്തെ പ്രസിദ്ധനാക്കുകയും തിങ്ങിക്കൂടിയ ജനങ്ങളിൽനിന്നും ഏകാഗ്രതാനഷ്ടത്തിൽ ദുഃഖിതനായി അനേകം പ്രാവശ്യം ഓടിപ്പോവുകയും ചെയ്യുന്നതിനിടയാക്കി. ദീർഘ ദാമ്പത്യത്തിനുശേഷവും അനപത്യതാദുഃഖം അനുഭവിച്ചിരുന്ന ഒരു സ്ത്രീ ഹിലാരിയോൻെറ പ്രാർത്ഥനയുടെ ഫലമായി ഒരു വർഷത്തിനുള്ളിൽ ഒരു പുത്രനെ പ്രസവിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. എൽപ്പിഡിയസു് എന്ന പ്രീഫെക്ടിൻെറ മൂന്നു പുത്രന്മാർ രോഗശയ്യയിൽ വീഴുകയും ആ ദേശത്തുള്ള വൈദ്യന്മാരാലെല്ലാം ഉപേക്ഷിക്കപ്പെടുകയും ചെയ്തശേഷം വി. ഹിലാരിയോൻ അവരുടെ സമീപത്തുപോയി പ്രാർത്ഥിക്കുകയും അവർ സുഖം പ്രാപിക്കുകയും ചെയ്തു.

ഈ കാൽനൂററാണ്ടുകാലംകൊണ്ടു് പാലസ്സൈനിൽ പലയിടത്തും സന്യാസകേന്ദ്രങ്ങൾ ആരംഭിക്കപ്പെട്ടു. ഹില്ലാരിയോൻ അവയെ സന്ദർശിക്കാറുണ്ടായിരുന്നു അങ്ങനെയൊരു യാത്രാവേളയിൽ എലൂസായിൽ കുറെ അജ്ഞാനികൾ ദേവാരാധനയ്ക്കായി ആഘോഷമായി സംഘംചേർന്നിരുന്നിടത്തെത്തി അദ്ദേഹത്തിൻെറ പ്രാർത്ഥനയാൽ രോഗശാന്തി പ്രാപിച്ചിട്ടുണ്ടായിരുന്ന പലരും ആ കൂട്ടത്തിലുണ്ടായിരുന്നു. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അദ്ദേഹം അവരോടു് ഏകനായ സത്യദൈവത്തെപ്പററി പറയുകയും പൂജാരിയുൾപ്പെടെയുള്ളവർ ക്രിസ്തുമതം ആശ്ലേഷിക്കുകയുംചെയ്തു.

വി. അന്തോനിയുടെ മരണം വെളിപാടുമൂലം അറിഞ്ഞ്, 65-ാമത്തെ വയസ്സിൽ ഹിലാരിയോൻ ഈജിപ്തിലേയ്ക്കു തിരിച്ചു. തങ്ങളെ വിട്ടുപോകാൻ സമ്മതിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് തടിച്ചുകൂടിയ പതിനായിരത്തോളംവരുന്ന ജനക്കൂട്ടത്തോട് അദ്ദേഹം പറഞ്ഞു:—"ജനതാമദ്ധ്യത്തിൽ ജീവിച്ച് ഞാൻവീണ്ടും ലൗകായതികനായിരിക്കുന്നു ഇഹത്തിൽ വച്ചുതന്നെ സമ്മാനം നേടിത്തുടങ്ങിയിരിക്കുന്നു. എന്റെ സഹോദര സന്യാസിമാരുടെ ആവശ്യത്തിനെന്ന ഭാവേന സ്ഥലങ്ങളും വസ്തുവകകളും സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. ഏകാന്തതയിൽ ഈശ്വരസേവ ചെയ്യുന്നതിനായി എന്നെ നിങ്ങൾ വിട്ടയച്ചതിനുശേഷമേ ഞാൻ ഭക്ഷിക്കുകയോ, കുടിക്കുകയോ ചെയ്യുകയുള്ളൂ" ഒരാഴ്ചത്തെ നിരാഹാരവ്രതം ജനങ്ങളിൽ മാനസാന്തരം വരുത്തുകയും തെരഞ്ഞെടുത്ത 40 സന്യാസിമാരോടുകൂടി ഹിലാരിയോൻ തെക്കോട്ടു യാത്രയാരംഭിക്കുകയുംചെയ്തു. രണ്ടാഴ്ചത്തെ യാത്രയ്ക്കുശേഷം വി അന്തോനിയുടെ മലയിൽ എത്തിച്ചേർന്നു. വി. അന്തോനിയുടെ ശിഷ്യന്മാരായിരുന്ന ഇസാക്കും, പെലൂസിയാനോസും അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ടു നടന്ന് എല്ലാം കാണിക്കുകയും അദ്ദേഹം നിറഞ്ഞ കണ്ണുകളോടെ തന്റെ ഗുരുവിന്റെ ശയ്യയെ ചുംബിക്കുകയുംചെയ്തു.

ഹിലാരിയോൻ അഫ്രോഡിറേറാപ്പോലീസിലെത്തി രണ്ടു സഹചാരികളോടുകൂടി അടുത്തുള്ള മരുഭൂമിയിൽ വാസമാരംഭിച്ചു അദ്ദേഹം അവരോടു പറഞ്ഞു:—"ഇപ്പോൾ ഞാൻ ഈശ്വരസേവചെയ്യാൻ ആരംഭമിട്ടു."

മൂന്നുവർഷത്തിനകം, അതായതു് വി. അന്തോനിയുടെ മരണശേഷം അവിടെ മഴ പെയ്തിട്ടില്ലായിരുന്നു. ഹിലാരിയോൻ ആൻറണിയുടെ പിൻഗാമിയാണെന്നു കണക്കാക്കിയ ജനങ്ങൾ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥം യാചിക്കുകയും അദ്ദേഹത്തിന്റെ പ്രാർത്ഥന കഴിഞ്ഞപ്പോൾ ഒരു പെരുമഴതന്നെ പെയ്യുകയും ചെയ്തു. ആ പ്രദേശങ്ങളിൽ വിഷജന്തുക്കളുടെ കടിയേററവർ ഹിലാരിയോൻ ആശീർവദിച്ചുകൊടുത്ത തൈലം പുരട്ടി സുഖംപ്രാപിച്ചു. വീണ്ടും ജനതാമദ്ധ്യത്തിൽനിന്നും ഓടിപ്പോയ ഹിലാരിയോൻ അലെക്സാൻഡ്രിയായ്ക്കടുത്തു് കുറെ സന്യാസിമാർ താമസിച്ചിരുന്നിടത്തെത്തിയപ്പോൾ തങ്ങളുടെ ആതിത്ഥ്യം സ്വീകരിക്കുന്നതിന് അവർ നിർബന്ധിച്ചെങ്കിലും അവർക്കപകടകരമായിരിക്കും തന്റെ സാന്നിദ്ധ്യമെന്നു പറഞ്ഞിട്ട് അദ്ദേഹം പോയി. അതു് മതത്യാഗിയായ ജൂലിയൻ ചക്രവർത്തിയായി വാണിരുന്ന കാലമായിരുന്നു. ഹിലാരിയോൻ സാധിച്ച മാനസാന്തരങ്ങളുടെ ബാഹുല്യം ഗ്യാസായ്ക്കടുത്തുള്ള മതവിരോധികളെ കുപിതരാക്കി. അവർ ഗ്യാസായിലുണ്ടായിരുന്ന ആശ്രമം നശിപ്പിച്ചശേഷം ഹിലാരിയോനെ തേടിപ്പിടിച്ച് വധിക്കുന്നതിന് ചക്രവർത്തിയിൽനിന്നും കല്പനയുംവാങ്ങി പുറപ്പെട്ടിരുന്നു. ഹിലാരിയോൻ പോയ അന്നുതന്നെ അവർ ആ സന്യാസികളുടെയിടയിൽ അദ്ദേഹത്തെത്തേടിയെത്തി. ഹിലാരിയോന്റെ ഭാവിദർശനസിദ്ധി ആ സന്യാസിമാർക്കു മനസ്സിലായി.

ലീബിയൻ മരുഭൂമിയിൽ അഭയംപ്രാപിച്ച ഹിലാരിയോൻ ഒരു വർഷത്തിനുള്ളിൽ വീണ്ടും പരക്കെ അറിയപ്പെട്ടതിനാൽ അസ്വസ്ഥചിത്തനായിത്തീർന്നു. ജൂലിയൻ മരണമടഞ്ഞിരുന്നു. എങ്കിലും ഗ്യാസായിലേയ്ക്കു പോകാതെ സനാനാസ് എന്ന സഹചാരിയോടുകൂടി സിസിലിയിലേക്കു കപ്പൽകയറി. സ്വന്തകൈകൊണ്ടു പകർത്തിയെടുത്ത പഴക്കമേറിയ സുവിശേഷഗ്രന്ഥം കപ്പൽക്കൂലിയായി കൊടുക്കുവാനൊരുങ്ങി. രോഗിയായിരുന്ന തന്റെ പുത്രനെ കപ്പലിൽവച്ച് സുഖപ്പെടുത്തിയ താപസ്വിയുടെ ഏകസ്വത്തായിരുന്ന ആ ഗ്രന്ഥം കപ്പിത്താൻ സ്വീകരിച്ചില്ല. പാസാറോവിലെത്തി ഇരുപതുമൈൽ ഉള്ളിലേയ്ക്കു നടന്നപ്പോൾ എത്തിച്ചേർന്ന വിജനപ്രദേശത്തു് അവർ താമസമാക്കി. ഹിലാരിയോൻ കാട്ടുകമ്പുകൾ പെറുക്കി ഒരു കെട്ടാക്കും സനാനാസ് വിറകുകെട്ട് അടുത്തു ഗ്രാമത്തിൽ കൊണ്ടുപോയിക്കൊടുത്തു് പകരം ഭക്ഷണസാധനങ്ങൾ വാങ്ങും. ഇങ്ങനെ കഴിഞ്ഞുകൂടിയിട്ടും പ്രശസ്തി അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. ഗ്യാസായിൽവച്ച് ഹിലാരിയോന്റെ ശിഷ്യനായിരുന്ന വി. ഹെസക്കിയസ് ഗുരുവിനെത്തേടി ഗ്രീസിലെത്തി. അത്ഭുതപ്രവർത്തകനായ ഒരു സിദ്ധൻ ഗ്രീസിലെത്തിയിട്ടുള്ളതായി ഒരു യഹൂദവ്യാപാരിയിൽനിന്നും ഗ്രഹിച്ച് പാസാറോയിലെത്തിയ

# തിരുക്കുടുംബത്തോടുള്ള ഭക്തി

(ഫാദർ ഗ്രഗരി, ററി. ഒ. സി. ഡി.)

"ഈ മാതൃക നോക്കി നീ പ്രവർത്തിച്ചുകൊള്ളുക"

എല്ലാ സുകൃതങ്ങളിലും നമുക്കു ഉത്തമമാതൃക കാണിച്ചു തരുവാൻ വേണ്ടിക്കൂടെയാണ് ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നതു്. എന്നാൽ 33 കൊല്ലം മാത്രം ദീർഘിച്ച ആ ദിവ്യരക്ഷകന്റെ ഐഹികജീവിതത്തിലെ 30 കൊല്ലവും ഒരു കുഡുംബത്തിലെ അംഗമെന്ന നിലയിലാണ് അവിടുന്നു കഴിച്ചതു്. ആ തിരുക്കുടുംബത്തിൽ ഒരു പിതാവും, ഒരു മാതാവും, ഒരു പുത്രനും, ഉണ്ടായിരുന്നു. നമ്മുടെ കുടുംബങ്ങളും ആ മാതൃകനോക്കി പ്രവർത്തിക്കാൻവേണ്ടിയത്രേ ദൈവം ഇപ്രകാരം ക്രമപ്പെടുത്തിയതെന്നു ന്യായമായി വിചാരിക്കാം.

നമ്മുടെ മാതാവായ സഭയും ഇതുതന്നെ നമ്മോടുപദേശിക്കുന്നു. തന്നിമിത്തമല്ലയോ ജാനുവരിമാസം മുഴുവനും, ദനഹായുടെ ഒന്നാം ഞായറാഴ്ച പ്രത്യേകിച്ചും, തിരുക്കുടുംബഭക്തിക്കായി സഭ നിർദ്ദേശിച്ചിരിക്കുന്നതു്? മൂന്നു വാക്കുകൾ മാത്രമുള്ള ഈശോ മറിയം യൗസേപ്പേ എന്ന സുകൃതജപം ഉച്ചരിക്കുന്ന ഓരോ പ്രാവശ്യവും സാമാന്യവ്യവസ്ഥയനുസരിച്ചു് 7 വർഷത്തെ ദണ്ഡവിമോചനം സഭാമാതാവു നൽകിയിട്ടുണ്ടു്. ദണ്ഡവിമോചനജപങ്ങളുടെ ഔദ്യോഗികശേഖരം എന്നു പറയപ്പെടാവുന്ന 'റക്കോൾത്താ' എന്ന പ്രസിദ്ധീകരണം പരിശോധിച്ചാൽ ഇത്ര വളരെ ദണ്ഡവിമോചനമുള്ള ഇത്ര ചെറിയൊരു

---

ഹെസക്കിയസു് കണ്ടതു് സർവജനങ്ങളും തന്റെ ഗുരുവിനെ അറിഞ്ഞിരുന്നതായിട്ടാണ്.

തന്റെ ഭാഷപോലും ജനങ്ങൾ മനസ്സിലാക്കാത്ത ഒരു സ്ഥലത്തുപോയി ഏകാന്തജീവിതം നയിക്കണമെന്നു തീരുമാനിച്ച ഹിലാരിയോനെ ഡാൽമേഷ്യയിലെ എപ്പാഡോറസിലേയ്ക്കു ഹെസക്കിയസ് കൊണ്ടുപോയി. വീണ്ടും അൽഭുത സിദ്ധികൾ അജ്ഞാതവാസത്തെ തോല്പിച്ചു. ഡാൽമേഷ്യയിൽ ഒരു ക്രൂരസർപ്പത്തെ നശിപ്പിക്കുകയും കടലേററത്തെ ശാന്തമാക്കുകയും ചെയ്തശേഷം സൈപ്രസിലേയ്ക്കുപോയി, പാഫോസിൽനിന്നും രണ്ടുമൈലകലെയുള്ള ഒരു സ്ഥലത്തു താമസമാക്കി.

കുറെക്കഴിഞ്ഞു് ഗ്യാസായിലും പാലസ്റ്റൈനിലുമുള്ള സന്യാസി വൃന്ദങ്ങളുടെ സ്ഥിതിയറിഞ്ഞു വരുന്നതിനായിപോയ ഹെസക്കിയസ് തിരിച്ചെത്തിയപ്പോൾ സന്ദർശകശല്യംകൊണ്ടു് സ്ഥലംവിടാനൊരുങ്ങുന്ന ഗുരുവിനെയാണു കണ്ടതു്. കുറെക്കൂടി ഉൾപ്രദേശത്തായി ശാന്തസുന്ദരമായ ഒരു സ്ഥലത്തേയ്ക്കു തന്റെ ഗുരുവിനെ നയിച്ചു് അവർ അവിടെ കുടിൽകെട്ടി താമസിച്ചു. പ്രകൃതിയനുഗ്രഹിച്ച ആ പ്രദേശത്തുവച്ചു് വി. ഹിലാരിയോനു് താൻ ചിരകാലമായി അനുഗ്രഹിച്ചിരുന്ന ശാന്തിയും ഏകാന്തതയും ലഭ്യമായി ഹെസക്കിയസ് വീണ്ടും പാലസ്റ്റൈനിലേയ്ക്കു പോയിരുന്ന അവസരത്തിൽ ക്രി. വ. 371-ൽ ഹിലാരിയോൻ പരലോകം പ്രാപിച്ചു.

വിശുദ്ധന്റെ മരണപത്രം തന്റെ ശരീരവും സകല സ്വത്തുക്കളും (പഴയ സുവിശേഷഗ്രന്ഥം, ചാക്കുകൊണ്ടുള്ള ഷർട്ടു്, തലമൂടിയോടുകൂടിയ മേലങ്കി) വി. ഹെസക്കിയസിനു നൽകി. പാലസ്ററെനിൽവച്ചു് ഗുരുവിന്റെ ചരമവാർത്ത ഗ്രഹിച്ച ഹെസക്കിയസ്സു് നേരെ പാഫോസിലെത്തി. വിശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങളെ വൈരാഗ്യപൂർവം സൂക്ഷിച്ചു പൂജിച്ചിരുന്ന തദ്ദേശവാസികൾക്കു സംശയം ജനിപ്പിക്കാതിരിക്കുന്നതിനുവേണ്ടി ഹെസക്കിയസ്സ് സ്ഥിരമായിട്ടാണെന്ന ഭാവത്തിൽ അവിടെ താമസമാക്കി. പത്തുമാസത്തിനുശേഷം ആ പൂജ്യാവശിഷ്ടങ്ങളെ പാലസ്റ്റൈനിലേക്കു കൊണ്ടുപോവുകയും ജനങ്ങളും വൈദികരും ഘോഷയാത്രയായിച്ചെന്നു സ്വീകരിച്ചു് മാജൂമ്മായിലെ ആശ്രമത്തിൽ സംസ്കരിക്കുകയും ചെയ്തു. വി. ഹെസക്കിയസ്സും അവിടെത്തന്നെ അന്ത്യവിശ്രമംകൊള്ളുന്നു.

ജപം അതിൽ കണ്ടെത്തുകയില്ല.. ഈ തിരുനാമധാരികളായ ആ തിരുക്കുടുംബാംഗങ്ങളെ നാം പ്രത്യേകം സ്നേഹിച്ചു ബഹുമാനിക്കണമെന്നല്ലേ ഇതിനാൽ സഭാമാതാവു പ്രത്യക്ഷമാക്കുന്നതു്?

ഈ മൂന്നു നാമങ്ങൾ നമ്മുടെ മൂന്നു പ്രധാന മദ്ധ്യസ്ഥന്മാരെയും നമ്മുടെ പുണ്യജീവിതത്തിലെ മുഖ്യ മാതൃകകളേയും നമുക്കു കാണിച്ചുതരുന്നു. ഈശോ നമ്മുടെ ദൈവവും രക്ഷകനുമാണ്. മറിയം സൃഷ്ടികളിൽ ഏററം അനുഗ്രഹീതയും നന്മനിറഞ്ഞവളും ദൈവമാതാവുമാണ്. യൗസേപ്പാകട്ടെ നീതിമാനും ഈശോയുടെ വളർത്തുപിതാവും ദൈവജനനിയുടെ ഭർത്താവും തിരുക്കുടുംബത്തിൻെറ നാഥനുമത്രെ ഈ ആധുനികകാലത്തുണ്ടായിട്ടുള്ള സ്വർഗ്ഗീയദർശനങ്ങളിൽ പലതുകൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നതു് 1917-ൽ ഫാത്തിമായിലുണ്ടായ ദൈവജനനിയുടെ ഷഷ്ഠദർശനമാണ്. എന്നാൽ, ഒക്ടോബറിൽ ഉണ്ടായ ആറാമത്തേതും ഒടുവിലത്തേതുമായ ദർശനത്തിന് പരി. മറിയത്തോടൊന്നിച്ചു ഈശോയും യൗസേപ്പും കൂടെ ഫാത്തിമായിലെ ഭാഗ്യപ്പെട്ട ആ മൂന്നുകുട്ടികൾക്കു പ്രത്യക്ഷരായി. ഇതിനാൽ നമ്മുടെ പാലകരായ തിരുക്കുടുംബാംഗങ്ങളോട് ഇക്കാലത്തും ഉണ്ടായിരിക്കേണ്ട ഭക്തിയുടെ ആവശ്യം ഒന്നുകൂടെ ദൈവം പ്രത്യക്ഷമാക്കിയിരിക്കുന്നുവെന്നല്ലയൊ വിചാരിക്കേണ്ടതു്?

ഈശോയുടെ തിരുനാമം ഉച്ചരിച്ചുകൊണ്ടു് വി. എസ്തപ്പാനോസ് ആദ്യയുഗങ്ങളിൽ രക്തസാക്ഷിമുടി പ്രാപിച്ചെങ്കിൽ, ഈശോ മറിയം എന്നീ തിരുനാമങ്ങളോടുകൂടിയ പതാകവഹിച്ചുകൊണ്ടത്രേ വി. ജോവാൻ ദാക്ക് മദ്ധ്യയുഗങ്ങളിൽ വേദസാക്ഷിണിയായി മരണം പ്രാപിച്ചതു്. സ്ഥിതിസമത്വവാദവും തൊഴിലാളിസംഘടനകളും വിവിധ യൂണിയനുകളും നടമാടിക്കൊണ്ടിരിക്കുന്ന ഈ ആധുനിക കാലത്താകട്ടെ, പ്രസ്തുത ഇരുപാവനനാമങ്ങളോടുകൂടെ യൗസേപ്പു എന്ന നാമംകൂടെ ഘടിപ്പിക്കുന്നതു സന്ദർഭോചിതവും പ്രയോജനപ്രദവുമായിരിക്കുമെന്നാണ് പറയേണ്ടതു്. നല്ലൊരു തൊഴിലാളിയും ഉത്തമകുടുംബനാഥനുമായിരുന്ന ഈ മഹാത്മാവിനെ യഥാവിധി അനുകരിക്കുന്നതിന് സാമാന്യജനങ്ങൾ ഉദ്യമിച്ചിരുന്നെങ്കിൽ ഇന്നത്തെ അസ്വാസ്ഥതകളെല്ലാം പാടേനീങ്ങിപ്പോകുമായിരുന്നു.

തിരുക്കുടുംബപാലകനായി ദൈവത്താൽ പ്രത്യേകവിധം തിരഞ്ഞെടുക്കപ്പെട്ടതിൽ നിന്നുതന്നെ വി യൗസേപ്പു എത്ര കണ്ടു പരിശുദ്ധനായിരുന്നുവെന്നൂഹിക്കാം. ഈശോയെ തൻെറ ഉദരത്തിൽ വഹിച്ചുകൊണ്ടുള്ള പരി. മറിയത്തിൻെറ സന്ദർശനം എലിശബായും സ്നാപകയോഹന്നാനും അസാമാന്യ വരങ്ങൾക്കു നിദാനമായെങ്കിൽ, ഈശോ മറിയത്തോടൊന്നിച്ചുള്ള ദീർഘകാലത്തെ സഹവാസം വി. യൗസേപ്പിനെ എത്രമാത്രം പുണ്യത്തിൽ അഭിവൃദ്ധിപ്പെടുത്തിയിരിക്കണം! അതേ, വിശ്വസ്തനും, ക്ഷമാശീലനും മൗനാവലംബിയും ആയിട്ടാണ് വി യൗസേപ്പിനെ വി ഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്. ഉന്നതസ്ഥാനവാഹിയായ അദ്ദേഹത്തിൻെറ ഒററ വാക്കുപോലും അതിൽ രേഖപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിൻെറ വിശ്വാസം, ദൈവചിത്തത്തോടുള്ള അനുയോജ്യത, അനുസരണം, എളിമ, ഈശോ മറിയത്തോടൊന്നിച്ചു വസിക്കുന്നതിലുള്ള സന്തോഷസംതൃപ്തി ആദിയായ വിശിഷ്ടഗുണങ്ങൾ, സന്ദേഹാകുലയും, ലോകായതികയും, അഹങ്കാരിണിയും, അത്യാഗ്രഹിയും, സ്വാർത്ഥപ്രിയയുമായ ഇന്നത്തെ ദുഷിച്ചലോകത്തിനു എത്രയെത്ര വിശിഷ്ടപാഠങ്ങളാണു നൽകുന്നതു്?

ന്യായം കാണാതെ ദുഃഖാബ്ധിയിൽ മുഴുകിയിരിക്കുന്ന ഘട്ടങ്ങളിൽ, മറിയം ഗർഭിണിയായെന്നറിഞ്ഞതിൽ യൗസേപ്പിനുണ്ടായ അതിയായ ദുഃഖത്തിനുള്ള കാരണം അത്യാനന്ദകരമായ ഒരു സംഭവം—ദൈവത്തിൻെറ മനുഷ്യാവതാരം — ആയിരുന്നുവെന്നോർക്കുക. സങ്കടകരമായ വല്ലൊരു വാർത്ത ശ്രവിക്കേണ്ടതായോ ബുദ്ധിമുട്ടുള്ള വല്ലൊരു ജോലി നിർവ്വഹിക്കേണ്ടതായോ വരുമ്പോൾ എജിപ്തിലേയ്ക്കുള്ള തിരുക്കുടുംബത്തിൻെറ പലായനത്തെയും അതിൻെറ സാഹചര്യങ്ങളെയും പററിസ്മരിക്കുക കഴിവുള്ള ശ്രമമെല്ലാം ചെയ്തിട്ടും ആഗ്രഹിച്ചഫലം സിദ്ധിച്ചില്ലായെന്നു കണ്ടു സങ്കടപ്പെടുമ്പോൾ, നഷ്ടപ്പെട്ട തിരുക്കുമാരനെ ബന്ധുമിത്രാദികളുടെയിടയിലും പരിചിതന്മാരുടെയിടയിലും ആകുലത്തോടും വ്യാകുലത്തോടുംകൂടെ ഒന്നല്ല രണ്ടല്ല മൂന്നു ദിവസം അന്വേഷിച്ചിട്ടും കണ്ടെത്താതെ സങ്കടമനുഭവിച്ച യൗസേപ്പിനെപ്പററി ചിന്തിക്കുക.

# കാർമ്മേൽ

മറിയം എന്ന നാമംതന്നെ പരിപാവനമായ ഒന്നത്രെ, ശക്തിപ്രദാനം ചെയ്യുന്ന ഒന്നാണതു്. സഭയുടെ തലവനായ പത്രോസിൻെറയും, മിശിഹായുടെ മുന്നോടിയായ സ്നാപകയോഹന്നാൻെറയും നാമങ്ങൾ സസൂക്ഷ്മം തെരിഞ്ഞെടുത്ത ദൈവം തൻെറ ദിവ്യമാതാവിൻെറ കാര്യത്തിൽ പ്രത്യേകശ്രദ്ധപതിച്ചിരിക്കുമെന്ന ന്യായമായി ഊഹിക്കാം. മറിയം എന്ന നാമശ്രവണമാത്രയിൽ പിശാചുക്കൾ ഭയപ്പെടുകയും, ഈ ലോകവാസികൾ ബലംപ്രാപിക്കുകയും സ്വർഗ്ഗവാസികൾ ആനന്ദിക്കുകയും, ശുദ്ധീകരണാത്മക്കൾ ആശ്വാസം നേടുകയും, ചെയ്യുന്നുഎന്നാണു പുണ്യാത്മാക്കൾ അഭിപ്രായപ്പെടുന്നതു്.

ഇനി, ഈശോ എന്ന തിരുനാമത്തെപ്പററി എന്തു പറയട്ടെ! "ഈശോയുടെ നാമത്തിൽ ആകാശത്തിലും, ഭൂമിയിലും, ഭൂമിക്കടിയിലും ഉള്ള എല്ലാ മുഴങ്കാലുകളും മടങ്ങുകയും, ഈശോമിശിഹാ കർത്താവാകുന്നു എന്നു്......സകലനാവുകളും ഏററു പറയുകയും ചെയ്‌വാൻ തക്കവണ്ണം സകല നാമങ്ങളിലും ശ്രേഷ്ഠമായ നാമം അവനു താൻ കൊടുത്തു" (ഫിലിപ്യർ ii. 9-11) എന്നാണു് വി. പൗലോസിൻെറ ഉൽബോധനം. "നിങ്ങൾ എൻെറ നാമത്തിൽ എന്നോടപേക്ഷിച്ചാൽ ഞാൻ നിങ്ങൾക്കു ചെയ്തുതരും" (യോഹ. xiv-14) എന്നു മിശിഹാതന്നെയും അരുളിച്ചെയ്യുന്നു. വി. പത്രോസ് ശ്ലീഹാ, തന്നോടു ഭിക്ഷയാചിച്ച മുടന്തനോടു "പൊന്നും വെള്ളിയും എനിക്കില്ല. എനിക്കുള്ളതു നിനക്കു ഞാൻ തരുന്നു, നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ നീ എഴുന്നേററു നടക്കുക." എന്നു പറഞ്ഞുകൊണ്ടു് അവനെ സുഖപ്പെടുത്തുകയും, തൽഫലമായി പുരുഷന്മാർ തന്നെ 5000 പേർ ഉടനടി മാനസാന്തരപ്പെടുകയും ചെയ്തതായി നടപടിപുസ്തകം 3-20 അദ്ധ്യായത്തിൽ നാം കാണുന്നു. പ്രത്യുത ഈശോയുടെ നാമം ഉച്ചരിക്കരുതെന്നുണ്ടായ കല്പനയെ ലംഘിക്കുക നിമിത്തം ശ്ലീഹന്മാർ അടിക്കപ്പെട്ടെന്നും, എന്നാൽ അടികൊണ്ടിട്ടു "ഈശോയുടെ നാമത്തെക്കുറിച്ചു അവമാനിക്കപ്പെടാൻ യോഗ്യരായിത്തീർന്നതു നിമിത്തം സന്തോഷിച്ചുകൊണ്ടു അവർ അവിടെനിന്നും പുറപ്പെട്ടുപോയി" എന്നും നടപടിപുസ്തകത്തിലും നാം വായിക്കുന്നു.

ഈശോ മറിയം യൗസേപ്പു് എന്നീ മൂന്നു തിരുനാമങ്ങൾ സകല കുടുംബങ്ങളുടെയും ഉത്തമമാതൃകയായ തിരുക്കുടുംബത്തെ നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നു. ആ നാമങ്ങളിൽ ഓരോന്നും വ്യക്തിപരമായ എല്ലാ പുണ്യങ്ങളും, അവ ഒന്നാകെ സാമുദായിക പുണ്യങ്ങളും നമ്മെ പഠിപ്പിക്കുന്നു. സൃഷ്ടികർമ്മം കഴിഞ്ഞതിൽ പിന്നെ നടന്നിട്ടുള്ള ഏററം വലിയ സംഭവമായ മനുഷ്യാവതാരവും മനുഷ്യരക്ഷണവും ഈ തിരുക്കുടുംബത്തെയത്രെ ആശ്രയിച്ചിരിക്കുന്നതു. ഉത്ഥാനാനന്തരമുള്ള ഈശോയുടെ സാന്നിദ്ധ്യം ദുഃഖാബ്ധിയിൽ നിമഗ്നയായിരുന്ന മറിയം മഗ്ദലേനായെ ആനന്ദസാഗരത്തിൽ ആറാടിച്ചു. പരിശുദ്ധകന്യകയുടെ ലൂർദ്ദിലെയും ഫാത്തിമായിലെയും പ്രത്യക്ഷീകരണം ബർണ്ണദിത്തായുടെയും, മൂന്നു ചെറുകുട്ടികളുടെയും ജീവിതത്തെ പവിത്രീകരിച്ചു. വി. യൌസേപ്പിൻെറ സാന്നിദ്ധ്യം ദൈവജനനിക്കുതന്നെയും സന്തോഷവും ആശ്വാസവും പ്രദാനം ചെയ്തിരുന്നു. ആ സ്ഥിതിക്കു ഈശോ മറിയം യൌസേപ്പിൻെറ സജീവസാന്നിദ്ധ്യം നമുക്കുണ്ടാകുന്നപക്ഷം നമ്മുടെ ജീവിതം കൂടുതൽ സൗഭാഗ്യകരവും ഫലഭൂയിഷ്ഠവും ആയിത്തീരുമെന്നതു നിസ്തർക്കമാണു്.

ദുഃഖസങ്കടങ്ങളെയും മരണത്തെയും ഭയപ്പെടുന്നുവെങ്കിൽ തിരുക്കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെയും മരണത്തെപ്പററി ചിന്തിക്കുക; ഇനി, പുണ്യത്തെ പ്രതിവല്ലോരു ഐഹികാനന്ദമോ ആദായമോ പരിത്യജിക്കുന്നതു ഭാരമായിത്തോന്നുന്നെങ്കിൽ പരി. മറിയത്തിൻെറ സ്വർഗ്ഗാരോപണദിനം തിരുക്കുടുംബാംഗങ്ങൾ സ്വർഗ്ഗത്തിൽ ഒന്നിച്ചുകൂടിയപ്പോഴുണ്ടായ ആനന്ദത്തെയും അവർ ഇന്നും എന്നും അനുഭവിക്കുന്ന ഭാഗ്യാതിരേകത്തെയുംപററി സ്മരിക്കുക. നമ്മുടെ രക്ഷകനും നിത്യസത്യവുമായ ഈശോ നമ്മെ സത്യംപഠിപ്പിച്ചുകൊണ്ടും, ദൈവത്തിൻെറയും നമ്മുടെയും അമ്മയും പ്രസാദവരവിതരണക്കാരിയുമായപരി. മറിയം ദൈവസ്നേഹത്തിൽ വർദ്ധിക്കുന്നതിനു നമ്മെ സഹായിച്ചുകൊണ്ടും, തിരുക്കുടുംബനായകനും, തിരുസ്സഭാമദ്ധ്യസ്ഥനും നമ്മുടെ പിതാവുമായ മാർ യൌസേപ്പു സുകൃതാനുഷ്ഠാനങ്ങളിൽ നമ്മെ കാത്തുപാലിച്ചുകൊണ്ടും എന്നും നമ്മോടുകൂടെ വസിക്കട്ടെ. നസ്രസ്സ്ഭവനത്തിലെ ഈശോ അനുസരണത്തിൽ കുട്ടി

# ഹൃദയസമാധാനം

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

മനുഷ്യസൃഷ്ടിയുടെ പരമോദ്ദേശം, ആത്മവിശുദ്ധികരണംവഴി ദൈവത്തെ പ്രാപിക്കുകയെന്നുള്ളതാണ്. ഉൽകൃഷ്ടതമമായ ഈ നിത്യലക്ഷ്യം കരഗതമാകണമെങ്കിൽ ഹൃദയസമാധാനം കൂടിയേകഴിയൂ.



ലേഖകൻ

നിത്യസുഖമാണ് യഥാർത്ഥസമാധാനത്തിൻെറ പ്രമാദരഹിതമായ നിദാനം. അത് ഒരു മനുഷ്യന് എങ്ങിനെയാണ് ലഭിക്കുക? ഉപാധികൾ ഏവ? ഇവയെപ്പററിയുള്ള ശരിയായജ്ഞാനം നമ്മിൽ പലക്കും ഉണ്ടെന്ന് അനുഭവം തെളിയിക്കുന്നില്ല. കാരണം ആരോഗ്യം, ധനസമൃദ്ധി മാനം മുതലായവയുള്ളവർ സുഖം അനുഭവിക്കുന്നു എന്ന് ചിലക്ക് ഒരു ധാരണയുണ്ട്. സാധാരണഗതിയിൽ സുഖത്തെ വ്യവഹരിക്കുന്നതു് ലൌകിക രീതിയിലായതുകൊണ്ടു് ഈ അഭിപ്രായക്കാരെ തീത്തും കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. എന്നാൽ, ഒന്നു നാം പ്രത്യേകം ഗൌനിക്കണം—ആത്മാർത്ഥമായി ചിന്തിക്കണം. മനുഷ്യജീവിതം, വെറും പ്രാപഞ്ചികസുഖാനുഭവങ്ങൾക്കു വേണ്ടി മാത്രമുള്ളതാണോ? ക്ഷണികമായ ഐഹികാനന്ദമാണോ, മനുഷ്യൻെറ ദൈവനിവേശിതമായ ഉത്തമലക്ഷ്യം? അല്ലല്ലാ, സ്നേഹനിധിയായ ആ നല്ല പിതാവു് തൻെറ വത്സലസുതന്മാക്കായി, ലോകാരംഭം മുതൽഒരുക്കിവച്ചിരിക്കുന്ന സുഖം, നിത്യമായിട്ടുള്ളതാണ്. ആ സുഖത്തെ നശിപ്പിക്കുന്നതിന് യാതൊരു മഹത്ശക്തിക്കും സാദ്ധ്യമല്ല. ഭൌമികാനന്ദങ്ങൾ ക്ഷണഭംഗുരങ്ങളും, തന്മൂലം പരിവർജ്ജനീയങ്ങളുമാണ്. ലൌകിക സുഖങ്ങൾക്ക് വേണ്ടിമാത്രം ജീവിക്കരുതെന്ന് മാത്രമെ ഇവിടെ വിവക്ഷയുള്ളൂ. ജീവിക്കുവാൻ വേണ്ടി—ജീവസാക്ഷാത്ക്കാരമായ നിത്യരക്ഷ പ്രാപിക്കുവാൻ വേണ്ടി — ലൌകികസുഖാനുഭവങ്ങൾ സ്വീകരിക്കുക. അമിതമായ ലോകസുഖങ്ങൾ നിത്യരക്ഷയ്ക്കു് വിഘാതമായിവരും; അതുകൊണ്ടു അവ നിയന്ത്രണാധീനമാക്കണം എന്നർത്ഥം.

"ചിതലും പുഴവും നശിപ്പിക്കുകയും കരുത്തന്മാർ തുറന്നു മോഷ്ടിക്കുകയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചു വയ്ക്കേണ്ട. എന്നാൽ, ചിതലാകട്ടെ, പുഴവാകട്ടെ നശിപ്പിക്കാതേയും, കള്ളന്മാർ തുറന്നു മോഷ്ടിക്കാതേയുമുള്ള സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചു വയ്ക്കുവിൻ" (വി. മത്തായി 6—19, 20). ലോകത്തിൻെറ നശ്വരതയേയും സ്വർഗ്ഗഭാഗ്യത്തിൻെറഅനശ്വരതയേയും പ്രസ്തുതസൂവിശേഷവാക്യത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. സ്വർഗ്ഗത്തിലേക്കായി നാം സൂക്ഷിച്ചുവയ്ക്കേണ്ട ഏററവും വലിയ നിക്ഷേപം ഹൃദയസമാധാനമാണ്. ആ സമ്പത്തുകൊണ്ടു് വ്യാപാരംചെയ്തു് ലാഭം നേടുന്നവൻ സ്വർഗ്ഗത്തിനവകാശിയാണ്. കാരണം ഈ മുതൽ മുടക്കില്ലെങ്കിൽ, മററു ഏതു സമ്പാദ്യവും ഈ ലോകത്തിൽവച്ചു നേടുവാൻ സാദ്ധ്യമല്ല. സാക്ഷാത്തായ ഹൃദയസമാധാനമില്ലാത്തവർ സത്യം, സത്യമായി കാണുകയില്ല. നീതി അനീതിയായി വ്യാഖ്യാനിക്കും. സമാധാനരഹിതൻെറ ഹൃദയക്കണ്ണുകൾ അന്ധമായിരിക്കും.

---

കൾക്കും, മറിയം ശുദ്ധതയിലും സ്നേഹമസൃണമായ പരിചരണത്തിലും കുടുംബനായികകൾക്കും, യൗസേപ്പു ലളിത ജീവിതത്തിലും അനാർഭാടമായ പ്രവൃത്തനത്തിലും കുടുംബനായകന്മാക്കും ഉത്തമമാതൃകയായിരിക്കട്ടെ.

ഈ സ്മരണകൾ ഓർമ്മയിൽ നിർത്തിക്കൊണ്ടു് ഈശോമറിയം യൗസേപ്പേ എന്ന ചെറിയജപം അടിക്കടി ഭക്തിപൂർവം ഉപയോഗിക്കുന്നതിനും, ഏതു കാര്യത്തിലും തിരുക്കുടുംബ മാതൃകനോക്കി സദാ പ്രവർത്തിക്കുന്നതിനും നമുക്കു ശ്രമിക്കാം.

മനുഷ്യന്റെ ജീവിതവിജയം സ്ഥിതിചെയ്യുന്നതു് നിത്യമായ മോക്ഷസുഖം പ്രാപിക്കുന്നതിലാണു്. കാരണം, അതാണു് സ്രഷ്ടാവു, സൃഷ്ടികർമ്മം കൊണ്ടുദ്ദേശിച്ചിരിക്കുന്നതും. അതിനെ സാർത്ഥകമാക്കിത്തീർക്കുന്നതിനു് അനുപേക്ഷണീയമായ ഒരുപകരണമാണു് ഹൃദയസമാധാനം.

മനുഷ്യസംസ്കാരത്തിന്റെ ഉൽക്കർഷാപകർഷങ്ങളെ നിർണ്ണയിക്കുന്ന മാനദണ്ഡം, യഥാക്രമം, ഹൃദയസമാധാനവും, തദ്ദഭാവവുമാണു്. സമാധാനമില്ലാത്ത കുടുംബം നരകസമാനമാണു്. അതുപോലെ രാഷ്ട്രംസാമാധാനപൂർണ്ണമല്ലെങ്കിൽ അവിടെ അരാജകത്വവും, അനീതിയും നടമാടും. ഇതു് സ്വാഭാവികമാണു്. വിജയത്തിലേക്കുള്ള സത്പ്രതീക്ഷ നശിപ്പിക്കുന്ന പുഴ, സമാധാനക്കുറവാണു്. ഹൃദയ സമാധാനത്തിന്റെ അഭാവം മനുഷ്യനെ അധഃപതനത്തിലേക്കു് നിപതിപ്പിക്കയാണു് ചെയ്യുന്നതു്. പുരോഗമന കവാടങ്ങൾ അടഞ്ഞുകിടക്കുന്ന സാക്ഷകളാണു് ഹൃദയസമാധാനമില്ലായ്മ.

ദൈവനിർദ്ദിഷ്ടമായ ആത്മീയ സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളവർ ഹൃദയസമാധാനത്തിൽ — സാക്ഷാൽ സുഖത്തിൽ ജീവിക്കുന്നു എന്നു പറയാം. ക്രിസ്താനുകരണം അനുശാസിക്കുന്നതു് ഇപ്രകാരമാണു്. "നല്ല മനസ്സാക്ഷിയിലും, ദൈവപേടിയിലുമല്ലാതെ, നേരായിട്ടുള്ള സ്വാതന്ത്ര്യമില്ല. പരമാർത്ഥമായ ആനന്ദവുമില്ല". ശുദ്ധനിയോഗത്തിൽ നിന്നും രൂപം പ്രാപിച്ച, ആത്മാവിന്റെ സ്വരമാണു് ശുദ്ധമനസ്സാക്ഷി എന്നു പറയുന്നതു്. അതുള്ളവൻ മോക്ഷസ്വാതന്ത്ര്യത്തിലും സമാധാനസുഖത്തിലും ജീവിക്കുന്നു. അവന്റെ സകല പ്രവർത്തനങ്ങളേയും നിയന്ത്രിക്കുന്ന യന്ത്രം ഹൃദയ സമാധാനമായിരിക്കും.

ലൗകികാനന്ദങ്ങളുടെ വേലിയേററത്തിലല്ലാ, ധനതൃഷ്ണയുടെ ക്രമം തെററിയ പരക്കംപാച്ചിലല്ലാ, കനകത്തിന്റെ മനംമയക്കുന്ന നിറപ്പകിട്ടിലല്ലാ, നാണയങ്ങളുടെ കിലുകിലാരവങ്ങളിലല്ലാ, മനുഷ്യന്റെ നിത്യസുഖം നിക്ഷിപ്തമായിരിക്കുന്നതെന്നു്, അല്പം ചിന്തിച്ചാൽ നമുക്കു് മനസ്സിലാക്കാം. അതുകൊണ്ടു തന്നെയാണു് നമ്മുടെദിവ്യരക്ഷകൻ ചോദിച്ചതു് "മനുഷ്യാ നീ ലോകം മുഴുവനും നേടിയാലും, ആത്മാവു നശിച്ചാൽ നേടിയ ലോകംകൊണ്ടു് എന്തു്ഫലം?" എന്നു്. ആയതിനാൽ, മനുഷ്യൻ പരമപ്രധാനമായി ശ്രദ്ധിക്കേണ്ട ഏകവിഷയം ആത്മരക്ഷമാത്രമാണു്. അതു് യഥാർഹം സാധിതമായാൽ സൃഷ്ടികർമ്മത്തിന്റെ ഉദ്ദേശം അവൻ പൂർത്തിയാക്കി എന്നു് പറയാം. ആത്മരക്ഷകനെന്ന മോഹനസൌധത്തിന്റെ അസ്ഥിവാരം, ഹൃദയസമാധാനമെന്നു് പറയുന്നതിൽ തെററില്ല. കാരണം, രക്ഷാകരമായ യാതൊരു പ്രവർത്തനവും സമാധാനരഹിതനു് സാദ്ധ്യമല്ല.

ശാസ്ത്രജ്ഞന്മാരും, തത്വചിന്തകന്മാരും, ലോകത്തിലെ വൻകിട രാഷ്ട്രീയ നേതാക്കന്മാരും, ലോകസമാധാന ലബ്ധിക്കുവേണ്ടി പരിശ്രമം തുടങ്ങിയിട്ടു വർഷങ്ങൾ വളരെയായി. ഇന്നുവരെ ലോകം, സമാധാനസൂര്യന്റെ കിരണങ്ങൾ അല്പമെങ്കിലും ദർശിച്ചോ? അസമാധാന രാക്ഷസന്റെ ഘോരാട്ടഹാസങ്ങളല്ലെ സർവ്വത്ര നാം ശ്രവിക്കുന്നതു്? ഇവയെല്ലാം കാരണമെന്തു്? പുരോഗനത്തിന്റെ അത്യുച്ചിയിൽ എത്തിയെന്നു് അഭിമാനം കൊള്ളുന്ന ആധുനിക മനുഷ്യന്റെ ചിന്താശക്തി ഈ വിഷയത്തിൽ എന്തുകൊണ്ടു് ഫലപ്രദമാകുന്നില്ല? ചിന്തിക്കേണ്ട ഒരു വസ്തുതയാണിതു്. സമാധാനത്തിന്റെ സാക്ഷാത്തായ നീരുറവ എവിടെയെന്നു് പലരും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഉണ്ടെങ്കിൽത്തന്നെയും, അതു് അത്ര ഗണ്യമാക്കിയിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ലൌകായതികത്വത്തിൽ അടിയുറച്ച ഒരു മനസ്ഥിതി പലരിലും വേരൂന്നിത്തുടങ്ങി. അതാണു് ഈ ദുരവസ്ഥയ്ക്കുള്ളകാരണം. മനുഷ്യൻ എന്നു് ദൈവത്തിൽനിന്നും അകലുന്നുവോ — തെററുവരുവാൻ പാടില്ലാത്ത അവിടുത്തെ അനുശാസനങ്ങളിൽനിന്നും പിന്തിരിയുന്നുവോ — അന്നുമുതൽ അവർ സമാധാനംകാണുകയില്ല. ശാന്തിയുടെ പൊൻകതിരുകൾ അവന്റെ ഹൃദയത്തിൽ നിഴലിക്കയില്ല.

ദൈവതിരുമനസ്സിനോടുള്ള യോജിപ്പിലാണു് ഹൃദയസമാധാനം, വാസ്തവത്തിൽ ഉടലെടുക്കുന്നതു്. ദൈവേഷ്ടത്തെ ധിക്കരിക്കുന്നവർ ഇഹലോകത്തിൽ വച്ചുതന്നെ ദുരിതമനുഭവിക്കുന്നതു് നാം കാണുന്നുണ്ടു്.

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു് ക്രിസ്തുപറഞ്ഞു. അതെ, ആ അനശ്വര ദീപ

മാണ്, പാപാന്ധകാരത്തെ നിമ്മാർജ്ജനം ചെയ്ത് മനുഷ്യഹൃദയങ്ങളെ പ്രകാശിപ്പിച്ചതു്—പ്രകാശിപ്പിക്കുന്നതു്. ദിവ്യരക്ഷകൻ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ, ഏതെല്ലാം ഭവനങ്ങളിൽ പ്രവേശിച്ചുവോ, ആ ഭവനങ്ങൾക്കും, തന്നിവാസികൾക്കും, സമാധാനം ആശംസിച്ചിരുന്നതായി നാമറിയുന്നു. സുവിശേഷാത്മകമായ ആ സമാധാനമാണ് ഇന്ന് ലോകത്തിനാവശ്യം. നാമുക്കോരോരുത്തക്കും, നമ്മുടെ പരമാന്ത്യ പ്രാപ്തിക്ക് അത്യാവശ്യമായിട്ടുള്ളതും മറെറാന്നല്ല.

ആരാദ്ധ്യമായ ഈ സമാധാനസന്ദേശമാണോ നമ്മുടെ കുടുംബരംഗങ്ങളിൽ ഇന്ന് മാറെറാലിക്കൊള്ളുന്നതു്. പരിതാപകരമെന്നു പറയട്ടെ, നമ്മിൽ പലരുടേയും കുടുംബാന്തരീക്ഷത്തിൽ ശ്രവിയ്ക്കപ്പെടുന്ന സ്വരം ദൈവത്തിൻേറതല്ല ലോകാത്മപിയുടേതാണ്. ലോകസ്നേഹം കൊണ്ടും സ്വാത്ഥത കൊണ്ടും നിറഞ്ഞിരിക്കയാണ് നമ്മുടെ ഹൃദയം. അവിടെ ദൈവത്തിൻെറ സമാധാനം കുടികൊള്ളുന്നതെങ്ങിനെ? വി. പൌലോസ് അപ്പസ്തോലൻ ഉപദേശിയ്ക്കുന്നു: "നിങ്ങൾ ഏക ശരീരമായി ഏതിനായി വിളിക്കപ്പെട്ടിരിക്കുന്നുവോ, മിശിഹായുടെ ആ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ."

(കൊലെ. 3—15)

ക്രിസ്തുവിൻെറ സമാധാനം എന്തിൽ സ്ഥിതി ചെയ്യുന്നു? മറെറാന്നിലുമല്ലാ, തൻെറ പിതാവിൻെറ തിരുമനസ്സു നിറവേററുന്നതിൽ. സ്വജീവിതകാലത്തു് ദിവ്യനാഥൻ മുഖ്യമായി പരിഗണിച്ചിരുന്ന ഏക കാര്യം ഇതുമാത്രമായിരുന്നു. ഈ മഹൽക്കാര്യനിവ്ഹണത്തിനുവേണ്ടിയാണ് താൻ ജനിച്ചതു്, വളന്നതു്, അത്ഭുതങ്ങൾ പ്രവത്തിച്ചതു്, പാടുപീഡകൾ സഹിച്ചതു്, അവസാനം നിരാധാരനായി ക്രൂശാരോഹണം ചെയ്തതു്. അതുകൊണ്ടാണല്ലോ, മരിക്കുന്നതിനു മുമ്പായി ക്രൂശിൽക്കിടന്നുകൊണ്ടു അവിടുന്നു അരുളിച്ചെയ്തതു് "എല്ലാം പൂത്തിയായിരിക്കുന്നു" എന്നു്. എന്താണ് പൂത്തിയായതു്? പിതാവിൻെറ തിരുമനസ്സ്.

ദൈവീകമായ ഹൃദയസമാധാനം നാം അഭിലഷിക്കുന്നുണ്ടെങ്കിൽ, ക്രിസ്തു നമുക്ക് കാണിച്ചുതന്ന ഈ മാർഗ്ഗംതന്നെ അനുകരിക്കേണ്ടിയിരിക്കുന്നു. സ്വാത്ഥത പൂണ്ണമായി കൈവെടിഞ്ഞു് പരാത്ഥപ്രധാനമായ പരസ്നേഹ പ്രചോദിതമായ ഒരു ജീവിതം നാം നയിച്ചാൽ തീർച്ചയായും ക്രിസ്തുവിൻെറ അലോക സുന്ദരമായ ആ സമാധാനത്തിന് നാം അർഹരാകും.

"ഉപകാരപ്രധാനസ്യാദപകാരപരേപ്യരൌ"

എന്ന മഹദ്വാക്യം നമ്മിൽ സാത്ഥകമാകുമ്പോൾ—അതെ, നാം, നമ്മെ ഉപദ്രവിക്കുന്ന ശത്രുക്കൾക്കുപോലും ഉപകാരംചെയ്യുമ്പോൾ—അവരെ സഹോദരബുദ്ധ്യ നിവ്യാജമായി സ്നേഹിക്കുമ്പോൾ—ക്രിസ്തുവിൻെറ യഥാത്ഥ അനുയായികളും ഹൃദയസമാധാനത്തിൻെറ പ്രവാചകന്മാരുമായിത്തീരുമെന്നതവിതക്കിതമാണ്.

സ്നേഹത്തിൻേറയും ത്യാഗത്തിൻേറയും മൂത്തീഭാവമായ നമ്മുടെ രക്ഷകൻെറ പരിപാവനപാദാരവിന്ദങ്ങളെ നാം അനുധാവനംചെയ്താൽ—അവിടുത്തെ സ്വർഗ്ഗീയപ്രബോധനങ്ങളെ സാദരം സ്വീകരിച്ചു പ്രാവത്തികമാക്കിയാൽ തീർച്ചയായും അവിടുത്തെ നിത്യസമാധാനത്തിന് നാമുമർഹരാകും. അങ്ങനെ ഹൃദയസമാധാനത്തിൻെറ പാരമ്യത്തിൽ നാമെത്തിച്ചേരുമ്പോൾ ഐഹികജീവിതം നമുക്ക് കയ്പായിത്തോന്നുകയില്ല. യാതൊരനത്ഥങ്ങൾക്കും, പ്രലോഭനങ്ങൾക്കും നമ്മുടെ ഹൃദയസമാധാനത്തെ ഇളക്കുവാൻ കഴികയില്ല. സുസ്ഥിരമായ, അചഞ്ചലമായ ആ നിത്യസമാധാനംസ്വർഗ്ഗീയാനന്ദത്തിൻെറശരിപകർപ്പായി നമ്മുടെ ഹൃദയത്തിനനുഭവപ്പെടും, ഈ ലോകത്തിൽവച്ചുതന്നെ. നമ്മുടെ ഐഹികജീവിതം, സാക്ഷാൽ ഭൌമ്യപറുദീസയുടെ പ്രതീതി നമ്മിലുളവാക്കുകയും ചെയ്യും.

നമ്മുടെ ജീവിതത്തിന് വേറൊരു പ്രമുഖോദ്ദേശവുമുണ്ടായിരിക്കരുതു്, ദൈവത്തെ സ്നേഹിക്കുന്നതൊഴികെ. അതാണല്ലോ, മനുഷ്യൻെറ ദൈവപ്രോക്തമായ ജീവിതധമ്മം. ഒരു നിയമപണ്ഡിതൻ ന. ദിവ്യരക്ഷകനോടു് ഒരിക്കൽ ചോദിച്ചു. "ഗുരോ, നിയമത്തിൽ ഏതു്കല്പനയാണ് പ്രധാനം?" എന്നു്. അവിടുന്നരുളിച്ചെയ്തു: "നിൻെറ ദൈവമായ കത്താവിനെ നിൻെറ പൂണ്ണഹൃദയത്തോടുകൂടിയും, നിൻെറ സവ്ശക്തിയോടുകൂടിയും, നിൻെറ പൂണ്ണമനസ്സോടുകൂടിയും സ്നേഹിക്കണം, എന്നതു്തന്നെ. ഇതാണ്

പ്രധാനവും പ്രഥമവുമായ കല്പന. രണ്ടാമത്തേതു്, നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം, എന്നതു്." (മത്തായി 22-36—39) ഹൃദയസമാധാനത്തിൽ വർത്തിക്കുന്നവൻ തീർച്ചയായും ദൈവത്തെ പൂർണ്ണമായി സ്നേഹിക്കും. കാരണം, അവിടുന്നാണല്ലോ സാക്ഷാത്തായ സമാധാനകേന്ദ്രം. വിശുദ്ധന്മാരുടെ ഏകാനന്ദവിഷയവും, ലോകവാസികളുടെ സദ്പ്രതീക്ഷയും മററൊന്നില്ലല്ലാ, സ്ഥിതിചെയ്യുന്നതു്. ഈ ദൈവികസമാധാനത്തിനുമാത്രമെ ലോകത്തെ ഉദ്ധരിക്കുവാൻ കഴിയുകയുള്ളു.

നമ്മിൽ പലരും ദൈവത്തെ സ്നേഹിക്കുന്നതു് ഭാഗികമായിട്ടുമാത്രമാണു്. കാരണം, നമ്മുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നതു്, ലോകസ്നേഹങ്ങളാണെന്നു് ഗാഢമായി ചിന്തിച്ചാൽ മനസ്സിലാക്കാൻ വിഷമമില്ല. "ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു് പറയുകയും, തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്താൽ അവൻ വ്യാജംപറയുന്നു." ശരിയായി ഒരു ആത്മശോധനചെയ്താൽ,നമുക്കും ബോദ്ധ്യമാകും, വി. ശ്ലീഹായുടെ മേലുദ്ധരിച്ച പ്രബോധനപ്രകാരം, നമ്മിൽ പലരും കളവുപറയുന്നവരാണെന്നു്. യഥാർത്ഥത്തിൽ ദൈവത്തെ ഹൃദയംകൊണ്ടു സ്നേഹിക്കുന്നവൻ, ലോകത്തിലെ സകല മനുഷ്യരേയും സഹോദരങ്ങളായി ഗണിച്ചു, തദനുസരണം സ്വാർത്ഥരഹിതമായി അവരെ സ്നേഹിക്കും—അവക്കുവേണ്ടിക്കൂടിയായിരിക്കും, അവൻ ജീവിയ്ക്കുന്നതും.

ഓരോ മനുഷ്യനും, ദൈവം, ഓരോ ജീവിതാന്തസുകൾ നൽകിയിട്ടുണ്ടു്. അതിന്റെ കടമകൾ ദൈവനിർദ്ദിഷ്ടമായവിധത്തിൽ, നല്ല നിയോഗശുദ്ധിയോടുകൂടി ചെയ്തുതീക്കുമ്പോൾ, അതുകൊണ്ടുതന്നെ നമുക്കു് ഒരു മനസുഖം അനുഭവപ്പെടും. സാക്ഷാൽ ഹൃദയസമാധാനത്തിന്റെ ഒരു നാന്ദിയാണതു്. അല്ലാ, അതുതന്നെയാണു് ഹൃദയസമാധാനം. ഇതുകൊണ്ടു് നാം എന്തു് മനസ്സിലാക്കണം? സ്വജീവിതധമ്മം, ദൈവതിരുമനസ്സിനനുയോജ്യമായവിധത്തിൽ നിവ്വഹിക്കുന്നതിലാണു് ഹൃദയസമാധാനത്തിന്റെ കാതലായ ഭാഗം അടങ്ങിയിരിക്കുന്നതു്. നമ്മുടെ ഹൃദയം ദൈവപ്രസാദവരത്താൽ അലംകൃതമായിരിക്കുമ്പോൾ ചെയ്യുന്ന ഏതു് ചെറിയ പ്രവൃത്തിയും,നല്ല നിയോഗശുദ്ധിയുണ്ടെങ്കിൽ പുണ്യങ്ങളായിത്തീരുന്നതുപോലെ, അവ നിത്യ സമാധാനത്തിന്റേയും യോഗ്യതക്കു് അർഹങ്ങളായും ഭവിയ്ക്കും.

സമാധാനലബ്ധിക്കുപകരിക്കുന്ന ചില മാർഗ്ഗങ്ങൾ "ക്രിസ്താനുകരണം" നമുക്കുപദേശിച്ചുതരുന്നുണ്ടു്. അവയിലൊന്നിതാണു്. "അന്യന്മാരുടെ പ്രവൃത്തികളേയോ, വചനങ്ങളേയോ കുറിച്ചു് അവിവേകമായി ഒന്നും വിധിക്കേണ്ട. നിന്നെ ഏല്പിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ, നീ, പ്രവേശിക്കയും വേണ്ട. ഇങ്ങനെയല്ലെങ്കിൽ, നിനക്കു് സമാധാനം ഉണ്ടാകയില്ല. അഥവാ, ഉണ്ടായാലും അപൂർവമായിരിയ്ക്കും" (ക്രിസ്താനുകരണം, പു. 3. അ. 25. വാ. 1.) ഈ ഉപദേശത്തിലെ കാര്യങ്ങൾ നമ്മിൽ പലരിലും വാസ്തവത്തിൽ അനുഭവപ്പെടുന്നതല്ലേ? മററുള്ളവരുടെ കുററങ്ങളും കുറവുകളും കണ്ടുപിടിക്കുന്നതിൽ നാം സ്വയം വിവേകികളായി നടിക്കുന്നു. വാക്കുമൂലവും,പ്രവൃത്തിമൂലവും എത്ര സഹോദരന്മാരുടെ മാനത്തെയാണു്, നമ്മിൽ ചിലർ അപഹരിക്കുന്നതു്. സ്വന്തജീവിതവും, നടപടിക്രമവും ശരിയാണോ, ദൈവഹിതത്തിനു ചേർന്നതാണോ എന്നുള്ളതല്ല നോട്ടം. മററുള്ളവരിൽ എന്തെല്ലാം ന്യൂനതകൾ ഉണ്ടു് എന്നാണു് ചിലരുടെ ചിന്ത. ചെയ്യുന്നതും ചെയ്യാത്തതുമായ കുററങ്ങളെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ചാൽമാത്രമടങ്ങുന്ന ചില അധോഗമന മനസ്ഥിതിക്കാർ നമ്മിൽ ചിലരുണ്ടു്. ഇതിൽപ്പരം അപഹാസ്യമായ നീചകൃത്യമെന്തുണ്ടു്. ഇങ്ങനെയുള്ളവർ ഒന്നു് മനസ്സിലാക്കിയാൽകൊള്ളാം. അവസാന വിധിദിവസത്തിൽ മററുള്ളവരുടെ കുററങ്ങൾ നമ്മോടു ചോദിക്കയില്ല, നിത്യവിധിയാളൻ. "നീ എന്തു നന്മചെയ്തു?" ഇതുമാത്രമായിരിക്കും ന. കർത്താവു നമ്മോടു ചോദിക്കാനിരിക്കുന്നതു്. അതുകൊണ്ടു സ്വന്തം ആത്മരക്ഷയ്ക്കുതകുന്ന മാർഗ്ഗങ്ങളിൽക്കൂടി നാം ചരിക്കാതെ, മററുള്ളവരെക്കുറിച്ചു ചിന്താകുലരായി സമയം വൃഥാ വ്യയം ചെയ്യുന്നവനു് സമാധാനം—ഹൃദയസുഖം ഒരിക്കലും ഉണ്ടായിരിക്കയില്ല.

ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസം, ഹൃദയസമാധാനമുള്ളവന്റെ ലക്ഷണങ്ങളിലൊന്നാണു്? "ഞാൻ സമാധാനം നിങ്ങൾക്കായി വെച്ചേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ

പുതിയ പുസ്തകങ്ങൾ

## 1. നാടിന്റെ രക്തസാക്ഷി

ഗ്രന്ഥകർത്താ: ജെ. അരൂർ, എസ്. എച്ച്, ലീഗ്, ആലുവാ നോർത്ത്, P. O. വശങ്ങൾ 67; 1956.

സ്കൂളുകളിലും ഭക്തസഖ്യതകളുടെ വാർഷികാഘോഷാവസരങ്ങളിലും അഭിനയിക്കുവാൻകൊള്ളുന്ന ഒരു ഗദ്യനാടകം. സാമുദായിക സാമ്പത്തികനിലവാരത്തെ ഉയർത്തുവാൻ പരിശ്രമിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നവരുടെ പൊള്ളത്തരങ്ങൾ കാണിക്കുന്ന സംഭവങ്ങളാണു് വർണ്ണിച്ചിരിക്കുന്നതു്. "നീറുന്ന സത്യങ്ങൾ, പൊള്ളുന്ന പരമാർത്ഥങ്ങൾ; അതിലേറെ ഹൃദയം നീറുന്ന അനുഭവങ്ങൾ ഇവയുടെ പശ്ചാത്തലത്തിലാണു് ഈ നാടകം രൂപം കൊണ്ടതു്" എന്നു ഗ്രന്ഥകർത്താവു് പറഞ്ഞിരിക്കുന്നതു ശരിയാണെന്നു തോന്നും അതൊരാവർത്തി വായിച്ചാൽ.

## 2. ഫ്രാൻസിസ് വാൻ

രചയിതാക്കൾ: ജെ. കണ്ണാത്തുകുഴി; എൽ. ഞറളക്കാട്ട്; എം. മഞ്ചേരിൽ പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത്. വശങ്ങൾ 136; 1956. വില 10 ണ.

കേവലം ഇരുപത്തിയൊന്നുവർഷം മാത്രം ജീവിച്ച ഒരു മാതൃകായുവാവിന്റെ ജീവചരിത്രസംഗ്രഹമാണു് ഉള്ളടക്കം. അമേരിക്കൻ ഐക്യനാടുകളിൽ ഡിട്രോയിഡ് എന്ന സ്ഥലത്തു് 1915-ൽ ജനിച്ച ഫ്രാൻസിസ്‌വാൻ മരിച്ചതു് 1936-ൽ ഡെസോട്ടോവിലെ ദിവ്യരക്ഷകസഭയിലെ ഒരു നവസന്യാസിയായിട്ടാണു്.

ചോരത്തിളപ്പും ചുറുചുറുപ്പും ഉള്ള വിദ്യാർത്ഥികൾക്കു് സഹജമായ ബലഹീനതകളും പോരായ്മകളും ഫ്രാൻസിസിനും ഉണ്ടായിരുന്നെങ്കിലും, അവയെ എപ്രകാരം അവൻ ജയിച്ചു്, അൾത്താര ബാലസംഘാംഗം, സ്കൗട്ട്‌ലീഡർ, ഹൈസ്കൂൾ വിദ്യാർത്ഥി, കോളേജ് വിദ്യാർത്ഥി, അവസാനം നവസന്യാസി എന്നീനിലകളിൽ മററുള്ളവർക്കു് ഒരാദർശമായി ശോഭിച്ചു എന്നു് ഈ പുസ്തകം ഒരാവർത്തി വായിച്ചാൽ കാണാം.

ഭാഷ സാമാന്യം ശുദ്ധമായിരിക്കുന്നു.

---

## പരസ്നേഹം

ഹാർദ്ദമായ പരസ്നേഹം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഗുണമാണു്. എന്തുകൊണ്ടെന്നാൽ നിസ്സ്വാർത്ഥമായ പരസ്നേഹമുള്ളവർ അപരനിൽനിന്നുളവാകുന്ന അനർത്ഥങ്ങൾ നിഷ്പ്രയാസം സഹിക്കുന്നു. അവർക്കു് അനിഷ്ടത്തിനു കാരണമാകുന്നതു് അസാധാരണമായ എന്തെങ്കിലുമായിരിക്കണം. അതിനാൽ ഈ പ്രമാണം ലോകം ശരിയായി അനുസരിക്കുന്നുവെങ്കിൽ ഇതരപ്രമാണങ്ങളെ അനുസരിക്കുന്നതിനു് അതുതന്നെ വലിയ സഹായമായിരിക്കുമെന്നാണു് എന്റെ വിശ്വാസം. വി. അമ്മത്രേസ്യാ.

---

നിങ്ങൾക്കു് തരുന്നു. ലോകം തരുന്നതുപോലെയല്ലാ, ഞാൻ നിങ്ങൾക്കു് തരുന്നതു്. (വി. യോഹ 14-27.) എന്നാണു ക്രിസ്തു അപ്പസ്തോലന്മാർവഴി നമ്മോടരുളിച്ചെയ്തതു്. അലോകസുന്ദരമായ ആ ശാന്തിദീപം! ലോകോദ്ധാരകനായ ആ കാരുണ്യമൂർത്തി! അതെ, മർത്ത്യദൈവമായ ക്രിസ്തുനാഥന്റെ ഈ ശാന്തിസന്ദേശമായിരിക്കണം, ഒരു ക്രൈസ്തവന്റെ അനുദിനചിന്താവിഷയം—ഏകജീവിതമാതൃക. വാക്കിലും പ്രവൃത്തിയിലും, ആ നീതി സൂര്യന്റെ ആശീർവാദകിരണങ്ങൾ പതിയുമ്പോൾ, ഹൃദയസമാധാനം അവിടെ കുടികൊള്ളാതെ തരമില്ല. അങ്ങനെ മനുഷ്യഹൃദയത്തിനു് സ്വർഗ്ഗീയാനന്ദത്തിന്റെ സത്യപ്രതീതി അനുഭവപ്പെടുകയും ചെയ്യും, ഇഹലോകത്തിൽവച്ചുതന്നെ. ഇതിൽപ്പരം എന്തൊരു സൌഭാഗ്യാവസ്ഥയാണു് ഒരു സൃഷ്ടിക്കു് ലഭിക്കുക?

സുവിശേഷാത്മകമായ സമാധാനത്തിനുമാത്രമേ ലോകത്തെ ക്ഷേമസമൃദ്ധമാക്കുവാൻ സാധിക്കയുള്ളു. ദൈവൈക്യത്തിൽനിന്നും അകന്നുനിന്നുകൊണ്ടു് ഏതു മഹശക്തികൾ എത്രയെല്ലാം യത്നിച്ചാലും, ശാശ്വതമായ സമാധാനം ലോകത്തിനു ലഭിക്കുവാൻ പോകുന്നില്ല. ഈ ദുരദൃഷ്ടമാണു് ഇന്നു ലോകത്തെ ബാധിച്ചിരിക്കുന്ന ഏററവും വലിയ വിപത്തു്. ദൈവവിശ്വാസത്തിലും, അപരിമേയമായ അവിടുത്തെ കർത്തൃത്വത്തിലും അധിഷ്ഠിതമല്ലാത്ത കുടുംബമാകട്ടെ, സമുദായമാകട്ടെ, രാഷ്ട്രമാകട്ടെ യഥാർത്ഥസുഖം—ചിരസ്ഥായിയായ സമാധാനം അനുഭവിക്കയില്ല.

# EARLY CARMELITES IN MALABAR

**Sri. V. C. George, B. A., L. T., Kuravilangad**

Throughout the long history of the Catholic Church there have been instances without number of latent mysterious forces within it taking shape and actively working in clear-cut movements and well-knit organisations to effectively counter-act influences and currents of thought that threatened to disrupt the unity and defy the sanctity of the great Mystical Body of Christ. The truth of this statement is borne out by the facts and circumstances connected with the rise and fall of various Schisms and Heresies both in the East and the West. As in the case of certain living organisms which are endowed with inborn powers to repair losses sustained at the hands of hostile agencies, the Catholic Church has been provided with the capacity to repair wonderfully damages caused to it by disobedient and rebellious children, and by wild and unrelenting foes. This is indeed a powerful reminder of Christ's assurance that the Gates of Hell shall not prevail against His Cherished Spouse.

The Church in Malabar has had periods of progress and fame, of decline and dismay, chasing each other; but the seventeenth century marked a critical phase in the history of this Church far exceeding all others in the intensity of internecine quarrels, complexity of disciplinary disputes, and wantonness of State interference. A good portion of these disturbing factors should be deemed a legacy from the Synod of Diamper of 1599 convened by Archbishop Menezes of Goa. Up to the time of that Synod the Malabar Syrian community was a homogeneous body following the Chaldean Rite and acknowledging the Supreme Authority of the Pope through the Chaldean Patriarchs of Babylon. Early European Missionaries who worked in Malabar recognised the Syrians of the country as fellow-Catholics, ministered unto their spiritual needs in all possible ways, though the missionaries followed the Latin Rite, different from the Chaldean in details, non-essentials and externals. One of the objects of the Synod of Diamper was to make the Malabar Syrians to comform to the Latin Rite, to eliminate the intermediary authority of the Patriarch of Babylon, and to bring the See of Angamale directly under the authority of the Archbishop of Goa. Following the Synod the See of Angamale was deprived of the governance of a Chaldean Prelate, and it was placed under the administration of a Latin-Rite Bishop, Francis Roz. The Archdeacon and the Chaldeo-Syrian leaders considered the innovations made by the Synod beyond endurance, and wanted the old order of things restored, especially after Dom Menezes had withdrawn from Malabar with all the royal splendour and military strength that surrounded him throughout his triumphant march across the country. Also the Syrians could not tolerate the view that "the Bishop of Guova (Goa) was the Bishop of Malabar and the whole of India" and "that no one without his

leave could interfere with the Christians of these parts", and "that those who went to minister the Sacraments to the Christians of Malabar without the leave of the Bishop of Goa were thieves who did not enter through the door to the sheep-pen." (Vide Antonio De Porto's letter to the King of Portugal. The Jesuits in Malabar, Vol I, p. 160).

Regardless of these pretensions of the Goan Archbishop the Syrians desired to get down Chaldean bishops from Babylon to rule over them and carried on negotiations for that purpose. Some of the missionaries from the West could not brook the presence of Chaldean Bishops in Malabar, though the latter gave the missionaries all possible facilities to work among the Malabar Syrians for their spiritual welfare. In this connection the following extract from a letter written to Fr. Acquaviva, General of the Society of Jesus, by Fr. Abraham di Georgio, S. J., in December 1593 is significant: "My Father, till now I have wandered throughout this Serra of San Thome, with other companions, administering the Sacraments etc., according to the good custom of the Society. The fruit we obtain among this people is very great, as can be gathered from the letters of Fr. Provincial, Francis Cabral etc. Yet I shall not cease to beg with all my heart and with tears that Your Paternity should deign to help the great needs of this poor Christian people, both in temporal and spiritual things; and chiefly (as Your Patenity knows well) that the Archbishop here is a heretical Nestorian and lives worse than a pagan, a beastly and carnal life. I leave Your Paternity to conclude what disciples and ministers he will leave after himself, and what kind of doctrine he will sow." (Ibid p 173).

The great volume of care and love bestowed on lhe Malabar Syrians by the European missionaries, be they Trinitarians, Franciscans, Dominicans or Jesuits, and their spiritual ministrations among them could not wean them of their deeprooted affection for their own Chaldean Bishop. The more the Prelates and Priests of the Latin Rite strove to alienate the Syrian community from the See of Babylon and from the Chaldean Rite, the stronger became their attachment to the Patriarchate of Babylon and their unwillingness to give up their traditional and time-honoured Chaldean Rite. Thus in 1653, more than half a century after the Synod of Diamper, in response to persistent demands from Malabar, a Chaldean Bishop wished to enter the Serra claiming authority from the Pope and the Patriarch of Babylon; and the Malabar Syrian community was eager to give him a hearty welcome into their midst. But the Portuguese authorities stood in their way; and troubles unprecedented in the annals of Christianity in India arose in consequence.

